# Kerala Government

## Kerala State Audit Department

**www.ksad.kerala.gov.in**

## Munnar Grama Panchayath

## Audit Report

## 2023-2024




**Kerala State Audit Department,**
**District Audit Office,**
**Idukki-685584**

**E-mail: doidk.ksad@kerala.gov.in**
**Phone: 04862-227332**

(Register Done with a handful of cards)

Number: KSAYDK/P5/1085/2024

Kerala State Audit Department,
District Audit Office,
Idukki-685584
Date: 13/12/2024
E-mail: doidk.ksad@kerala.gov.in
Phone: 04862-227332

Deputy Director

President (through Secretary)
Munnar Grama Panchayath

Sir,

**Subject: Munnar of the Gram Panchayat 2023-2024 Regarding the audit report of the financial year.**

Kerala Local Fund Audit Act, 1994 Section 13, Rule 18 of the Kerala Local Fund Audit Rules, 1996, (As per the provisions of the Kerala Panchayat Raj Act, 1994, Section 215(4)) Munnar of the Gram Panchayat 2023-2024 Audit of Financial Statements for the Financial Year The report is contained in Rule 23(1) of the Kerala Local Fund Audit Rules, 1996. The same is being forwarded enclosed, for further action as prescribed.

In this report To the paragraphs of Part 1 Attention is called. As soon as this report is received, the irregularities referred to herein shall be dealt with. Information to the responsible persons along with a copy of the said paragraphs You have to be dressed.

Within a month of receiving this report, the special The audit report should be discussed in detail in the meeting. A copy of the report and the decision taken thereon is available to the public. It should be published for attention. (Rule 14 and 15 of the Kerala Panchayat Raj - Inspection Procedure and Audit System Rules) See.

Within two months of receiving the report, Audit References/Obstacles Required to Avoid Involvement A report on the action to be taken It should be sent to this office within the stipulated time. (Local Fund Section 15(1) of the Audit Act, Rules 20 and 23, (Rule 21(1)(2) of the Kerala Panchayat Raj - Inspection and Audit System Rules, 1997) See also.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, ഇടുക്കി.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ഐ.ഡി.കെ./പി5/1085/2024 തീയ്യതി: 13/12/2024

# ഇടുക്കി ജില്ലയിലെ മൂന്നാർ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13** , **1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18**, (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ഇടുക്കി ജില്ലയിലെ മൂന്നാർ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 16-10-2023 മുതൽ 19-10-2024 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 43 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 20 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 26-10-2024 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി മിനു പി കെ | ഡെപ്യൂട്ടി ഡയറക്ടർ | 21-10-2024 | 26-10-2024 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 21-10-2024 | 26-10-2024 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീമതി മരുൺ മാത്യു , ഓഡിറ്റ് ഓഫീസർ
ശ്രീ സലീഷ് എം ജി,ഓഡിറ്റ് ഓഫീസർ
ശ്രീ എം കെ അഭിലാഷ് ,അസി.ഓഡിറ്റ് ഓഫീസർ
ശ്രീ സാമുവൽ രാജ് ആർ , അസി. ഓഡിറ്റ് ഓഫീസർ
ശ്രീമതി സ്വപ്ന വി, സീനിയർ ഓഡിറ്റർ
ശ്രീ ഡെന്നീസ് ജോസഫ് , ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. പ്രവീണ രവികുമാർ | പ്രസിഡന്റ് | 01-04-2023 | 13-07-2023 |
| ജ്യോതി സതീഷ്കുമാർ | പ്രസിഡന്റ് | 14-07-2023 | 14-02-2024 |
| ദീപ രാജ്കുമാർ | പ്രസിഡന്റ് | 15-02-2024 | 31-03-2024 |
| ശ്രീ. സഹജൻ കെ.എൻ | സെക്രട്ടറി | 01-04-2023 | 29-02-2024 |
| ശ്രീ. സനിൽ കുമാർ | സെക്രട്ടറി | 01-03-2024 | 31-03-2024 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| രാജൻ എം ആർ | അസി സെക്രട്ടറി | 01-04-2023 | 07-07-2023 |
| കൃഷ്ണ പിള്ള കെ പി | അസി സെക്രട്ടറി | 08-07-2023 | 24-08-2023 |
| സനിൽ കുമാർ | അസി സെക്രട്ടറി | 25-08-2023 | 31-03-2024 |
| ശ്രീ.ആശിഷ് ബാലകൃഷ്ണൻ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2023 | 23-07-2023 |

| | | | |
|---|---|---|---|
| ഷിബു ബി | അസിസ്റ്റന്റ് എഞ്ചിനീയർ | 24-07-2023 | 01-09-2023 |
| ദീപേഷ് നാഥ് | അസിസ്റ്റന്റ് എഞ്ചിനീയർ | 02-09-2023 | 31-03-2024 |
| ഡോ.അനിത അനൂപ് | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 01-04-2023 | 31-03-2024 |
| ഡോ. ശ്രീധരൻ കെ എസ് | മെഡിക്കൽ ഓഫീസർ ആയൂർവേദം | 01-04-2023 | 07-09-2023 |
| ഡോ. മെർലിൻ മർക്കോസ് | മെഡിക്കൽ ഓഫീസർ ആയൂർവേദം | 08-09-2023 | 31-03-2024 |
| ഡോ. ഷെറിൻ മേരി മാത്യു | മെഡിക്കൽ ഓഫീസർ സി എച്ച് സി | 01-04-2023 | 01-06-2023 |
| ഡോ. സജിൻ ജോൺ മാത്തുണ്ണി | മെഡിക്കൽ ഓഫീസർ സി എച്ച് സി | 02-06-2023 | 02-09-2023 |
| ഡോ. കെസ് ഡി സാം | മെഡിക്കൽ ഓഫീസർ സി എച്ച് സി | 03-09-2023 | 31-03-2024 |
| ശ്രീപ്രശോഭ് കെ പി | വി ഇ.ഒ മുന്നാർ | 01-04-2023 | 31-03-2024 |
| ശ്രീമതി അനു മോൾ അഗസ്റ്റിൻ | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2023 | 31-03-2024 |
| ഡോ. ആർ എസ് രാമസ്വാമി | വെറ്ററിനറി സർജൻ | 01-04-2023 | 31-05-2023 |
| ഡോ. ജി മീനമോൾ | വെറ്ററിനറി സർജൻ | 01-06-2023 | 11-01-2024 |
| ഡോ. അബിത ജെ സോമൻ | വെറ്ററിനറി സർജൻ | 12-01-2024 | 31-03-2024 |
| ശ്രീമതി ജയന്തി ജെ | കൃഷി ഓഫീസർ | 01-04-2023 | 31-03-2024 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | ആസ്തി ബാധ്യതാ കണക്കുകൾ കൃത്യമല്ല. | 1-1-1 |
| 3 | അക്കൗണ്ടിംഗ് ചട്ടപ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക ധനകാര്യ പത്രിക യോടൊപ്പം ഉൾപ്പെടുത്തിയിട്ടില്ല. | 1-1-2 |
| 4 | ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് കൃത്യമല്ല. | 1-1-3 |
| 5 | ഡെപ്പോസിറ്റ് രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല | 1-1-4 |
| 6 | ജേർണൽ എൻട്രികളിലൂടെ സമയബന്ധിതമായി ഡിമാന്റ് രേഖപ്പെടുത്തുന്നില്ല. | 1-1-5 |
| 7 | ജേണൽ വൗച്ചറുകളെ സാക്ഷ്യപ്പെടുത്തുന്ന രേഖകൾ ഇല്ല. | 1-1-6 |
| 8 | നികുതി, നികുതിയേതര വരുമാന സ്രോതസ്സുകളുടെ രജിസ്റ്ററിൽ ഡി സി ബി തയ്യാറാക്കിയിട്ടില്ല. | 1-1-7 |
| 9 | സംയുക്ത പ്രോജക്ടിനായി ലഭിച്ച ജില്ലാ പഞ്ചായത്ത് വിഹിതത്തിന്റെ വിശദവിവരം ലഭ്യമല്ല | 1-1-8 |
| 10 | ബാധ്യതാ തുകയുടെ വിവരം ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല. | 1-1-9 |
| 11 | ധനകാര്യ കമ്മീഷൻ ഗ്രാന്റ്-ടൈഡ് വാർഷിക ധനകാര്യ പത്രികയിലെ തുകയും സുലേഖ ചെലവു പത്രികയിലെ തുകയും പൊരുത്തപ്പെടുന്നില്ല | 1-1-10 |
| 12 | തൊഴിലുറപ്പ് പദ്ദതി- അഡ്മിന്സ്ട്രറ്റീവ് ചെലവ് പൊരുത്തപ്പെടുന്നില്ല. | 1-1-11 |
| 13 | ബാങ്ക് അക്കൗണ്ടുകളുടെ ഉദ്ദേശ്യം സാധൂകരിക്കുന്ന രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല | 1-1-12 |
| 14 | ബജറ്റ് | 1-2 |
| 15 | ഗ്രാന്റ് വിനിയോഗം | 1-3 |
| 16 | പദ്ധതി അവലോകനം | 1-4 |
| 17 | തൊഴിലുറപ്പ് പദ്ധതി | 1-5 |
| 18 | ക്ഷേമപെൻഷനുകൾ | 1-6 |
| 19 | ക്യാഷ് ബാലൻസ് പരിശോധന | 1-7 |
| 20 | ആഭ്യന്തര നിയന്ത്രണം | 1-8 |
| 21 | ചെക്കുകൾ ബാങ്കിൽ ക്രെഡിറ്റായില്ല. | 1-9 |
| 22 | റസീപ്റ്റ് ക്യാൻസൽ ചെയ്തത് അപ്രൂവ് ചെയ്യുന്നതിൽ കാലതാമസം | 1-10 |
| 23 | അനധികൃത കെട്ടിടത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനത്തിന് ലൈസൻസ് നൽകി | 1-11 |
| 24 | ട്രേഡർമാരുടെ ലൈസൻസ് /തൊഴിൽ നികുതി-വാർഡ് അടിസ്ഥാനത്തിലുള്ള ഡിമാന്റ് വിവരങ്ങൾ ലഭ്യമല്ല | 1-12 |
| 25 | കാലാവധി പരിമിതപ്പെടുത്തിയ/കാലഹരണപ്പെട്ട മലിനീകരണ നിയന്ത്രണ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ ലൈസൻസ് നൽകി. | 1-13 |
| 26 | തൊഴിൽ നികുതി ഈടാക്കുവാൻ അവശേഷിക്കുന്നു. | 1-14 |
| 27 | വാടക ഫയൽ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ | 1-15 |
| 28 | അനധികൃത ടവറുകൾക്കെതിരെ നടപടികൾ സ്വീകരിച്ചില്ല | 1-16-1 |
| 29 | നിർമാണ ചട്ടങ്ങൾ പാലിച്ചിട്ടില്ലാത്ത കെട്ടിടത്തിനെതിരെ നടപടി സ്വീകരിച്ചില്ല | 1-16 |
| 30 | ആയുർവ്വേദ സുഖ ചികിൽസാ കേന്ദ്രങ്ങളുടെ വസ്തു നികുതി ഈടാക്കിയതിൽ കുറവ് ₹70308/- | 1-17 |
| 31 | അനധികൃത കെട്ടിടങ്ങൾക്കെതിരെ നടപടി സ്വീകരിക്കുന്നില്ല | 1-18-1 |
| 32 | അനധികൃത കെട്ടിടങ്ങൾ -തുടർ നടപടി വിവരങ്ങൾ അറിയിക്കേണ്ടതാണ് | 1-18 |
| 33 | വസ്തു നികുതി പരിഷ്കരണം-മേഖല തരം തിരിക്കൽ, വിവരശേഖരണം, ഡാറ്റാ എൻട്രി നടപടികൾ പൂർത്തിയായില്ല | 1-19 |
| 34 | LIFE- പദ്ധതി ഭവന നിർമ്മാണത്തിനായി സ്ഥലം വാങ്ങുന്നതിൽ മാത്രം പദ്ധതി നിർവഹണം ഒതുങ്ങുന്നു. | 1-20 |
| 35 | ഐ.കെ.എം ൽ നിന്ന് വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല | 1-21 |
| 36 | ചെയ്യാത്ത പ്രവർത്തികൾക്ക് തുക അനുവദിച്ചു നഷ്ടം ₹20553/- | 1-22 |
| 37 | ചൊക്കനാട് പാലം, ഡി.പി.ആർ തയ്യാറാക്കൽ-വിഹിതം കൈമാറൽ- അപാകതകൾ | 1-23 |
| 38 | കല്ലാർ വേസ്റ്റ് ഡമ്പിംഗ് യാർഡിൽ അഗ്നിസുരക്ഷാ ഉപകരണങ്ങൾ സ്ഥാപിയ്ക്കൽ- അപാകതകൾ | 1-24 |
| 39 | പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിൽ CCTV ക്യാമറ സ്ഥാപിയ്ക്കൽ-അപാകതകൾ | 1-25 |
| 40 | മരാമത്ത് മേഖലയിൽ പ്രോജക്ടുകൾ ഭൂരിഭാഗവും നടപ്പിലാക്കിയില്ല- വകയിരുത്തിയ ഫണ്ടിൽ വൻ തുക ലാപ്സായി | 1-26 |
| 41 | ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയിട്ടില്ല. | 1-27 |
| 42 | മരാമത്ത് പ്രവർത്തികൾ മോണിറ്ററിംഗ് സംവിധാനം ഫലപ്രദമല്ല. | 1-28 |

| | | |
|---|---|---|
| 43 | മോഡുലാർ ടോയ്‌ലറ്റ് സ്ഥാപിക്കൽ-നാല് ടോയ്‌ലറ്റുകൾ സ്ഥാപിച്ചതിൽ 2 എണ്ണം പ്രവർത്തന രഹിതം | 1-29 |
| 44 | ലാപ്പ്ടോപ്പ്-(ജനറൽ) വാങ്ങിയതിലും വിതരണം ചെയ്തതിലും അപാകതകൾ | 1-30 |
| 45 | ലാപ്പ്ടോപ്പ്-(ജനറൽ) നിർവ്വഹണ ഉദ്യോഗസ്ഥയിൽ നിന്നും തിരികെ വാങ്ങിയ ലാപ്പ് ടോപ്പുകളുടെ വിവരങ്ങൾ ലഭ്യമല്ല.നഷ്ടം ₹89,800/- | 1-31 |
| 46 | വയോജനങ്ങൾക്ക് കട്ടിൽ-(ജനറൽ)-പദ്ധതി നടത്തിപ്പിലെ അപാകതകൾ-തടസ്സം-₹3,37,100/- | 1-32 |
| 47 | വയോജനങ്ങൾക്ക് കട്ടിൽ-ജനറൽ-(സ്പിൽ ഓവർ )അപാകതകൾ-തടസ്സം ₹445300/- | 1-33 |
| 48 | പോഷകാഹാര വിതരണ പദ്ധതികൾ -GST ഇനത്തിൽ ന്യൂട്രിമിക്സിന് അധിക നിരക്ക് നൽകി | 1-34 |
| 49 | ഇ-ടെണ്ടർ തുക തിരികെ ലഭിച്ചിട്ടില്ല | 1-35 |
| 50 | മൂന്നാർ സോൺ വേസ്റ്റ് മാനേജ്മെന്റ് - പദ്ധതി നടത്തിപ്പിലെ അപാകതൾ | 1-36 |
| 51 | തെരുവ് വിളക്ക് സ്ഥാപിക്കൽ, തെരുവ് വിളക്ക് മെയിന്റനൻസിനു വേണ്ട ഉപകരണങ്ങൾ വാങ്ങൽ- പ്രോജക്ടുകളിൽ അപാകതകൾ | 1-37 |
| 52 | കല്ലാർ യൂണിറ്റിൽ ബേയ്‌ലിംഗ് മെഷീൻ സ്ഥാപിയ്ക്കൽ- അപാകതകൾ | 1-38 |
| 53 | ഓഡിറ്റ് ഇംപാക്ട് | 1-39 |
| 54 | വയോജനങ്ങൾക്ക് കമ്പിളി (എസ്.സി.പി) -പദ്ധതി നടത്തിപ്പിലെ അപാകതകൾ | 1-40 |
| 55 | വാട്ടർ ടാങ്ക്(എസ്.സി.പി)-അപാകതകൾ | 1-41 |
| 56 | ആശ്രയ പദ്ധതി (എസ്.സി.പി)-രേഖകൾ ഹാജരാക്കിയിട്ടില്ല | 1-42 |
| 57 | വയോജനങ്ങൾക്ക് കട്ടിൽ(സ്പിൽ ഓവർ പ്രോജക്റ്റ്) (എസ്.സി.പി)-രേഖകൾ ഹാജരാക്കിയിട്ടില്ല | 1-43 |
| 58 | എസ്.സി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്-പദ്ധതി നടത്തിപ്പിലെ അപാകതകൾ | 1-44 |
| 59 | എസ്.സി വിവാഹധനസഹായം- അപാകതകൾ | 1-45 |
| 60 | ടെണ്ടർ നടപടിക്രമങ്ങൾ പാലിക്കാതെ വാങ്ങലുകൾ നടത്തുന്നു | 1-46 |
| 61 | എസ്.സി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 1-47 |
| 62 | സാമൂഹ്യസുരക്ഷാപെൻഷൻ- ഗുണഭോക്താക്കളുടെ മരണശേഷവും പെൻഷൻ വിതരണം തുടരുന്നു | 1-48 |
| 63 | ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ-യഥാസമയം മരുന്ന് ലഭ്യമാകുന്നില്ല | 1-49 |
| 64 | മഴക്കാലപൂർവ്വ ശുചീകരണം- ചെലവഴിക്കാത്ത തുകകൾ പഞ്ചായത്തു ഫണ്ടിൽ തിരിച്ചടക്കേണ്ടതാണ് | 1-50 |
| 65 | പച്ചക്കറി കൃഷി ടെറസിലും മുറ്റത്തും പദ്ധതി-അനുബന്ധരേഖകളില്ലാതെ ആനുകൂല്യം നൽകി | 1-51 |
| 66 | ഭവന നിർമ്മാണത്തിന് തനതുഫണ്ടിൽ നിന്നും കരാറുകാരന് സംഭാവന നൽകിയത് | 1-52 |
| 67 | ജൈവവളം വിതരണം പദ്ധതി-അപേക്ഷകളില്ലാതെ ആനുകൂല്യം നൽകി | 1-53 |
| 68 | ഇ.എസ്.ഐ ഹോസ്പിറ്റൽ മെയിന്റനൻസ്- അനുബന്ധരേഖകൾ പരിശോധനക്കായി ലഭ്യമാക്കിയിട്ടില്ല | 1-54 |
| 69 | ലൈഫ് ഭവന പദ്ധതി - ആദ്യ ഗഡു കൈപ്പറ്റിയിട്ടും ഭവന നിർമ്മാണം ആരംഭിച്ചിട്ടില്ല. | 1-55 |
| 70 | തനതു ഫണ്ട് വൗച്ചറുകൾ- കൃത്യത ഉറപ്പാക്കാനാകുന്നില്ല | 1-56 |
| 71 | വായ്പ ഇല്ലാതെ - വായ്പ തുക തിരിച്ചടക്കുന്നു. | 1-57 |
| 72 | ഹരിത കർമ്മ സേന-പ്രവർത്തനാവലോകനം | 1-58 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| 1 | ലാപ്പ്ടോപ്പ്-(ജനറൽ) നിർവ്വഹണ ഉദ്യോഗസ്ഥയിൽ നിന്നും തിരികെ വാങ്ങിയ ലാപ്പ് ടോപ്പുകളുടെ വിവരങ്ങൾ ലഭ്യമല്ല.നഷ്ടം ₹₹89,800/- | 3-1 |
| 2 | ചെയ്യാത്ത പ്രവർത്തികൾക്ക് തുക അനുവദിച്ചു നഷ്ടം ₹20553/- | 3-2 |
| 3 | പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിൽ CCTV ക്യാമറ സ്ഥാപിയ്ക്കൽ-അപാകതകൾ | 3-3 |
| 4 | കല്ലാർ യൂണിറ്റിൽ ബേയ്‌ലിംഗ് മെഷീൻ സ്ഥാപിയ്ക്കൽ- അപാകതകൾ | 3-4 |
| **ഭാഗം 4** | | |
| 1 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 4 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 5 | സ്ഥിരനിക്ഷേപം | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-7 |
| 8 | ചാർജ് സർചാർജ് സർട്ടിഫിക്കറ്റിന്റെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |

| | | |
|---|---|---|
| 10 | തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

കേരള പഞ്ചായത്ത് രാജ് ആക്ട് 1994-ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെൻറ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 22-06-2024-ലെ 9(1)-ാം നമ്പർ കമ്മിറ്റി തീരുമാന പ്രകാരം തയ്യാറാക്കി 28.06.2024-ൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള മൂന്നാർ ഗ്രാമപ്പഞ്ചായത്തിന്റെ 2024 മാർച്ച് 31-ന് അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും, 31-03-2024 വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്തീരാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii. C & AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റ് മാനദണ്ഡങ്ങളും C & AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങളും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്തു് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും, വെളിപ്പെടുത്തലുകളും, പിന്തുണയ്ക്കുന്ന തെളിവുകളും, പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും, അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളുടെയും, നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

### വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി മൂന്നാർ ഗ്രാമപഞ്ചായത്തിന്റെ 2023-24 വർഷത്തെ വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

തൊടുപുഴ
തീയതി : 11.12.2024

ഡെപ്യൂട്ടി ഡയറക്ടർ
ഇടുക്കി

## 1-1-1 ആസ്തി ബാധ്യതാ കണക്കുകൾ കൃത്യമല്ല.

സിംഗിൾ എൻട്രി അക്കൌണ്ടിംഗ് സംവിധാനത്തിൽ നിന്നും ഡബിൾ എൻട്രി അക്കൌണ്ടിംഗ് സംവിധാനത്തിലേയ്ക്ക് മാറിയ ഘട്ടത്തിൽ ആസ്തി ബാധ്യതകൾ കൃത്യമായി നിർണ്ണയിക്കാതിരുന്നതിനാലും തുടർന്ന് കാലികമാക്കാതിരുന്നതിനാലും ബാലൻസ്ഷീറ്റിലെ ആസ്തിബാധ്യത കണക്കുകൾ കൃത്യമല്ല

**1-1-2 അക്കൗണ്ടിംഗ് ചട്ടപ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക ധനകാര്യ പത്രിക യോടൊപ്പം ഉൾപ്പെടുത്തിയിട്ടില്ല.**

2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് റൂൾസ് 62(2)(ഇ) (എഫ്)എന്നിവ പ്രകാരം വാർഷിക ധനകാര്യ പത്രികയോടൊപ്പം സമർപ്പിക്കേണ്ട, പ്രധാനപ്പെട്ട അക്കൗണ്ടിങ്ങ് നയങ്ങൾ, കണ്ടിജന്റ് ബാധ്യതകൾ, ധനസഹായ റിപ്പോർട്ടുകൾ, മറ്റ് വെളിപ്പെടുത്തലുകൾ തുടങ്ങിയവ ഉൾപ്പെടുന്ന കുറിപ്പുകൾ അടിസ്ഥാന അനുപാതങ്ങൾ എന്നിവ വാർഷിക ധനകാര്യ പത്രികയുടെ ഭാഗമാക്കിയിട്ടില്ല.

**1-1-3 ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് കൃത്യമല്ല.**

ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2023-24 കാലയളവിലെ "Net Increase/Decrease In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് ₹4229365/- ആണ്. എന്നാൽ ഇതേ പത്രികയിൽ 2023-24 കാലയളവിൽ "Net Cash Generated By Operating + Investing + Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് ₹806346/- ആണ്. അംഗീകരിക്കപ്പെട്ട അക്കൌണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകളും പൊരുത്തപ്പെടുന്നില്ല.

**1-1-4 ഡെപ്പോസിറ്റ് രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല**

ഡെപ്പോസിറ്റ് രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല. അതിനാൽ തനത് ഫണ്ടിൽ വരവുള്ളതും വൗച്ചറുകൾ പ്രകാരം റീഫണ്ട് നൽകിയിട്ടുള്ളതുമായ ഡെപ്പോസിറ്റുകളുടെ വിവരവും ഈയിനത്തിൽ ബി-7 ഷെഡ്യൂളിൽ നീക്കിയിരിപ്പായി രേഖപ്പെടുത്തിയിട്ടുള്ള തുകയുടെ കൃത്യതയും തുക ഡെപ്പോസിറ്റ് ചെയ്ത വ്യക്തികളുടെ പേരു വിവരങ്ങളും ഓഡിറ്റിൽ പരിശോധിക്കാനായില്ല.

**1-1-5 ജേർണൽ എൻട്രികളിലൂടെ സമയബന്ധിതമായി ഡിമാന്റ് രേഖപ്പെടുത്തുന്നില്ല.**

അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങളായ വസ്തുനികുതി, തൊഴിൽനികുതി ട്രേഡേർസ് തുടങ്ങിയവ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സ്മെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന രേഖപ്പെടുത്തണമെന്ന് കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2) ൽ നിഷ്കർഷിച്ചിട്ടുണ്ട്. വർഷാരംഭത്തിൽ പ്രതീക്ഷിത വരവിനനുസരിച്ചും സമയാസമയങ്ങളിൽ ഡിമാന്റിലുണ്ടാവുന്ന വ്യത്യാസത്തിനനുസരിച്ചും ജേർണൽ എൻട്രികളിലൂടെ സമയബന്ധിതമായി ഡിമാന്റ് രേഖപ്പെടുത്തുന്നില്ല.

**1-1-6 ജേണൽ വൗച്ചറുകളെ സാക്ഷ്യപ്പെടുത്തുന്ന രേഖകൾ ഇല്ല.**

ഇൻകം&എക്പെൻഡീച്ചർ അക്കൗണ്ട് (ഐ-18,19) പ്രകാരം ജേർണ്ണൽ വൗച്ചർ പ്രകാരം എഴുതി തള്ളിയ തുകകൾക്കും, വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും, തിരുത്തൽ എൻട്രികൾക്കും അംഗീകരികരിക്കപ്പെട്ട വൗച്ചറുകളൊ രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക് ഷീറ്റുകളൊ ഓഡിറ്റിന് ലഭ്യമാക്കിയില്ല, അതോടൊപ്പം താഴെ ചേർത്തിരിക്കുന്ന ലെഡ്ജർ പ്രകാരമുള്ള രേഖകൾ നിയമാനുസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പുവരുത്തുന്നതിന് കഴിഞ്ഞിട്ടില്ല.

| ഹെഡ് നം | ജേണൽ വൗച്ചർ നം /തീയതി | തുക |
|---|---|---|
| 320100162 | 42301626/ 31.3.24 | 412914 |
| 320100203 | 42301546/ 31.3.24 | 24283 |
| 320400199 | 42301623 /31.3.24 | 3688 |
| | 42301625 /31.3.24 | 273748 |
| 320200304 | 42301632/ 31.3.24 | 89748 |
| 320300199 | 42301624/ 31.3.24 | 5563 |

**1-1-7 നികുതി, നികുതിയേതര വരുമാന സ്രോതസ്സുകളുടെ രജിസ്റ്ററിൽ ഡി സി ബി തയ്യാറാക്കിയിട്ടില്ല.**

ആഭ്യന്തരനിയന്ത്രണം ഫലപ്രദമാക്കുന്നതിന് കൈയ്യെഴുത്തായി സൂക്ഷിക്കുന്ന എല്ലാ വരവ് രജിസ്റ്ററുകളും ഡിമാന്റ് അടിസ്ഥാനത്തിലും പേജ് അടിസ്ഥാനത്തിലും തുക കണക്കാക്കുകയും മാസാന്ത്യത്തിൽ ക്ലോസ് ചെയ്ത് അതാത് ലെഡ്ജറുകളുമായി പൊരുത്തപ്പെടുത്തി, വർഷാന്ത്യത്തിൽ സംക്ഷിപ്തം രേഖപ്പെടുത്തി, സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ് (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം58(2)(ഇ),(ജി)). നിലവിൽ ഓഡിറ്റിന് ഹാജരാക്കിയ തൊഴിൽ നികുതി, ലൈസൻസ് ഫീസ്, വാടക എന്നിവയുടെ രജിസ്റ്ററുകൾ ഇപ്രകാരം കൃത്യമായി സൂക്ഷിക്കുന്നില്ല.

**1-1-8 സംയുക്ത പ്രോജക്ടിനായി ലഭിച്ച ജില്ലാ പഞ്ചായത്ത് വിഹിതത്തിന്റെ വിശദവിവരം ലഭ്യമല്ല**

വാർഷിക ധനകാര്യപത്രിക ബി4 ഷെഡ്യൂളിൽ 320700405 എന്ന ശീർഷകത്തിൽ മുൻവർഷങ്ങളിൽ സംയുക്ത പ്രോജക്ടിനായി ലഭിച്ച ജില്ലാപഞ്ചായത്ത് വിഹിതം ₹402704/- നീക്കിയിരിപ്പുണ്ട്. ഈ തുക ഏതെല്ലാം പ്രോജക്ടുകൾക്കായി ലഭിച്ചിട്ടുള്ളതാണെന്ന വിവരം ലഭ്യമല്ല.

**1-1-9 ബാധ്യതാ തുകയുടെ വിവരം ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.**

എസ് ബി ഐ യുടെ 67093294710 നമ്പർ അക്കൗണ്ടിൽ ₹277436/- യും ഫെഡറൽ ബാങ്കിലെ 10100200008080 നമ്പർ അക്കൗണ്ടിൽ ₹31259/- യും കേരള ബാങ്കിലെ 120051201200017 നമ്പർ അക്കൗണ്ടിൽ ₹52328/- യും നീക്കിയിരിപ്പുണ്ട്. പ്രസ്തുത തുകകളുടെ ബാധ്യത 2023-24 വർഷത്തെ ബാലൻസ് ഷീറ്റിലെ B-4 പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല. പ്രസ്തുത തുകകൾ ഏത് വർഷം ഏത് ആവശ്യത്തിനായി ലഭിച്ചിട്ടുള്ളതാണെന്ന വിവരം അറിയിക്കേണ്ടതാണ്.

**1-1-10 ധനകാര്യ കമ്മീഷൻ ഗ്രാന്റ്-ടൈഡ് വാർഷിക ധനകാര്യ പത്രികയിലെ തുകയും സുലേഖ ചെലവു പത്രികയിലെ തുകയും പൊരുത്തപ്പെടുന്നില്ല**

ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഇനത്തിൽ ഐ 6 ഷെഡ്യൂളിൽ രേഖപ്പെടുത്തിയ തുകയും അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ, സുലേഖ സോഫ്റ്റ്‌വെയർ ആപ്ലിക്കേഷനിൽ നിന്നുള്ള ചെലവു പത്രിക എന്നിവയിൽ രേഖപ്പെടുത്തിയ തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| എ എഫ് എസ് പ്രകാരം ചെലവ് | സുലേഖ/ഗ്രാന്റ് സ്റ്റേറ്റുമെന്റ് പ്രകാരം ചെലവ് | എ സി ആർ പ്രകാരം ചെലവ് |
|---|---|---|
| 5080679 | 3592227 | 3716375 |

**1-1-11 തൊഴിലുറപ്പ് പദ്ധതി- അഡ്മിനിസ്ട്രേറ്റീവ് ചെലവ് പൊരുത്തപ്പെടുന്നില്ല.**

തൊഴിലുറപ്പ് പദ്ധതിയുടെ അഡ്മിനിസ്ട്രേറ്റീവ് ചെലവ് ജേണൽ വൗച്ചർ നം 42301685 തീ 31.3.24 പ്രകാരം ₹700,000/- ആയിരിക്കെ വാർഷികകണക്ക് ഐ 14(F)പ്രകാരം തൊഴിലുറപ്പ് പദ്ധതിയുടെ അഡ്മിനിസ്ട്രേറ്റീവ് ചെലവ് ₹512739/- ആണെന്ന് കാണുന്നു.

**1-1-12 ബാങ്ക് അക്കൗണ്ടുകളുടെ ഉദ്ദേശ്യം സാധൂകരിക്കുന്ന രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല**

ബാലൻസ് ഷീറ്റ് പ്രകാരം എസ്.ബി.ഐ. അക്കൗണ്ട് നം.61917 ൽ ₹92,201/- യും ഫെഡറൽ ബാങ്ക് ഹൗസിംഗ് -8080 പ്രകാരം ₹31259/- യും ബാലൻസുണ്ട്. എന്നാൽ പ്രസ്തുത അക്കൗണ്ടിലെ തുകകൾ ഏതാവശ്യത്തിനു ലഭിച്ചതാണെന്ന് വ്യക്തമാക്കുന്ന രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

**1-2 ബജറ്റ്**

ഗ്രാമപഞ്ചായത്തിന്റെ 2023-24 വർഷത്തെ ബജറ്റ് അവതരണം, അംഗീകാരം എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | തീരുമാന നമ്പർ /തീയതി |
|---|---|
| ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അംഗീകാരം | 2(1)/6-3-2023 |

| ഭരണസമിതി അംഗീകാരം | 12(1)/24-3-2023 |
|---|---|
| ഇനം | ബജറ്റ് പ്രകാരം |
| മുന്നിരിപ്പ് | 3440503 |
| വരവ് | 373027000 |
| ആകെ | 376467503 |
| ചെലവ് | 371307000 |
| നീക്കിയിരിപ്പ് | 5160503 |

## 1-3 ഗ്രാന്റ് വിനിയോഗം

| ഇനം | മുൻബാക്കി ₹ | അലോട്ട്മെന്റ് വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കിയിരിപ്പ്/ ലാപ്സായ തുക ₹ |
|---|---|---|---|---|---|
| വികസനഫണ്ട് – പൊതുവിഭാഗം | 0 | 42518762 | 42518762 | 34494960 | 8023802 |
| വികസനഫണ്ട് – എസ്.സി.പി. | 0 | 40156000 | 40156000 | 31184158 | 8971842 |
| വികസനഫണ്ട് – റ്റി.എസ്.സി.പി. | 0 | 3586000 | 3586000 | 0 | 3586000 |
| കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Tied) | 7679464 | 5285500 | 12964964 | 5080679 | 7884285 |
| കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Untied) | 4689984 | 7445138 | 12135122 | 3038886 | 9096236 |
| മെയിന്റനൻസ് ഗ്രാന്റ് - റോഡിതരം | 0 | 2716600 | 2716600 | 2716600 | 0 |
| മെയിന്റനൻസ് ഗ്രാന്റ് - റോഡ് | 0 | 705350 | 705350 | 0 | 705350 |
| എസ്.എസ്.എ – 320100162 | 407344 | 11133 (5563+ 5570) | 418477 | | 418477 |
| പൈക്ക – 450210101 | 270055 | 7381 (പലിശ) | 277436 | - | 277436 |
| ഐ.സി.ഡി.എസ് 320100196 | | 1026199 | 1026199 | 1026199 | 0 |
| സ്വച്ഛ് ഭാരത് അഭിയാൻ320100174 | | 1450960 | 1450960 | 1450960 | 0 |
| ഹെൽത്ത് ഗ്രാന്റ് – 320100202 | 565284 | 1013424 | 1578708 | 10460 | 1568248 |
| ഹെൽത്ത് ഗ്രാന്റ് – 320100203 | | 3625911 | 3625911 | - | 3625911 |
| ഹെൽത്ത് ഗ്രാന്റ് – 320100204 | 329712 | 418821 | 748533 | 120113 | 628420 |
| സോളിഡ് വെസ്റ്റ് മാനേജ്മെന്റ് 320200304 | | 90974 (1226+89748) | 90974 | | 90974 |

**സ്രോതസിൽ നിന്നും കുറവ് ചെയ്ത തുകയുടെ വിശദാംശങ്ങൾ**

| ഫണ്ട് | ലൈഫ് ലോൺ ₹ | അംഗൻവാടി ഹോണറേറിയം ₹ | ആകെ ₹ |
|---|---|---|---|
| വികസനഫണ്ട് ജനറൽ | | 1138800 | 1138800 |
| വികസനഫണ്ട് എസ് സി പി | 432442 | | 432442 |

1-3-1 ലാപ്സായ തുകയുടെ വിശദാംശങ്ങൾ

15.07.2021-ലെ സ.ഉ. (കൈ) നം. 79/2021 ധന പ്രകാരം 2023-24 സാമ്പത്തിക വർഷം അനുവദിച്ച ഫണ്ടിന്റെ 80% ൽ കുറയാതെ ചെലവഴിക്കാത്ത പക്ഷം അനുവദിച്ച തുകയുടെ പരമാവധി 20% മാത്രമെ അടുത്ത സാമ്പത്തിക വർഷം ക്യാരി ഓവർ ചെയ്യാൻ അനുമതിയുള്ളൂ. അതിനാൽ ചുവടെ ചേർത്തിരിക്കുന്ന പ്രകാരം പഞ്ചായത്തിന് നഷ്ടമുണ്ടായിട്ടുണ്ട്.

| ഫണ്ടിനം | വരവ് | ചെലവ് | തൻവർഷം ചെലവ് ചെയ്യേണ്ടിയിരുന്ന തുക 80% | തൻവർഷം 80% ചെലവില്ലാത്തതിനാൽ ലാപ്സായതും 2025-26 വർഷം കുറവ് ചെയ്യുന്നതുമായ തുക |
|---|---|---|---|---|
| വികസനഫണ്ട്- പട്ടികജാതി വിഭാഗം | 40156000 | 31184158 | 3212480 | 940642 |
| വികസന ഫണ്ട്- ടി.എസ്.പി | 358600 | 0 | 286880 | 286880 |
| മെയിന്റനൻസ് ഗ്രാന്റ് - റോഡ് | 705350 | 0 | 564280 | 564280 |

## 1-4 പദ്ധതി അവലോകനം

2023-24 സാമ്പത്തിക വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ ₹ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് ₹ | ചെലവ് ശതമാനം |
|---|---|---|---|---|
| 187 | 220864138 | 101 | 89315630 | 54% |

## എ. വിവിധ നിർവഹണ ഉദ്യോഗസ്ഥരുടെ ചെലവ് വിവരം

| നിർവഹണ ഉദ്യോഗസ്ഥൻ | ആകെ പദ്ധതികൾ | നടപ്പാക്കിയ പദ്ധതികൾ | അടങ്കൽ (₹) | ചെലവ്(₹) | ചെലവ് ശതമാനം |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 11 | 7 | 5134650 | 3119077 | 60.75 |
| വെറ്ററിനറി സർജൻ | 9 | 6 | 12495000 | 5272841 | 42.20 |
| മെഡിക്കൽ ഓഫീസർ (ആരോഗ്യം) | 13 | 7 | 5268581 | 1661567 | 31.54 |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | 3 | 3 | 380000 | 305469 | 80.39 |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | 2 | 2 | 750000 | 750000 | 100.00 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 10 | 5 | 71664000 | 22043360 | 30.76 |
| ഐ. സി. ഡി. എസ് . സൂപ്പർവൈസർ | 9 | 7 | 10514030 | 7521596 | 71.54 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 1 | 1 | 2400000 | 1963778 | 81.82 |
| സെക്രട്ടറി | 46 | 26 | 56363972 | 21752212 | 38.59 |
| ഹെഡ് മാസ്റ്റർ ഗവ. എൽ.പി സ്കൂൾ | 5 | 5 | 4440000 | 4229291 | 95.25 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 68 | 24 | 38283055 | 8272868 | 21.61 |
| അസിസ്റ്റന്റ് സെക്രട്ടറി | 10 | 8 | 13170850 | 12423571 | 94.33 |
| ആകെ | 187 | 101 | 220864138 | 89315630 | 54% |

## ബി. മേഖലാടിസ്ഥാനത്തിലുള്ള ചെലവ് വിവരം

| മേഖല | വിഭാഗം | ആകെ പദ്ധതികൾ | അടങ്കൽ ₹ | ചെലവ് ₹ | ചെലവ് ശതമാനം |
|---|---|---|---|---|---|
| ഉൽപാദനം | പൊതു വിഭാഗം | 15 | 14589650 | 5680039 | 38.93 |
| | പട്ടിക ജാതി | 7 | 5740000 | 4583650 | 79.85 |
| | പട്ടിക വർഗ്ഗം | 1 | 400000 | 0 | 0.00 |
| | ആകെ | 23 | 20729650 | 10263689 | 49.51 |
| സേവനം | പൊതു വിഭാഗം | 94 | 133905555 | 40815930 | 30.48 |
| | പട്ടിക ജാതി | 19 | 35243480 | 30490991 | 86.52 |
| | പട്ടിക വർഗ്ഗം | 1 | 253300 | 0 | 0.00 |
| | ആകെ | 114 | 169402335 | 71306921 | 42.09 |
| പശ്ചാത്തലം | പൊതു വിഭാഗം | 30 | 20042016 | 6266547 | 31.27 |
| | പട്ടിക ജാതി | 20 | 10690137 | 1478473 | 13.83 |
| | ആകെ | 50 | 30732153 | 7745020 | 25.20 |
| ഒട്ടാകെ | | 187 | 220864138 | 89315630 | 54% |

## സി. പ്രത്യേക ഘടക പദ്ധതി ചെലവ് വിവരം

| ഘടകം | ആകെ പദ്ധതി | നടപ്പാക്കിയ പദ്ധതി | അടങ്കൽ ₹ | ചെലവ് ₹ | ചെലവ് ശതമാനം |
|---|---|---|---|---|---|
| വനിതാ ഘടകം | 8 | 5 | 12390000 | 5101500 | 41.17 |
| കുട്ടികൾ | 5 | 5 | 9690000 | 9467291 | 97.70 |
| വൃദ്ധർ | 6 | 4 | 4297780 | 3074475 | 71.54 |
| ഭിന്നശേഷിക്കാർ | 1 | 1 | 300000 | 132619 | 44.21 |
| പാലിയേറ്റീവ് കെയർ | 2 | 2 | 599570 | 566195 | 94.43 |
| അതിദരിദ്ര്യർക്ക് മൈക്രോപ്ലാൻ | 2 | 0 | 150000 | 0 | 0.00 |
| പ്രാദേശിക വികസന സാമ്പത്തിക പദ്ധതി | 1 | 0 | 100000 | 0 | 0.00 |
| ദുരന്ത മാനേജ്മെന്റ് | 1 | 0 | 50000 | 0 | 0.00 |
| കാലാവസ്ഥാ വ്യതിയാനം | 1 | 0 | 50000 | 0 | 0.00 |
| ആകെ | 27 | 17 | 27627350 | 18342080 | 66.39 |

## 1-5 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| ഭരണചെലവുകൾ | 16418 | 714770 | 731188 | 70000 | 31188 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | | 45888000 | 45888000 | 45888000 | |

തൊഴിലുറപ്പ് പദ്ധതിയുടെ അഡ്മിനിസ്ട്രേറ്റീവ് ചെലവ് ജേണൽ വൗച്ചർ നം 42301685 തീ 31.3.24 പ്രകാരം ₹700,000/- ആയിരിക്കെ വാർഷികകണക്ക് ഐ 14(F)പ്രകാരം തൊഴിലുറപ്പ് പദ്ധതിയുടെ അഡ്മിനിസ്ട്രേറ്റീവ് ചെലവ് ₹512739/- ആണെന്ന് കാണുന്നു.

## 1-6 ക്ഷേമപെൻഷനുകൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക ₹ | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷക തൊഴിലാളി പെൻഷൻ | -- | -- |
| വിധവാ പെൻഷൻ | 9194200 | 913 |
| വാർദ്ധക്യകാല പെൻഷൻ | 35708600 | 3282 |
| വികലാംഗ പെൻഷൻ | 3396100 | 303 |
| 50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 110400 | 9 |

## 1-7 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 22.10.2024 ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹4000/- യുടെ ക്യാഷ് ബാലൻസ് കൃത്യത ബോദ്ധ്യപ്പെട്ടു.

## 1-8 ആഭ്യന്തര നിയന്ത്രണം

മനുഷ്യ വിഭവശേഷിയുടെ ഫലപ്രദമായ വിനിയോഗം ഉറപ്പുവരുത്തുവാൻ കാര്യക്ഷമമായ ആഭ്യന്തര നിയന്ത്രണ സംവിധാനം സ്ഥാപനത്തിൽ പ്രവർത്തന സജ്ജമാക്കേണ്ടത് അനിവാര്യമാണ്. അധികാര – ഉത്തരവാദിത്ത ബന്ധങ്ങളെ കൃത്യമായി നിർവ്വചിച്ചുകൊണ്ടുള്ള ഉദ്യോഗസ്ഥ സംഘടനാ സംവിധാനം, ശക്തവും കാര്യക്ഷമവുമായ മേൽനോട്ടത്തിൽ ചുമതലാ നിർവ്വഹണം, നിർദ്ദേശങ്ങളുടെയും ആശയങ്ങളുടെയും കാര്യക്ഷമമായ വിനിമയം, കൃത്യമായ ഇൻഡക്ഷിങ്ങ് സംവിധാനത്തോടെയും സുരക്ഷിതവും സുഗമവുമായ രീതിയിലുള്ള രേഖകളുടെ സൂക്ഷിപ്പ് എന്നിവയോടൊപ്പം പൊതുജനങ്ങളോടുള്ള അക്കൗണ്ടബിലിറ്റി ഉറപ്പുവരുത്തൽ എന്നിവയാണ് ഫലപ്രദമായ ആഭ്യന്തര നിയന്ത്രണ സംവിധാനത്തിന്റെ അടിസ്ഥാനം.

ഓഫീസ് ഉത്തരവ് മുഖേന ജീവനക്കാർക്ക് ജോലി വിഭജിച്ച് നൽകിയിട്ടുണ്ട്. കൃത്യമായ ഇടവേളകളിൽ ജോലി വിലയിരുത്തി മേൽനോട്ട ചുമതലയുള്ളവർ മോണിറ്ററിംഗ് നടത്തേണ്ടതാണ്. സ്റ്റോക്ക് രജിസ്റ്റർ, മുൻകൂർ രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ തുടങ്ങിയവ കാലികമായി എഴുതി സൂക്ഷിക്കുകയോ സാമ്പത്തിക വർഷാവസാനം പരിശോധിച്ച് സെക്രട്ടറി സാക്ഷ്യപ്പെടുത്തുകയോ ചെയ്യുന്നില്ല. നികുതി നികുതിയേതര വരവുകളുടെ രജിസ്റ്ററിൽ ഡി സി ബി തയ്യാറാക്കിയിട്ടില്ല. ആസ്തികളുടെയും സ്റ്റോറുകളുടെയും വാർഷിക ഭൗതിക പരിശോധനയും നടത്തുന്നില്ല. 19-ാം വാർഡിന്റെ അസസ്മെന്റ് രജിസ്റ്റർ കാണാതായതിന് നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ട് മൂന്നാർ പോലീസ് സ്റ്റേഷനിൽ 23.10.24 ന് ( 400538/GGDCO8/GPO/2024/5068(1) ) പരാതി നല്കാനിടയായതും നിർവ്വഹണ ഉദ്യോഗസ്ഥ പഞ്ചായത്തിൽ തിരികെ ഏൽപ്പിച്ച ലാപ്ടോപ്പുകൾ കാണാതായതും (ഖണ്ഡിക 1-31) വായ്പ എടുക്കാത്ത സാഹചര്യത്തിൽ വായ്പ തിരിച്ചടവിനത്തിൽ തുക പിൻവലിച്ചിട്ടും യാതൊരു നടപടിയും സ്വീകരിക്കാതിരുന്നതും സ്ഥാപനത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനത്തിന്റെ പോരായ്മയിലേയ്ക്കാണ് വിരൽ ചൂണ്ടുന്നത്.

വാർഷിക പദ്ധതി ബജറ്റുമായി സംയോജിപ്പിച്ചിട്ടില്ല. പ്രതിമാസ വരവ്-ചെലവ് കണക്ക് അംഗീകരിക്കുമ്പോൾ കണക്കുകളുമായി ബന്ധപ്പെട്ട രേഖകളും രജിസ്റ്ററുകളും ഫയലുകളും കൃത്യമായി സൂക്ഷിക്കുന്നുണ്ടോയെന്നും ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തുന്നുണ്ടൊയെന്നും കൃത്യമായ

ഉത്തരവുകളുടെയും രേഖകളുടെയും അടിസ്ഥാനത്തിലാണ് തുക ചെലവഴിക്കുന്നതെന്നും ബജറ്റ് പ്രൊവിഷന് അനുസൃതമായിട്ടാണ് ചെലവഴിക്കുന്നതെന്ന് ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ഉറപ്പ് വരുത്തുന്നില്ല. ധനമാനേജ്മെന്റിന് അടിസ്ഥാനമായ ബജറ്റ് തയ്യാറാക്കുന്നതിൽ നിയമപ്രകാരമുള്ള നടപടികൾ പാലിക്കുന്നതിൽ പഞ്ചായത്തിന് വീഴ്ച ഉണ്ടായിട്ടുണ്ട്.

കേരള ഫിനാൻഷ്യൽ കോഡ് ആർട്ടിക്കിൾ 123, 124 എന്നിവ പ്രകാരം ഓരോ സാമ്പത്തിക വർഷത്തിന്റെ അവസാനവും അടുത്ത സാമ്പത്തിക വർഷത്തേക്ക് വാങ്ങേണ്ട സാധനങ്ങളുടെ കണക്കെടുപ്പ് മുൻകൂട്ടി നടത്തണമെന്നും അതനുസരിച്ച് ഇൻഡന്റ് തയ്യാറാക്കണമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. 08.11.2010-ലെ സ.ഉ.(അ)259/2010/തസ്വഭവ. പ്രകാരം പുറപ്പെടുവിച്ച തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗരേഖ പ്രകാരം വാങ്ങേണ്ടി വരുന്ന സാധനങ്ങളുടെയും സേവനങ്ങളുടെയും മൊത്തത്തിലുള്ള കണക്കെടുപ്പ് സാമ്പത്തിക വർഷാരംഭത്തിൽത്തന്നെ നടത്തണം (2.3.(B). എന്നാൽ, വാങ്ങേണ്ട സാധനങ്ങളുടെ കണക്കെടുപ്പ് നടത്തിയിട്ടില്ല.

സമാനമായ വിവിധ വാങ്ങൽ പ്രോജക്ടുകൾ ഒറ്റ പ്രോജക്ടായി ആവിഷ്കരിക്കാതെ പല പ്രോജക്ടുകളായി ആണ് ആവിഷ്കരിച്ചിട്ടുള്ളത്. വാങ്ങേണ്ടി വരുന്ന സാധനങ്ങളുടെയും സേവനങ്ങളുടെയും മൊത്തത്തിലുള്ള കണക്കെടുപ്പ് വാർഷാരംഭത്തിൽ തന്നെ നടത്തി സമാഹരണം നടത്തുവാൻ പ്രൊക്യുർമെന്റ് കമ്മിറ്റി ശ്രദ്ധിക്കുന്നില്ല.

ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി യോഗങ്ങളിൽ നികുതി പിരിവ് അവലോകനം നടത്താറുണ്ടെങ്കിലും തനതു വരുമാന വർദ്ധനവിന് ഉതകുന്ന രീതിയിലുള്ള നിർദ്ദേശങ്ങളോ മറ്റ് വരുമാന സ്രോതസ്സുകളെപ്പറ്റിയുള്ള ചർച്ചകളോ ഉണ്ടായിട്ടില്ല.

മുൻകാല ഓഡിറ്റ് റിപ്പോർട്ടുകളിലെ ഓഡിറ്റ് പരാമർശങ്ങളും മറ്റ് തടസ്സങ്ങളും പരിഹരിക്കുന്നതിന് നടപടികൾ കൈക്കൊണ്ടിട്ടില്ല. തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളിലെ പരാമർശങ്ങൾക്ക് മറുപടി ലഭ്യമാക്കുന്നതിനും ഗ്രാമപഞ്ചായത്ത് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-9 ചെക്കുകൾ ബാങ്കിൽ ക്രെഡിറ്റായില്ല.

റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന ചെക്കുകൾ കളക്ഷന് നൽകി മാസങ്ങൾ കഴിഞ്ഞിട്ടും ബാങ്ക് അക്കൗണ്ടിൽ വരവ് വന്നിട്ടില്ലായെന്ന് കാണുന്നു. 31.07.2024 ലെ ബാങ്ക് റീകൺസിലിയേഷൻ പ്രകാരം ബാങ്കിൽ വരവ് വരാൻ അവശേഷിക്കുന്ന ചെക്കുകളുടെ വിവരം ചുവടെ ചേർക്കുന്നു.

1) കേരള ബാങ്ക് (നം.00013)

| ക്രമ നം. | ചെക്ക്/ഇൻസ്ട്രുമെന്റ് തീയതി | ചെക്ക് / ഇൻസ്ട്രുമെന്റ് നമ്പർ | തുക(₹) |
|---|---|---|---|
| 1 | 18-03-2023 | 89921 | 12,500.00 |
| 2 | 25-03-2023 | 82209 | 3,750.00 |
| 3 | 21-09-2023 | 326488124333 | 1,320.00 |
| 4 | 29-02-2024 | 008088 | 3,750.00 |

2) എസ്.ബി.ഐ പ്ലാൻ ഫണ്ട് (നം.1618)

| ക്രമ നം. | ചെക്ക്/ഇൻസ്ട്രുമെന്റ് തീയതി | ചെക്ക് / ഇൻസ്ട്രുമെന്റ് നമ്പർ | തുക(₹) |
|---|---|---|---|
| 1 | 19-08-2023 | 526168 | 41,200.00 |
| 2 | 15-02-2024 | RBI0482473422803 | 6,000.00 |
| 3 | 25-09-2023 | 181362 | 8,046.00 |
| 4 | 25-03-2024 | 55153 | 5,000.00 |
| 5 | 21-11-2023 | 181362 | 8,046.00 |

ഭാരതീയ റിസർവ്വ് ബാങ്കിന്റെ മാർഗരേഖ അനുസരിച്ച് ചെക്കുകളുടെ കാലാവധി 03 മാസം മാത്രമായതിനാൽ പ്രസ്തുത ചെക്കുകളുടെ വിശദാംശങ്ങളും 3 മാസം കഴിഞ്ഞിട്ടും വരവ് വരാത്തതിന്റെ

കാരണവും വ്യക്തമാക്കേണ്ടതാണെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.07/22.10.2024) മറുപടി ലഭ്യമാക്കിയില്ല. പ്രസ്തുത ചെക്കുകൾ ഏതിനത്തിൽ വരവ് വന്നിട്ടുള്ളതാണെന്നും സ്വീകരിച്ച നടപടികളുടെ വിവരവും ലഭ്യമാക്കേണ്ടതാണ്.

## 1-10 റസീപ്റ്റ് ക്യാൻസൽ ചെയ്തത് അപ്രൂവ് ചെയ്യുന്നതിൽ കാലതാമസം

ക്യാൻസൽ ചെയ്ത രശീതുകൾ അതാത് ദിവസം ഉത്തരവാദിത്വപ്പെട്ട ഉദ്യോഗസ്ഥൻ പരിശോധിച്ച് അപ്രൂവ് ചെയ്യേണ്ടതാണ്. ILGMS പരിശോധിച്ചതിൽ, ചില രസീതുകൾ അപ്രൂവ് ചെയ്യുന്നതിൽ കാലതാമസമുള്ളതായി ശ്രദ്ധയിൽപ്പെട്ടു. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | രശീതി നം | തീയതി | കാരണം | തുക | അപ്രൂവ് ചെയ്ത തീയതി |
|---|---|---|---|---|---|
| 1 | 1230001212 | 31/03/2024 | Wrong Description | 14500 | 29/05/2024 |
| 2 | 1230001215 | 31/03/2024 | Amount Correcion | 15800 | 29/05/2024 |
| 3 | 1230001152 | 31/03/2024 | Amount Correcion | 6250 | 29/05/2024 |
| 4 | 1230001226 | 31/03/2024 | Correction In Head Of Account | 1250 | 30/05/2024 |
| 5 | 1230001145 | 31/03/2024 | Amount Correcion | 930 | 06/06/2024 |
| 6 | 1230201579 | 13/11/2023 | Payee Details Correction | 28000 | 06/06/2024 |
| 7 | 1230301006 | 30/03/2024 | Wrong Description | 14 | 06/06/2024 |
| 8 | 1230001231 | 31/03/2024 | Wrong Description | 22711 | 06/06/2024 |
| 9 | 1230203957 | 27/03/2024 | Correction In Head Of Account | 55924 | 11/06/2024 |
| 10 | 1230203958 | 27/03/2024 | Correction In Head Of Account | 9536 | 11/06/2024 |
| 11 | 1230001238 | 31/03/2024 | Amount Correcion | 2950 | 12/06/2024 |
| 12 | 1230201327 | 09/10/2023 | Amount Correcion | 268750 | 12/06/2024 |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.12/22.10.2024) മറുപടി ലഭ്യമായിട്ടില്ല.

മേൽ പരാമർശിച്ച അപാകതയ്ക്കുള്ള കാരണം വ്യക്തമാക്കേണ്ടതാണ്.

**1-11 അനധികൃത കെട്ടിടത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനത്തിന് ലൈസൻസ് നൽകി**

സഞ്ചയ സോഫ്റ്റ്‌വെറിലെ വസ്തു നികുതി നിർണയ രേഖകളും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും വ്യവസായങ്ങൾക്കുമുള്ള ലൈസൻസ് രജിസ്റ്ററും പരിശോധിച്ചതിൽ 10/338/2 എന്ന നമ്പരിലുള്ളത് അനധികൃത കെട്ടിടമാണെങ്കിലും ലൈസൻസ് രജിസ്റ്ററിലെ ക്രമ നമ്പർ 172 പ്രകാരം ജൂദാ സെൽവന്റെ ഉടമസ്ഥതയിൽ ജെസ്റ്റ് ഇൻ എന്ന സ്ഥാപനത്തിന് പ്രസ്തുത കെട്ടിട നമ്പരിൽ ഉൾപ്പെടുത്തി ലൈസൻസ് അനുവദിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ(നം.18/22.10.2024)ത്തിന് മറുപടി ലഭ്യമായിട്ടില്ല. 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 20 പ്രകാരം നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടങ്ങൾക്ക് 'യു.എ.' കെട്ടിട നമ്പർ അനുവദിക്കേണ്ടതാണെന്നും ഇപ്രകാരം കെട്ടിട നമ്പർ അനുവദിക്കുന്നത് കേരള പഞ്ചായത്ത് രാജ് നിയമം 235എഎ വകുപ്പ് പ്രകാരം വസ്തുനികുതി നിർണ്ണയിക്കുന്നതിനുവേണ്ടി മാത്രം ഉദ്ദേശിക്കപ്പെട്ടിട്ടുള്ളതാണെന്നും എന്നാൽ കെട്ടിടത്തിന്റെ ഉടമസ്ഥനെതിരെ 235 ഡബ്ലിയു വകുപ്പ് പ്രകാരമുള്ള നടപടിയെടുക്കുന്നതിന് ഇത് തടസ്സമല്ലാത്തതും കെട്ടിടം പൊളിച്ചു മാറ്റുന്നതുവരെ ഇപ്രകാരം വസ്തുനികുതി ഈടാക്കാവുന്നതുമാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. കെട്ടിടം ക്രമവത്കരിക്കുന്നതിന്/ പൊളിച്ചു നീക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതിന് പകരം അനധികൃത കെട്ടിടത്തിന് ലൈസൻസ് അനുവദിച്ചത് ഗുരുതരമായ വീഴ്ചയാണ്. ലൈസൻസ് റദ്ദ് ചെയ്ത് കെട്ടിടത്തിന്റെ ഉടമസ്ഥനെതിരെ 235 ഡബ്ല്യു വകുപ്പ് പ്രകാരമുള്ള നടപടി സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

**1-12 ട്രേഡർമാരുടെ ലൈസൻസ് /തൊഴിൽ നികുതി-വാർഡ് അടിസ്ഥാനത്തിലുള്ള ഡിമാന്റ് വിവരങ്ങൾ ലഭ്യമല്ല**

ഗ്രാമപഞ്ചായത്തിലെ ട്രേഡർമാരുടെ എണ്ണവും വിവരവും സംബന്ധിച്ച് വാർഡ് അടിസ്ഥാനത്തിൽ കൃത്യമായ ഡാറ്റയായ ട്രേഡേഴ്സ് ഡേറ്റാബേസ് കെട്ടിട നമ്പർ, ഉടമസ്ഥൻ, ലൈസൻസ് ഉടമസ്ഥൻ, ബിസിനസ് തരം, ലൈസൻസ് ഡിമാൻഡ്, തൊഴിൽ നികുതി, യന്ത്രങ്ങളുടെ വിശദാംശം, മൂലധന നിക്ഷേപം തുടങ്ങിയ വിവരങ്ങൾ ചേർത്ത് തയ്യാറാക്കിയിട്ടില്ല. ഔദ്യോഗിക ട്രേഡേഴ്സ് ലിസ്റ്റിന്റെ അഭാവത്തിൽ പഞ്ചായത്ത് പ്രദേശത്തെ എല്ലാ വാർഡുകളിലെയും ട്രേഡർമാരുടെ ലൈസൻസ്/തൊഴിൽ നികുതി ഡിമാന്റ് പൂർണ്ണമാണോ എന്നതിൽ വ്യക്തതയില്ല. പഞ്ചായത്തിൽ ലഭ്യമായ 2023-24 ലൈസൻസ് രജിസ്റ്റർ പ്രകാരം 444 ട്രേഡർമാരാണ് ലൈസൻസ്/തൊഴിൽ നികുതി ഡിമാന്റ് ലിസ്റ്റിലുള്ളത്. ലൈസൻസ് രജിസ്റ്ററിലാണ് ട്രേഡർ തൊഴിൽ നികുതി വിവരവും ചേർക്കുന്നത്. വാർഡ് അടിസ്ഥാനത്തിൽ ട്രേഡർമാരുടെ വിവരം ലഭ്യമല്ലാത്തതിനാൽ വാർഡ് അടിസ്ഥാനത്തിൽ ഡി.സി.ബി.-യും തയ്യാറാക്കിയിട്ടില്ല. ട്രേഡർമാരുടെ കൃത്യമായ ഡേറ്റാബേസിന്റെ അഭാവം ലൈസൻസില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതിനും IFTEOS ലൈസൻസ് ചട്ട ലംഘനത്തിനും തനത് വരുമാന നഷ്ടത്തിനും ഇടയാക്കും. അപാകത ചൂണ്ടിക്കാട്ടി നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.11/22/10/24) മറുപടി ലഭ്യമാക്കിയില്ല. ട്രേഡേഴ്സ് ലിസ്റ്റുമായി ബന്ധപ്പെട്ട അപാകതയ്ക്ക് രേഖാമൂലം വിശദീകരണം നൽകേണ്ടതാണ്.

**1-13 കാലാവധി പരിമിതപ്പെടുത്തിയ/കാലഹരണപ്പെട്ട മലിനീകരണ നിയന്ത്രണ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ ലൈസൻസ് നൽകി.**

ആവശ്യമായ അനുബന്ധരേഖകളുടെ അടിസ്ഥാനത്തിൽ മാത്രമേ സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകാവു എന്ന് ലൈസൻസ് ചട്ടങ്ങളിലെ 1-ാം ചട്ടത്തിലെ ഉപചട്ടം (1എ), (1ബി) എന്നിവയിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ മലിനീകരണ നിയന്ത്രണ സാക്ഷ്യപത്രത്തിൽ സാധുത പരിശോധിക്കാതെ, വർഷാരംഭത്തിൽ തന്നെ കാലഹരണപ്പെടുന്ന കാലയളവ് രേഖപ്പെടുത്തിയ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ ലൈസൻസ് നൽകിയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപന ഉടമയുടെ പേര്, സ്ഥാപനത്തിന്റെ പേര്, | വാർഡ് നം. & കെട്ടിട നം. | ഇനം | മലിനീകരണ നിയന്ത്രണ സാക്ഷ്യപത്രത്തിന്റെ കാലാവധി |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| | ലൈസൻസ് അപേക്ഷ നമ്പർ,തീയതി | | | |
| 1 | ആഷാ അലക്സ്,<br>വിന്റർ ഹാവൻ കോട്ടേജ്, 2559/25.05.2023 | 10/1015 | കോട്ടേജ് | 30/01/2023 |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.16/22.10.2024) മറുപടി ലഭ്യമായിട്ടില്ല. മേൽ പരാമർശിച്ച അപാകതയ്ക്കുള്ള കാരണം വ്യക്തമാക്കേണ്ടതും ഇത്തരം അപാകതകൾ ഒഴിവാക്കുവാൻ ജാഗ്രത പുലർത്തേണ്ടതുമാണ്.

**1-14 തൊഴിൽ നികുതി ഈടാക്കുവാൻ അവശേഷിക്കുന്നു.**

തൊഴിൽ നികുതി രജിസ്റ്ററും അനുബന്ധ രേഖകളും പരിശോധിച്ചതിൽ താഴെ ചേർത്തിട്ടുള്ള സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൻവർഷം തൊഴിൽ നികുതി ഈടാക്കിയിട്ടില്ല എന്നു കാണുന്നു.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | അർദ്ധവർഷം |
|---|---|---|
| 1. | പോസ്റ്റ് ഓഫീസ്, തലയാർ | 2 |
| 2. | പോസ്റ്റ് ഓഫീസ്, ചട്ടമൂന്നാർ | 2 |
| 3. | കെ.ഡി.എച്ച്.പി ഹൌസ് | 2 |
| 4 | പോസ്റ്റ് ഓഫീസ്, ഇടമലക്കുടി | 2 |
| 5 | പോസ്റ്റ് മെട്രിക് ഹോസ്റ്റൽ, മൂന്നാർ | 1&2 |
| 6 | പ്ളാന്റേഷൻ ഇൻസ്പെക്ടർ ഓഫീസ്, മൂന്നാർ | 1&2 |
| 7 | റ്റീ കൌണ്ടി ഹോട്ടൽ | 1&2 |
| 8 | മാട്ടുപ്പെട്ടി എസ്റ്റേറ്റ് | 1&2 |
| 9 | നൈമക്കാട് എസ്റ്റേറ്റ് | 1&2 |
| 10 | തലയാർ എസ്റ്റേറ്റ് | 1&2 |

മേൽ സൂചിപ്പിച്ച അപാകതകളുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി (നം.13/തീ. 22.10.2024) മറുപടി ലഭ്യമാക്കിയില്ല. തൊഴിൽ നികുതി കുടിശ്ശിക ഈടാക്കി രേഖകൾ സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

**1-15 വാടക ഫയൽ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ**

ഓഡിറ്റ് വർഷത്തെ വാടക രജിസ്റ്റർ പ്രകാരമുള്ള വരവ് പരിശോധിച്ചതിൽ വാടകയ്ക്ക് നൽകിയ ഒരു മുറിയുടെ വാടക കുടിശ്ശിക ഈടാക്കാനുള്ളതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| തലയാർ വെയിറ്റിംഗ് ഷെഡ് | | | | |
|---|---|---|---|---|
| **ക്രമ നം** | **വാടകക്കാരന്റെ പേര്** | **പ്രതിമാസ വാടക+ജി.എസ്.ടി** | **കാലയളവ്** | **ആകെ വാടക കുടിശ്ശിക** |
| 1 | മുത്തുലക്ഷ്മി | 1405+253 | 04/2023 മുതൽ 03/2024 വരെ | 19896 |
| **ആകെ** | | | | 19896 |

വാടക കുടിശ്ശിക ഈടാക്കി രേഖകൾ സഹിതം അറിയിക്കേണ്ടതാണ്. അല്ലാത്തപക്ഷം വാടക ഈടാക്കേണ്ടിയിരുന്ന കാലയളവിൽ ചുമതലയിലുണ്ടായിരുന്ന ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽ നിന്ന് ഈടാക്കേതാണ്. മേൽ അപാകത ചൂണ്ടിക്കാട്ടി നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.14/22/10/24) മറുപടി ലഭ്യമാക്കിയില്ല.

**1-16-1 അനധികൃത ടവറുകൾക്കെതിരെ നടപടികൾ സ്വീകരിച്ചില്ല**

ഗ്രാമപഞ്ചായത്തിലെ വസ്തു നികുതി നിർണയ രേഖകൾ പരിശോധിച്ചതിൽ 4 മൊബൈൽ ടവറുകൾക്ക് മാത്രമാണ് വസ്തു നികുതി നിർണ്ണയിച്ച് ഈടാക്കി വരുന്നത് എന്ന് വ്യക്തമായി. മൊബൈൽ ടവറുകൾ, ഇലക്ട്രോമാഗ്നെറ്റിക് ഫ്രീക്വൻസി (EMF) എമിഷൻ കംപ്ലയൻസ് എന്നിവയെക്കുറിച്ചുള്ള വിവരങ്ങൾ പങ്കിടുന്നതിനുള്ള വെബ് പോർട്ടലാണ് തരംഗ് സഞ്ചാർ. പ്രസ്തുത പോർട്ടലിലെ വിവരങ്ങൾ പ്രകാരം മൂന്നാർ ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ 16 ടവറുകൾ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാണ് (ചിത്രം കാണുക). മൊബൈൽ ടവറുകളുടെ സ്ഥാനവും എണ്ണവും ചുവടെ ചേർത്തിട്ടുള്ള പട്ടികയിൽ ചേർക്കുന്നു.



| ക്രമ നമ്പർ | ലാന്റ്മാർക്ക് | മൊബൈൽ ടവറുകളുടെ എണ്ണം |
|---|---|---|
| 1 | ഹോട്ടൽ വെസ്റ്റ് വുഡിന് സമീപം | 1 |
| 2 | ഓൾഡ് മൂന്നാർ ഓട്ടോ സ്റ്റാൻഡിന് സമീപം | 1 |
| 3 | ക്ളൌഡ് വാലി റിസോർട്ടിന് സമീപം | 2 |
| 4 | ബൊട്ടാണിക്കൽ ഗാർഡിന് സമീപം | 2 |
| 5 | ന്യൂ കോളനി | 2 |
| 6 | ഗവ. എൻജിനീയറിംഗ് കോളേജിന് സമീപം | 2 |
| 7 | ജനറൽ ഹോസ്പിറ്റലിന് സമീപം | 1 |
| 8 | ഫെഡറൽ ബാങ്കിന് സമീപം | 2 |
| 9 | ശരവണ ഭവൻ ഹോട്ടലിന് സമീപം | 1 |
| 10 | പഞ്ചായത്ത് ഓഫീസിന് സമീപം | 1 |
| 11 | എച്ച്. പി പെട്രോൾ പമ്പിന് സമീപം | 1 |
| ആകെ | | 16 |

12 അനധികൃത ടവറുകൾക്കെതിരെ സ്വീകരിച്ച നടപടികൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.08/22.10.2024) മറുപടി ലഭ്യമാക്കിയില്ല. മേൽ പരാമർശിച്ച നിർമ്മാണ പ്രവർത്തികൾ സംബന്ധിച്ച് സെക്രട്ടറി പരിശോധന നടത്തേണ്ടതും അനധികൃത നിർമ്മാണമാണെന്ന് ബോധ്യപ്പെട്ടാൽ ക്രമവൽക്കരണ നടപടി സ്വീകരിക്കേണ്ടതും ക്രമവൽക്കരിക്കാനാവാത്ത പക്ഷം 1994 ലെ കേരള പഞ്ചായത്തിരാജ് നിയമം സെക്ഷൻ 235 ഡബ്ല്യു പ്രകാരമുള്ള തുടർ നടപടികൾ സ്വീകരിക്കേണ്ടതുമാണ്. പഞ്ചായത്തിന്റെ പരിധിയിൽ അനധികൃത നിർമ്മാണങ്ങൾ നടക്കുന്നില്ല എന്നുറപ്പാക്കേണ്ടതിലേക്കായി ഫീൽഡ് തല പരിശോധനകൾ നടത്തേണ്ടതാണ്. 2019 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 21 പ്രകാരമുള്ള പോസ്റ്റ് ഒക്യുപെൻസി ഓഡിറ്റിന്റെ സാധ്യതകൾ ഉപയോഗിച്ച് കെട്ടിടങ്ങളിലെ അനധികൃത കൂട്ടിച്ചേർക്കലുകൾ പരിശോധിക്കേണ്ടതും നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

**1-16 നിർമാണ ചട്ടങ്ങൾ പാലിച്ചിട്ടില്ലാത്ത കെട്ടിടത്തിനെതിരെ നടപടി സ്വീകരിച്ചില്ല**

ഗ്രാമ പഞ്ചായത്തിൽ നിന്നുള്ള ലൈസൻസ് നമ്പർ 3671/23/05.08.2023 പ്രകാരം ശ്രീ. സെയ്ത് മുഹമ്മദ് എന്ന വ്യക്തിയുടെ അൽബുഹാരി ഹോട്ടലിന് ലൈസൻസ് നൽകിയിട്ടുണ്ട്. കെട്ടിടത്തിന്റെ ചിത്രം കാണുക)



സഞ്ചയ വസ്തു നികുതി നിർണ്ണയ സോഫ്റ്റ് വെയർ പ്രകാരമുള്ള കെട്ടിടത്തിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | കെട്ടിട നമ്പർ | കെട്ടിട ഉടമസ്ഥർ | വിസ്തീർണ്ണം | വസ്തു നികുതി നിർണ്ണയിച്ച തീയതി |
|---|---|---|---|---|
| 1 | 19/515 | പൊന്നു ചന്ദ്രൻ , തങ്കമണികണ്ണൻ, ശരവണകുമാർ, രാജൻ | താഴത്തെ നില (24ച മീ) | 01-04-2013 |
| 2 | 19/516 | | താഴത്തെ നില (80ച മീ) | 101-04-2013 |
| 3 | 19/517 | | താഴത്തെ നില (280ച മീ) | 01-04-2013 |
| ആകെ വിസ്തീർണം | | | 384 ച. മീ | |

22.10.2024-ൽ പഞ്ചായത്തിലെ സാങ്കേതിക വിഭാഗം ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തിയ പ്രാദേശിക പരിശോധനയിൽ കണ്ടെത്തിയ അപാതകകൾ ചുവടെ ചേർക്കുന്നു.

**എ) കെട്ടിടത്തിന്റെ വിസ്തീർണത്തിലുള്ള അപാകത**

കെട്ടിടത്തിന് സഞ്ചയ സോഫ്റ്റ് വെയർ പ്രകാരമുള്ള രേഖയിലുള്ളതിലും അധികം വിസ്തീർണം ഉള്ളതായും കെട്ടിടത്തിന് രണ്ട് നിലകൾ ഉള്ളതായും, കെട്ടിട നിർമാണ ചട്ടങ്ങൾ പാലിച്ചിട്ടില്ലാത്തതായും,രണ്ടാം നിലക്ക് നമ്പരില്ലാത്തതായും ബോധ്യമായി .

| ക്രമ നമ്പർ | കെട്ടിട നമ്പർ | സഞ്ചയ പ്രകാരമുള്ള കെട്ടിടത്തിന്റെ വിസ്തീർണ്ണം | കെട്ടിടത്തിന്റെ യഥാർഥ വിസ്തീർണം |
|---|---|---|---|
| 1 | 19/515 | താഴത്തെ നില (24ച മീ) | താഴത്തെ നില(209.99 ച മീ)<br>മുകളിലത്തെ നില(209.99 ച മീ) |
| 2 | 19/516 | താഴത്തെ നില (80ച മീ) | |
| 3 | 19/517 | താഴത്തെ നില (280ച മീ) | |
| ആകെ | | 384(ച മീ) | 419.98(ച മീ) |

**ബി) കെട്ടിട നിർമാണചട്ടങ്ങൾ പാലിച്ചിട്ടില്ല**

കെട്ടിടം പൂർണമായും പ്ലോട്ടിനെ ഉൾക്കൊള്ളുന്ന നിലയിലാണ് കാണപ്പെടുന്നത്. 2019 ലെ കേരള പഞ്ചായത്ത് കെട്ടിടനിർമ്മാണ ചട്ടങ്ങളിലെ ചട്ടം 29 ഉം 26 ഉം നിഷ്കർഷിക്കും പ്രകാരം പാർക്കിംഗ് സൗകര്യവും സെറ്റ് ബാക്കും നൽകിയിട്ടില്ല എന്ന് സ്ഥല പരിശോധനയിൽ പ്രാഥമികമായി വ്യക്തമായി. കെട്ടിടത്തിന്റെ കംപ്ലീഷൻ പ്ലാനും സ്ഥലത്തിന്റെ ഉമസ്ഥാവകാശം സംബന്ധിച്ച രേഖകളും പരിശോധനക്ക് ലഭ്യമാക്കേണ്ടതാണെന്ന് ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന്(നം 22/23.10.24) മറുപടി ലഭ്യമാക്കിയില്ല. പ്രസ്തുത രേഖകളുടെ അഭാവത്തിൽ കെട്ടിടനിർമ്മാണവുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ പരിശോധിക്കുവാൻ സാധിച്ചിട്ടില്ല.

**സി) വസ്തു നികുതി നിർണയത്തിലെ അപാകത**

പഞ്ചായത്തിലെ 100 ചതുരശ്ര മീറ്റർ വരെ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിന് ₹60/- നിരക്കിലും 100 ചതുരശ്ര മീറ്ററിന് മുകളിൽ തറ വിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിന് ₹70/- നിരക്കിലുമാണ് നികുതി നിശ്ചയിച്ചിട്ടുള്ളത്. തറ വിസ്തീർണം അടിസ്ഥാനമാക്കി നികുതി നിർണയിച്ച താഴെ പറയുന്ന, 100 ച. മീ.-യിൽ കൂടുതൽ വിസ്തീർണമുള്ള കെട്ടിട ഭാഗത്തെ, 100 ചതുരശ്ര മീറ്റർ വരെ തറ വിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ബാധകമായ നിരക്കിലാണ് മുൻ വർഷങ്ങളിൽ സഞ്ചയയിൽ നികുതി കണക്കാക്കിയത്.

| ക്രമ നമ്പർ | കെട്ടിട നമ്പർ | വിസ്തീർണ്ണം | നിശ്ചയിച്ച നികുതി നിരക്ക് | ബാധകമായ നികുതി നിരക്ക് |
|---|---|---|---|---|
| 1 | 19/517 | താഴത്തെ നില (280ച മീ) | 60 | 70 |

മേൽ കെട്ടിടത്തിന്റെ വസ്തു നികുതി പുനർ നിർണയിക്കേണ്ടതും സെക്രട്ടറി അടിയന്തിരമായി സ്ഥലപരിശോധന നടത്തി കെട്ടിട നിർമാണ ചട്ടങ്ങൾ പാലിച്ചിട്ടുണ്ടോയെന്ന് ഉറപ്പ് വരുത്തേണ്ടതും പാലിച്ചിട്ടില്ല എന്നും പെർമിറ്റിൽ നിന്ന് വ്യതിചലിച്ചു എന്നും ബോധ്യപ്പെടുന്ന പക്ഷം കേരള പഞ്ചായത്ത് രാജ് നിയമം 235 ഡബ്ല്യു വകുപ്പ് പ്രകാരമുള്ള നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതുമാണ്. 2019 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 21 പ്രകാരമുള്ള പോസ്റ്റ് ഒക്യുപെൻസി

ഓഡിറ്റിന്റെ സാധ്യതകൾ ഉപയോഗിച്ച് സമാനമായ കെട്ടിടങ്ങളിലെ അനധികൃത കൂട്ടിച്ചേർക്കലുകൾ പരിശോധിക്കേണ്ടതും നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-17 ആയുർവ്വേദ സുഖ ചികിൽസാ കേന്ദ്രങ്ങളുടെ വസ്തു നികുതി ഈടാക്കിയതിൽ കുറവ് ₹70308/-

ആയുർവ്വേദ സുഖ ചികിൽസാ കേന്ദ്രങ്ങൾക്ക് (സ്പാ ഉൾപ്പെടെ) ഒരു ചതുരശ്ര മീറ്റർ തറവിസ്തീർണത്തിന് ബാധകമാക്കാവുന്ന കുറഞ്ഞ അടിസ്ഥാന വസ്തു നികുതി നിരക്കായി 150 രൂപയും കൂടിയ നിരക്കായി 160 രൂപയും നിശ്ചയിച്ചിട്ടുണ്ട്. (സ.ഉ.(അ) നമ്പർ 36/2015/തസ്വഭവ തീയതി 24-02-2015 പ്രകാരം) മൂന്നാർ ഗ്രാമ പഞ്ചായത്തിൽ പ്രസ്തുത വസ്തു നികുതി നിരക്ക് 160/ച.മീ. രൂപയായി നിശ്ചയിച്ച് വിജ്ഞാപനം ചെയ്തിട്ടുണ്ട് (സഞ്ചയ പ്രകാരം). സഞ്ചയ സോഫ്റ്റ്‌വെയറിലെ വസ്തു നികുതി നിർണയ രേഖകളും, ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും വ്യവസായങ്ങൾക്കുമുള്ള ലൈസൻസ് അപേക്ഷകളും, ലൈസൻസ് രജിസ്റ്ററും പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ആയുർവ്വേദ സുഖ ചികിൽസാ കേന്ദ്രങ്ങൾക്ക് ഗ്രാമ പഞ്ചായത്ത് അംഗീകരിച്ച് വിജ്ഞാപനം ചെയ്ത നിരക്കിൽ നിന്നും വ്യതിചലിച്ച് താഴെക്കൊടുത്തിരിക്കും വിധം അടിസ്ഥാന വസ്തു നികുതി നിർണയിച്ചിട്ടുണ്ട് എന്ന് കാണുന്നു.

| ലൈസൻസ് രജിസ്റ്ററിലെ ക്രമ നമ്പർ | കെട്ടിട നമ്പർ, സ്ഥാപനത്തിന്റെ പേര്, ലൈസൻസ് ഉടമസ്ഥന്റെ പേര് | കെട്ടിട വിസ്തീർണം (ച.മീ) | ഈടാക്കിയ നികുതി നിരക്ക് (₹$M^2$) | ഈടാക്കേണ്ട നികുതി (₹$M^2$) | കുറവ് വന്ന നിരക്ക് (₹$M^2$) | കുറവ് വന്ന അടിസ്ഥാന നികുതി (₹) | ഇളവ് നിരക്ക് (ശതമാനം) | വർദ്ധന നിരക്ക് (ശതമാനം) | ഇളവ് (₹) | (₹) | കുറവ് വന്ന നികുതി (₹) | കുറവ് വന്ന ലൈബ്രറി സെസ് (₹) |
|---|---|---|---|---|---|---|---|---|---|---|---|---|
| 211 | 10/672/2, ആയുർ തേജസ്, സജികുമാർ ഡി. | 180 | 40 | 160 | 120 | 21600 | 10 | 20 | 2160 | 4320 | 23760 | 1188 |
| 238 | 10/1020, മയൂര ആയുർവേദിക്, ജൂലി റോജി ആന്റണി, | 350 | 40 | 160 | 120 | 42000 | 30 | 20 | 12600 | 8400 | 37800 | 1890 |
| 332 | 20/396, എക്സലന്റ് സ്പാ, സോഫി ജോൺ | 90 | 40 | 160 | 120 | 10800 | 70 | 20 | 7560 | 2160 | 5400 | 270 |
| ആകെ | | | | | | | | | | | 66960 | 3348 |

നികുതി പുനർനിർണയിച്ച് കുറവ് വന്ന ₹70308/- ഈടാക്കിയും മുൻവർഷ കുടിശ്ശിക ഈടാക്കിയും അറിയിക്കേണ്ടതാണ്. സമാന രീതിയിൽ വസ്തു നികുതി ഇനത്തിൽ ഗ്രാമപഞ്ചായത്തിന് ലഭ്യമാകേണ്ട വരുമാനത്തിൽ കുറവ് സംഭവിക്കുന്നുണ്ടോ എന്നത് പരിശോധിക്കേണ്ടതാണ്. മേൽ അപാകതകൾ ചൂണ്ടിക്കാട്ടി നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.15/22/10/24) മറുപടി ലഭ്യമാക്കിയില്ല.

## 1-18-1 അനധികൃത കെട്ടിടങ്ങൾക്കെതിരെ നടപടി സ്വീകരിക്കുന്നില്ല

എ) കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 20 പ്രകാരം നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടങ്ങൾക്ക് വസ്തു നികുതി ചുമത്തേണ്ടത് എങ്ങനെയാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. പഞ്ചായത്ത് പ്രദേശത്തെ അനധികൃത നിർമ്മിതികൾ കണ്ടെത്തുന്നതിനും അനധികൃത നിർമ്മിതികൾക്കെതിരെ നിയമപ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നതിനും പഞ്ചായത്ത് നടപടിയൊന്നും സ്വീകരിച്ചിട്ടില്ല. മേൽ ചട്ടങ്ങളിലെ നിർദ്ദേശങ്ങൾക്കനുസരിച്ച്, പഞ്ചായത്തിലെ അനധികൃത നിർമ്മിതികളിൽ നിന്ന് വസ്തു നികുതി ഈടാക്കുന്നതിന് പഞ്ചായത്ത് സ്വീകരിച്ച നടപടികളുടെ വിവരം, UA നമ്പർ നൽകി വസ്തു നികുതി ഈടാക്കിയ കെട്ടിടങ്ങളുടെ വിവരങ്ങളുള്ള രജിസ്റ്റർ എന്നിവ ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (10/22-10-24) മറുപടി ലഭ്യമാക്കിയില്ല. 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ സെക്ഷൻ 235 ഡബ്ല്യു പ്രകാരം നിയമവിരുദ്ധമായി ആരംഭിച്ചതോ നടത്തിക്കൊണ്ടിരിക്കുന്നതോ പൂർത്തീകരിച്ചതോ ആയ കെട്ടിടം പൊളിച്ചുകളയുന്നതിനോ മാറ്റം വരുത്തുന്നതിനോ സെക്രട്ടറിയ്ക്ക്

അധികാരമുണ്ടായിരിക്കുന്നതാണ്. സെക്ഷൻ 235എഎ(1) പ്രകാരം നിയമാനുസൃതമല്ലാത്ത കെട്ടിടം നിർമ്മാണം പൂർത്തിയാക്കുകയോ 203(2) പറയുന്ന പ്രകാരമുള്ള ഏതെങ്കിലും ആവശ്യത്തിന് ഉപയോഗപ്പെടുത്തുകയോ ചെയ്താൽ ഇതിൽ ഏതാണോ ആദ്യം വരുന്നത് ആ തീയതി മുതൽ കെട്ടിടം പൊളിച്ചു മാറ്റുകയോ ക്രമവൽക്കരിക്കുകയോ ചെയ്യുന്ന തീയതി വരെ കെട്ടിടം നിയമാനുസൃതം നിർമ്മിച്ചതാണെങ്കിൽ കൊടുക്കേണ്ടി വരുമായിരുന്ന വസ്തുനികുതിയും അതോടൊപ്പം അതിന്റെ രണ്ടിരട്ടി വരുന്ന തുകയും ചേർത്തുള്ള തുക ഈടാക്കാവുന്നതാണ്.

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 20 പ്രകാരം നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടങ്ങൾക്ക് 'യു എ.' കെട്ടിട നമ്പർ അനുവദിക്കേണ്ടതാണെന്നും ഇപ്രകാരം കെട്ടിട നമ്പർ അനുവദിക്കുന്നത് കേരള പഞ്ചായത്ത് രാജ് നിയമം 235എഎ വകുപ്പ് പ്രകാരം വസ്തുനികുതി നിർണ്ണയിക്കുന്നതിനുവേണ്ടി മാത്രം ഉദ്ദേശിക്കപ്പെട്ടിട്ടുള്ളതാണെന്നും എന്നാൽ കെട്ടിടത്തിന്റെ ഉടമസ്ഥനെതിരെ 235 ഡബ്ല്യു വകുപ്പ് പ്രകാരമുള്ള നടപടിയെടുക്കുന്നതിന് ഇത് തടസ്സമല്ലാത്തതും കെട്ടിടം പൊളിച്ചു മാറ്റുന്നതുവരെ ഇപ്രകാരം വസ്തുനികുതി ഈടാക്കാവുന്നതുമാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. മുൻ വർഷങ്ങളിൽ 'യു എ.' കെട്ടിട നമ്പർ നൽകിയിട്ടുള്ള കെട്ടിടങ്ങൾക്കെതിരെ നിയമാനുസൃതമായി ക്രമവൽക്കരിക്കാത്ത പക്ഷം 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ സെക്ഷൻ 235ഡബ്ല്യു പ്രകാരമുള്ള നടപടി സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

ബി)

2023-24ൽ കെട്ടിട നമ്പർ നൽകിയിട്ടുള്ള ചുവടെ ചേർത്തിട്ടുള്ള അനധികൃത കെട്ടിടങ്ങൾക്കെതിരെ കേരള പഞ്ചായത്ത് രാജ് നിയമം 235 ഡബ്ല്യു വകുപ്പ് പ്രകാരമുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല.

| ക്രമ നമ്പർ | ഫയൽ നമ്പർ | തീയതി | വാർഡ് | കെട്ടിട നമ്പർ | ഉപ നമ്പർ | ഉപയോഗക്രമം | വിസ്തീർണം(ച.മീ) |
|---|---|---|---|---|---|---|---|
| 1 | A3-2295/2023 | 03/06/2023 | 13 | 479 | UA | അസംബ്ലി കെട്ടിടം, കൺവെൻഷൻ സെന്റർ, ആഡിറ്റോറിയം, കല്യാണ മണ്ഡപങ്ങൾ, ലോഡ്ജ്, സിനിമ തിയേറ്റർ | 181.22 |
| 2 | A8-1157/2023 | 21/06/2023 | 19 | 685 | UA | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൌൺ | 22.67 |
| 3 | 11.09.2023 | 30/10/2023 | 10 | 845 | 1(UA) | അസംബ്ലി കെട്ടിടം,കൺവെൻഷൻ സെന്റർ, ആഡിറ്റോറിയം, കല്യാണ മണ്ഡപങ്ങൾ, ലോഡ്ജ്, സിനിമ തിയേറ്റർ | 845 |
| 4 | 5146/23 | 30/10/2023 | 19 | 163 | 1(UA) | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള | 63.88 |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | | | ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൌൺ | |
| 5 | 4259/23 | 06/12/2023 | 9 | 565 | 1 UA | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൌൺ | 42 |
| 6 | 5693/23 | 06/12/2023 | 10 | 454 | (2)UA | അയുർവേദ സുഖചികിത്സാകേന്ദ്രങ്ങൾ | 89.46 |
| 7 | 5832 | 18/12/2023 | 19 | 162 | (1)UA | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൌൺ | 38.96 |
| 8 | 47/24 | 04/01/2024 | 10 | 1072 | UA | പാർപ്പിടാവശ്യം- സ്വന്തം താമസത്തിന് ഉപയോഗിക്കുന്ന പാർപ്പിടങ്ങൾ, ഹോം സ്റ്റേ, (വിനോദ സഞ്ചാരികൾക്ക് വാടകയ്ക്ക് നൽകുന്നത്) 300 ച.മീ.വരെയുള്ളവ | 105 |
| 9 | 1139/24 | 11/03/2024 | 11 | 81 | 2(UA) | വാണിജ്യാവശ്യം- 100 ച .മീ മുകളിൽ 500 ച.മീ വരെയുള്ളവ | 191.9 |
| 10 | 5093 | 27/10/2023 | 19 | 525 | 1(UA) | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൌൺ | 25.19 |
| 11 | 666/24 | 14/02/2024 | 10 | 522 | UA | വാണിജ്യാവശ്യം- 100 ച .മീ മുകളിൽ 500 ച.മീ വരെയുള്ളവ | 164.31 |

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 20 പ്രകാരം നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടങ്ങൾക്ക് 'യു എ.' കെട്ടിട നമ്പർ അനുവദിക്കേണ്ടതാണെന്നും ഇപ്രകാരം കെട്ടിട നമ്പർ അനുവദിക്കുന്നത് കേരള പഞ്ചായത്ത് രാജ് നിയമം 235എഎ വകുപ്പ് പ്രകാരം വസ്തുനികുതി നിർണ്ണയിക്കുന്നതിനുവേണ്ടി മാത്രം ഉദ്ദേശിക്കപ്പെട്ടിട്ടുള്ളതാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. തുടർ നടപടികളൊന്നും സ്വീകരിക്കാതെ 'യു എ.' കെട്ടിട നമ്പർ ചുമത്തുന്നത് ചട്ട ലംഘനത്തിന് കാരണമാവും എന്നതിനാൽ മേൽപ്പറഞ്ഞ കെട്ടിടങ്ങൾക്കെതിരെ 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ സെക്ഷൻ 235ഡബ്ല്യു പ്രകാരമുള്ള നടപടി സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-18 അനധികൃത കെട്ടിടങ്ങൾ -തുടർ നടപടി വിവരങ്ങൾ അറിയിക്കേണ്ടതാണ്

മൂന്നാർ ഗ്രാമപഞ്ചായത്തിൽ അനധികൃത കെട്ടിടങ്ങളുമായി ബന്ധപ്പെട്ട് ചുവടെ ചേർത്തിട്ടുള്ള ഫയൽ നിലവിലുള്ളതും കേരള ഹൈക്കോടതിയിൽ കേസ് നിലവിലുള്ളതുമാണ്.

| ക്രമ നമ്പർ | ഫയൽ നമ്പർ | കേസ് നമ്പർ | കെട്ടിടത്തിന്റെ വിവരം |
|---|---|---|---|
| 1 | എ3/ 82/22 | Wp(C)16467/22 | ശ്രീമതി. അമൃതമീനയുടെ ഉടമസ്ഥതയിലുള്ള 11/61 നമ്പർ കെട്ടിടത്തിന്റെ മുകൾ നിലയിൽ നടത്തിയ അനധികൃത നിർമാണം. |

| | | | |
|---|---|---|---|
| 2 | എ3/ 5105/2020 | Wp(C)7306/20 | ശ്രീ. ഫ്രാൻസിസ് വി. എന്നയാളുടെ 11/97 നമ്പർ കെട്ടിടം. |

മേൽ കെട്ടിടങ്ങളിൻമേൽ നിലവിലുള്ള കോടതി വ്യവഹാരങ്ങളിൽ തുടർ നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

**1-19 വസ്തു നികുതി പരിഷ്കരണം-മേഖല തരം തിരിക്കൽ, വിവരശേഖരണം, ഡാറ്റാ എൻട്രി നടപടികൾ പൂർത്തിയായില്ല**

2011 ലെ കേരള പഞ്ചായത്ത്‌രാജ്(വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, 2013 ലെ ഭേദഗ്തി ചട്ടങ്ങൾ, വിവിധ ഘട്ടങ്ങളിൽ പുറപ്പെടുവിച്ച വിജ്ഞാപനങ്ങൾ, ഉത്തരവുകൾ എന്നിവ ആധാരമാക്കി പരിഷ്ക്കരിച്ച വസ്തു നികുതി സഞ്ചയ സോഫ്റ്റ്‌വെയറിന്റെ സഹായത്തോടെയാണ് നിർണ്ണയിക്കുന്നത്. വസ്തു നികുതി ഡാറ്റയുടെ കൃത്യതയും 2023-ൽ 5% അധികനിരക്കിൽ പുതുക്കി നിശ്ചയിച്ചതുമായി ബന്ധപ്പെട്ട ഓഡിറ്റ് കണ്ടെത്തലുകളും നിർദ്ദേശങ്ങളും താഴെ ചേർക്കുന്നു.

**2023- ലെ വസ്തു നികുതി പരിഷ്കരണ നടപടികളുടെ പുരോഗതി വിലയിരുത്തൽ**

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 203, 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 4(5) എന്നിവ അനുസരിച്ച് 5 വർഷത്തിലൊരിക്കൽ വസ്തു നികുതി പുതുക്കി നിശ്ചയിക്കേണ്ടതാണ്. വകുപ്പ് 203 പ്രകാരം 25 % വർദ്ധനവ് വരുത്തിക്കൊണ്ടാണ് വസ്തുനികുതി പരിഷ്കരണം നടത്തേണ്ടതെങ്കിലും ഈ വ്യവസ്ഥയിൽ ഇളവ് വരുത്തി വർഷം തോറും 5% എന്ന തോതിൽ 01-04-2023 പ്രാബല്യത്തിൽ ഗ്രാമപഞ്ചായത്തിലെ വസ്തു നികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. (സ.ഉ(കൈ)നം.77/2023/LSGD തിയതി 22-3-2023 – വസ്തു നികുതി പുതുക്കി നിശ്ചയിക്കുന്നിതനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ, സ.ഉ(അച്ചടി)നം.25/2023/LSGD തിയതി 5-4-2023 (എസ്.ആർ.ഒ നം.479/2023/തീ.10-4-2023) – കുറഞ്ഞതും കൂടിയതുമായ വസ്തു നികുതി നിരക്കിന്റെ വിജ്ഞാപനം എന്നിവ കാണുക).

**2023 ലെ വസ്തുനികുതി പരിഷ്കരണം സംബന്ധിച്ച് സർക്കാർ പുറപ്പെടുവിച്ച പ്രധാന നിർദ്ദേശങ്ങൾ**

| നിർദ്ദേശം | നിർദ്ദേശം നടപ്പാക്കിയതിന്റെ വിവരം |
|---|---|
| **വസ്തു നികുതിയിൽ 5% വർദ്ധനവ് വരുത്തൽ**<br>എല്ലാ കെട്ടിടങ്ങളുടെയും 2022-23 വർഷം വരെ നിർണ്ണയിച്ചിട്ടുള്ള വസ്തു നികുതിയോടൊപ്പം അഞ്ച് ശതമാനം വീതം വർദ്ധനവ് വരുത്തേണ്ടതാണ്. | എല്ലാ കെട്ടിടങ്ങളുടെ വസ്തു നികുതിയിൽ 5% വർദ്ധനവ് വരുന്ന രീതിയിൽ സഞ്ചയ ഡാറ്റ ഐ.കെ.എം ക്രമീകരിച്ചിട്ടുണ്ട്. |
| **കെട്ടിടത്തിൽ വരുത്തിയ മാറ്റങ്ങൾ അറിയിക്കൽ**<br>മുൻകാലയളവുകളിൽ കെട്ടിടത്തിൽ വരുത്തിയ മാറ്റങ്ങളുടെ വിവരം ഗ്രാമപഞ്ചായത്തിനെ അറിയിക്കാത്തവർക്ക് വിവരം ഫോറം 9ബി പ്രകാരം അറിയിക്കാവുന്നതാണ്.<br>സമയപരിധി - 15-05-2023-നകം. | ഫോറം 9B യിൽ കെട്ടിടത്തിന്റെ മാറ്റങ്ങളുടെ വിവരശേഖരണം സമഗ്രമായി പൂർത്തീകരിച്ചിട്ടില്ല. ലഭ്യമായവയിൻമേലോ ലഭ്യമാക്കാത്തവർക്കെതിരെയോ നടപടികൾ സ്വീകരിച്ചിട്ടില്ല. |
| **കെട്ടിടത്തിന്റെ ഫീൽഡ് പരിശോധന**<br>ഫീൽഡ് പരിശോധന നടത്തി കെട്ടിടങ്ങളുടെ വിവരം സോഫ്റ്റ്‌വെയറിൽ ഉൾപ്പെടുത്തുന്നതിന് 30-06-2023 വരെ സമയം അനുവദിച്ചിരുന്നു. | ഫീൽഡ് പരിശോധന ഇതുവരെ ആരംഭിച്ചിട്ടില്ല. |
| വിവരശേഖരണം, ഡാറ്റാ എൻട്രി എന്നിവയ്ക്കായി നിശ്ചിത യോഗ്യതയുള്ളവരെ നിയമിക്കാവുന്നതും | നിയമനം സംബന്ധിച്ച് ഭരണസമിതി തീരുമാനമെടുത്തിട്ടില്ല. |

| | |
|---|---|
| ഒരു വീടിന് 30 രൂപ നിരക്ക് അനുവദിക്കാവുന്നതാണ്. | |
| വസ്തു നികുതിയുടെ പുതുക്കിയ നിരക്കിന്റെ വിജ്ഞാപനം | സർക്കാർ ഉത്തരവുകൾ കണക്കിലെടുത്ത് 29/09/2023-ലെ 2(1) നം. തീരുമാനപ്രകാരം അന്തിമ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. |
| **വസ്തു നികുതി നിരക്കും മേഖലകളും റോഡുകളുടെ തരംതിരിവും**<br>പുതിയതായി വസ്തുനികുതി നിർണ്ണയിക്കുന്ന കെട്ടിടങ്ങളുടെ നികുതി നിർണ്ണത്തിന് ബാധകമാക്കേണ്ട നിരക്കുകളും മേഖലകളുടെ തരംതിരിക്കലും വഴിസൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള തരംതിരിക്കലുകളും ഗ്രാമപഞ്ചായത്തിന് പുതുക്കി നിശ്ചയിക്കാവുന്നതാണ്. | **വസ്തു നികുതി നിരക്കും മേഖലകളും റോഡുകളുടെ തരംതിരിവും നടത്തിയിട്ടില്ല.** |

<u>**ഓഡിറ്റ് നിർദ്ദേശങ്ങൾ**</u>

1. വസ്തു നികുതിയുടെ പരിഷ്കരണത്തിന്റെ ഭാഗമായി വിവരശേഖരണം, ഡാറ്റാ എൻട്രി എന്നിവയുടെ പൂർത്തീകരണത്തിനായി ഉചിതമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

2. വസ്തു നികുതി പരിഷ്കരണ നടപടികളുടെ ഭാഗമായുള്ള ഫീൽഡ് വിസിറ്റ് ആരംഭിച്ച് ഫോറം 9ബി ഡാറ്റാ എൻട്രി നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

3. പുതിയതായി വസ്തുനികുതി നിർണ്ണയിക്കുന്ന കെട്ടിടങ്ങളുടെ നികുതി നിർണ്ണത്തിന് ബാധകമാക്കേണ്ട വസ്തു നികുതി നിരക്കും മേഖലകളുടെ പുതുക്കി നിശ്ചയിക്കലും റോഡുകളുടെ തരംതിരിവും നിശ്ചയിക്കുന്നതിന് നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്.

<u>**1-20 LIFE- പദ്ധതി ഭവന നിർമ്മാണത്തിനായി സ്ഥലം വാങ്ങുന്നതിൽ മാത്രം പദ്ധതി നിർവഹണം ഒതുങ്ങുന്നു.**</u>

പദ്ധതി നം. 81/23-24

പദ്ധതി-ലൈഫ് മിഷൻ ഭൂരഹിത ഭവനരഹിതർക്ക് ഭവന നിർമ്മാണത്തിന് സ്ഥലം വാങ്ങൽ (ജനറൽ)

നിർവ്വഹണ ഉദ്യോഗസ്ഥ-വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ

അടങ്കൽ തുക ₹9800000/- (₹5750000/-വികസന ഫണ്ട് ജനറൽ, ₹4050000/- ബ്ലോക്ക് പഞ്ചായത്ത് വിഹിതം)

ചെലവ് തുക ₹4900000/- (₹4300000/- വികസനഫണ്ട് ജനറൽ, 600000/- ബ്ലോക്ക് പഞ്ചായത്ത് വിഹിതം)

ലൈഫ് പദ്ധതി പ്രകാരം ഭൂരഹിത ഭവനരഹിതർക്ക് ഭവന നിർമ്മാണത്തിന് സ്ഥലം വാങ്ങൽ എന്ന പദ്ധതിക്കായി തൻവർഷം ₹49,00000/- ചെലവഴിച്ചിട്ടുണ്ട്. എന്നാൽ പഞ്ചായത്തിൽ തൻ വർഷം 83 പേർ ഉൾപ്പെടെ 2017-18 വർഷം മുതൽ ആകെ 565 പേർക്ക് സ്ഥലം വാങ്ങി നൽകിയെങ്കിലും ഇതുവരെ 34 പേർക്ക് മാത്രമാണ് ഭവന നിർമ്മാണത്തിനായി ധനസഹായം അനുവദിച്ചിട്ടുള്ളത്. തന്മൂലം പഞ്ചായത്തിൽ ലൈഫ് ഭവന പദ്ധതി, സ്ഥലം വാങ്ങലിൽ മാത്രമായി ഒതുങ്ങുന്നു. മുൻ വർഷങ്ങളിൽ സ്ഥലം വാങ്ങിയവർക്കുള്ള ഭവന നിർമ്മാണത്തിന് പ്രാധാന്യം നൽകാതെ എല്ലാ വർഷവും സ്ഥലം വാങ്ങുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുന്നത് പരിശോധിക്കപ്പെടേണ്ടതാണ്. ഭവന നിർമ്മാണത്തിനായി സ്ഥലം വാങ്ങിയിരിക്കുന്ന 531 ഗുണഭോക്ത്താക്കളുടെ ഭവന നിർമ്മാണത്തിന് മുൻതൂക്കം നൽകേണ്ടതും വരും വർഷങ്ങളിൽ ഇതിനായി പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുവാൻ ശ്രദ്ധിക്കേണ്ടതുമാണ്. ഭരണ

സമിതിയുടെ ശ്രദ്ധ ഈ വിഷയത്തിൽ ഉണ്ടാകേണ്ടതാണ്.

**1-21 ഐ.കെ.എം ൽ നിന്ന് വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല**

| | |
|---|---|
| പ്രോജക്റ്റ് നമ്പർ, പേര് | 1/24, ഐ.കെ.എം.വിഹിതം നൽകൽ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| അടങ്കൽ തുക | ₹200000 |
| ഫണ്ടിനം/തുക | വികസന ഫണ്ട് (പൊതുവിഭാഗം)-₹200000 |
| ബിൽനം, തീയതി, ചെലവ് | 150/17.01.24/₹200000 |

മേൽപ്രകാരം ഐ.കെ.എം ന് കൈമാറിയ തുകയ്ക്ക് വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. ഇതുമായി ബന്ധപ്പെട്ട് 23.10.24 ന് നൽകിയ 21-ാം നമ്പർ ഓഡിറ്റ് എൻക്വയറിയ്ക്ക് നൽകിയ മറുപടിയോടൊപ്പം ഐ.കെ.എം. ന് വിവിധ വർഷങ്ങളിൽ ലഭിച്ച തുകകളുടെ കണക്കാണ് രേഖപ്പെടുത്തിയിരിക്കുന്നത് വിനിയോഗസാക്ഷ്യപത്രമല്ല. വിനിയോഗസാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ ₹200000 ന്റെ ചെലവ് തടസ്സപ്പെടുത്തുന്നു.

**1-22 ചെയ്യാത്ത പ്രവർത്തികൾക്ക് തുക അനുവദിച്ചു നഷ്ടം ₹20553/-**

| | |
|---|---|
| നിർവ്വഹണം | അസിസ്റ്റന്റ് എഞ്ചിനീയർ |
| പദ്ധതി | പദ്ധതിനം 205/24<br>ലക്ഷ്മി എസ്റ്റേറ്റ് സൗത്ത് ഡിവിഷൻ മുനിസ്വാമി ലൈൻസ് കുടിവെള്ള പദ്ധതിയും<br>സെൽവകുമാർ റ്റു അരുമുഖരാജ് ലൈൻസ് – കുടിവെള്ള പദ്ധതി – വാർഡ് -15 |
| അടങ്കൽ തുക | ₹225000/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) |
| ബിൽ നം , തീയതി & തുക | വൗച്ചർ നം 22301348 തീയതി 30.03.2024 ₹224089/- |
| കരാറുകാരൻ | ശ്രീ ദിനേഷ് കുമാർ ജെ (എസ്റ്റിമേറ്റ് നിരക്ക്) |

പ്രസ്തുത പദ്ധതിയിൽ 50mm, 40mm, 25mm, 20mm GI പൈപ്പുകൾ ട്രഞ്ച് ചെയ്യുന്നതിനാണ് തുക നൽകിയിരിക്കുന്നത്. 23.10.2024 – ൽ എഞ്ചിനീയറിംഗ് വിഭാഗവുമായി ചേർന്ന് നടത്തിയ സ്ഥല പരിശോധനയിൽ 25mm, 20mm GI പൈപ്പുകൾ ട്രഞ്ച് ചെയ്യാതെ സ്ഥാപിച്ചിരിക്കുന്നതായി കണ്ടെത്തി. ആയതിനാൽ 25mm, 20mm GI പൈപ്പുകൾ ട്രഞ്ച് ചെയ്യ നിരക്ക് നൽകിയതിനാൽ അധിക തുക കോൺട്രാക്ടർക്ക് നൽകിയിട്ടുണ്ട്. വിശദവിവരം താഴെ നൽകുന്നു.

| **ഇനം** | **25 Mm** (Price 3 18.12.3 പ്രകാരം) (₹) | **20 Mm** (Price 3 18.12.2 പ്രകാരം) (₹) |
|---|---|---|
| ട്രഞ്ചിംഗ് അടക്കമുള്ള 10 M -ന്റെ നിരക്ക് | 2724.65 | 2121.04 |
| 0114 Beldar ₹368.28, 0115 Coolie ₹368.28 | **2724.56-(368.28X2)** | 2121.04-**(368.28X2)** |

| | | |
|---|---|---|
| (കുറയ്ക്കുക) | =1988.09 | **=1384.48** |
| 1% വാട്ടർ ചാർജ്ജ് (കൂട്ടുക) | 19.8809 =2007.9709 | 13.8448 =1398.3248 |
| 15% CPOH (കൂട്ടുക) | 301.19563 =2309.16654 | 209.7482 =1608.07352 |
| 39.83% കോസ്റ്റ് ഇൻഡക്സ് (കൂട്ടുക) | 919.7410 =3228.9075 | 640.495683 =2248.5692 |
| ട്രഞ്ചിംഗ് ഇല്ലാതെ 10 M നിരക്ക് | 3228.9075 | 2248.5692 |
| ട്രഞ്ചിംഗ് ഇല്ലാതെ 1 M നിരക്ക് | 322.89 | 224.86 |
| ട്രഞ്ചിംഗ് ചെയ്യാത്ത അളവ് | 112m | 33.6m |
| നൽകാവുന്ന തുക (₹) | 112X322.89 =36163.68 | 33.6X224.86 =7555.29 |
| നൽകിയ തുക (₹) | 49562.24 | 11574.19 |
| അധികം നൽകിയ തുക | 13398.56 | 4018.9 |
| ആകെ അധികം നൽകിയ തുക (₹) | 17417.46 | |
| ജി,എസ്.റ്റി 18% | 3135.14 | |
| ആകെ നഷ്ടം (₹) | 20552.61 | |

അധികം നൽകിയ ₹20553/- കരാറുകാരനിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ മുതൽ കൂട്ടേണ്ടതാണ്. അല്ലാത്തപക്ഷം നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും നഷ്ടതുക ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്.

## 1-23 ചൊക്കനാട് പാലം, ഡി.പി.ആർ തയ്യാറാക്കൽ-വിഹിതം കൈമാറൽ- അപാകതകൾ

| | |
|---|---|
| പ്രോജക്ട് നമ്പർ, പേര് | 127/24, ചൊക്കനാട് പാലം, ഡി.പി.ആർ തയ്യാറാക്കൽ-വിഹിതം കൈമാറൽ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| അടങ്കൽ തുക | ₹300000 |
| ഫണ്ടിനം/തുക | വികസന ഫണ്ട് (എസ്.സി.പി)-₹300000 |
| ബിൽനം, തീയതി, ചെലവ് | 121/21.12.2023/₹300000 |

ഈ പ്രോജക്ടുമായി ബന്ധപ്പെട്ട അപാകതകൾ താഴെ ചേർക്കുന്നു.

പ്രോജക്ടിന് അംഗീകാരം ലഭിയ്ക്കുന്നതിന് മുൻപ് തനത് ഫണ്ടിൽ നിന്നും ദേവികുളം ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിക്ക് കൈമാറിയ തുക അംഗീകാരം ലഭിച്ചതിനു ശേഷം എസ്.സി.പി. വികസനഫണ്ടിൽ നിന്നും തനത് ഫണ്ടിലേയ്ക്ക് റികൂപ് ചെയ്തിരിക്കുകയാണെന്ന് മൂന്നാർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 20.12.23

ലെ എ-1551/2023 ഉത്തരവിൽ വ്യക്തമാക്കിയിരിക്കുന്നു. പ്രോജക്ടിന് അംഗീകാരം ലഭിയ്ക്കുന്നതിന് മുൻപ് തുക ചെലവഴിച്ചത് ക്രമവിരുദ്ധമാണ്.

അപാകതകൾ ശ്രദ്ധയിൽപെടുത്തി 23.10.24 ന് നൽകിയ 21-ാം നമ്പർ ഓഡിറ്റ് എൻക്വയറിയ്ക്കുളള മറുപടിയിൽ അടിയന്തിര പ്രധാന്യമുള്ളതിനാലാണ് പ്രോജക്ടിന് അംഗീകാരം ലഭിച്ചതിനുമുമ്പ് തുക ചെലവഴിച്ചതെന്ന് അറിയിച്ചിട്ടുണ്ട്. അംഗീകാരം ലഭിക്കുന്നതിന് മുമ്പ് പദ്ധതിയിൽ തുക ചെലവഴിക്കുന്നത് ഒഴിവാക്കേണ്ടതാണ്. പാലം നിർമ്മാണം പുരോഗതി അറിയിക്കേണ്ടതാണ്.

## 1-24 കല്ലാർ വേസ്റ്റ് ഡമ്പിംഗ് യാർഡിൽ അഗ്നിസുരക്ഷാ ഉപകരണങ്ങൾ സ്ഥാപിയ്ക്കൽ-അപാകതകൾ

| | |
|---|---|
| പ്രോജക്ട് നമ്പർ, പേര് | 149/24, കല്ലാർ വേസ്റ്റ് ഡമ്പിംഗ് യാർഡിൽ അഗ്നിസുരക്ഷാ ഉപകരണങ്ങൾ സ്ഥാപിയ്ക്കൽ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| അടങ്കൽ തുക | ₹380000/- |
| ഫണ്ടിനം | ധനകാര്യകമ്മീഷൻ ഗ്രാന്റ് |
| ചെലവ് | ₹364328 (കരാറുകാരൻ -വിഷ്ണു പത്മകുമാർ) |
| വൗച്ചർ നം./തീയതി/തുക | XVFC/2023-24/P/15/12.02.24/₹364328/- |

പ്രോജക്ട് അംഗീകാരം ലഭിയ്ക്കുന്നതിന് മുൻപ് തനത് ഫണ്ടിൽ നിന്നും നിർവ്വഹണ ഏജൻസിയായ കെ.വി.ഫയർ സൊല്യൂഷൻസിന് കൈമാറിയ തുക പ്രോജക്ടിന് അംഗീകാരം ലഭിച്ചതിനു ശേഷം ധനകാര്യകമ്മീഷൻ ഗ്രാന്റിൽ നിന്നും തനത് ഫണ്ടിലേയ്ക്ക് റികൂപ്പ് ചെയ്തിരിക്കുകയാണെന്ന് മൂന്നാർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 12.02.24 ലെ എ-149/2024 ഉത്തരവിൽ വ്യക്തമാക്കിയിരിയ്ക്കുന്നു.

അപാകതകൾ ശ്രദ്ധയിൽപെടുത്തി 23.10.24 ന് നൽകിയ 21-ാം നമ്പർ ഓഡിറ്റ് എൻക്വയറിയ്ക്ക് ലഭ്യമാക്കിയ മറുപടിയിൽ കൊച്ചി ബ്രഹ്മപുരം മാലിന്യപ്ലാന്റിലുണ്ടായ തീപിടുത്തത്തെ തുടർന്നാണ് ഇപ്രകാരം അടിയന്തിരമായി തുക ചെലവഴിച്ചതെന്നാണ് മറുപടി നൽകിയിരിക്കുന്നത്. പദ്ധതി രൂപീകരണ സമയത്ത് തന്നെ പ്ലാന്റിന്റെ ആവശ്യങ്ങൾ കൂടി വിലയിരുത്തി അംഗീകാരം നേടേണ്ടതായിരുന്നു. പദ്ധതികൾ നടപ്പിലാക്കുമ്പോൾ ദീർഘവീക്ഷണത്തോടുകൂടി ആയിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-25 പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിൽ CCTV ക്യാമറ സ്ഥാപിയ്ക്കൽ-അപാകതകൾ

| | |
|---|---|
| പ്രോജക്ട് നമ്പർ,പേര് | 154/24, പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിൽ CCTV ക്യാമറ സ്ഥാപിയ്ക്കൽ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| അടങ്കൽ തുക | ₹500000 |
| ഫണ്ടിനം | തനത് ഫണ്ട് |
| കരാറുകാരൻ | വീഹ ടെക്നോളജീസ്, ലക്ഷം കോളനി, മൂന്നാർ |
| ചെലവ് | ₹354628/- |
| ബിൽനം/തീയതി/തുക | 64/15.09.23-250000-വീഹ ടെക്നോളജീസ്<br>67/16.09.23-77515-വീഹ ടെക്നോളജീസ്<br>68/16.09.23-27113-ഗ്രാന്റ് ഇലക്ട്രിക്കൽസ് |

I. 11.04.23 ലെ പ്രോജക്റ്റ് ടെണ്ടർ പ്രകാരം CCTV ക്യാമറ സ്ഥാപിയ്ക്കുന്നതിന് ഉൾപ്പെടെയാണ് വീഹ ടെക്നോളജീസ് കരാർ ഏറ്റെടുത്തിരിയ്ക്കുന്നത്. വീഹ ടെക്നോളജീസിന്റെ 03.09.23 ലെ VTMR-272-23-24 ഇൻവോയ്സ് പ്രകാരമുള്ള ₹327515/- മാത്രമാണ് പദ്ധതിയിൽ ചെലവഴിയ്ക്കാവുന്നത്. വീഹ ടെക്നോളജീസിന്റെ 03.09.2023 ലെ VTMNR-272-23-24 നമ്പർ ഇൻവോയ്സിൽ ക്യാമറ ഫിറ്റിംഗ്, ഇൻസ്റ്റലേഷൻ ചാർജസ്, ഇലക്ട്രിക്കൽ തിംഗ്സ് പർച്ചേസ് എന്നിവയും ഉൾപെടുന്നുണ്ട്. എന്നാൽ കരാറിൽ ഉൾപെടാത്ത സ്ഥാപനമായ ഗ്രാന്റ് ഇലക്ട്രിക്കൽസിന് ഇലക്ട്രിഫിക്കേഷൻ പ്രവർത്തികൾക്ക് ₹27113/- നൽകിയിരിയ്ക്കുന്നു. ഇത് ക്രമവിരുദ്ധമാണ്.

Ii. ഒരു വർഷം വാരന്റിയുള്ള CCTV ക്യാമറകൾ പ്രോജക്ട് പ്രകാരം സ്ഥാപിക്കണമെന്നിരിയെക്ക 10.10.2023 ന് എ1-200/2023 പരസ്യപ്രകാരം 16 CCTV ക്യാമറകൾ പ്രാവർത്തികമാക്കുന്നതിന് വീണ്ടും ടെണ്ടർ വിളിച്ചിരിയ്ക്കുന്നു. ക്യാമറകൾ പ്രാവർത്തികമായിട്ടില്ലെന്ന് ഇതിൽ നിന്നും വ്യക്തമാണ്.

അപാകതകൾ ശ്രദ്ധയിൽപെടുത്തി 23.10.24 ന് നൽകിയ 21-ാം നമ്പർ ഓഡിറ്റ് എൻക്വയറിയ്ക്കുള്ള മറുപടിയിൽ കേരള പോലീസ് സ്പോൺസർ ഷിപ്പിലൂടെ സ്ഥാപിച്ച 16 ക്യാമറകൾ നന്നാക്കി നൽകണമെന്ന് രേഖാമൂലം ആവശ്യപ്പെട്ടതിനാലാണ് ക്യാമറകൾ പ്രവർത്തിപ്പിക്കുവാനായി ടെണ്ടർ വിളിച്ചതെന്നും ഇതിന് 154/24 പദ്ധതിയുമായി ബന്ധമില്ലെന്നും പറയുന്നു. ഈ മറുപടി തൃപ്തികരമല്ല. 154/24 നമ്പർ പ്രോജക്ടിന്റെ രേഖകളാണ് ഫയലിൽ സൂക്ഷിച്ചിരിക്കുന്നത്.

ക്യമറകൾ പ്രവർത്തനക്ഷമമാക്കാത്തതിനാൽ പ്രവർത്തി ഏറ്റെടുത്ത വീഹ ടെക്നോളജീസിന് അനുവദിച്ച ₹327515/- തടസ്സപ്പെടുത്തുന്നു.

ഗ്രാന്റ് ഇലക്ട്രിക്കൽസിന് ഇലക്ട്രിഫിക്കേഷൻ പ്രവർത്തികൾക്ക് നൽകിയ ₹27113/- ഓഡിറ്റിൽ നിരാകരിയ്ക്കുന്നു.

**1-26 മരാമത്ത് മേഖലയിൽ പ്രോജക്ടുകൾ ഭൂരിഭാഗവും നടപ്പിലാക്കിയില്ല- വകയിരുത്തിയ ഫണ്ടിൽ വൻ തുക ലാപ്സായി**

അസി. എഞ്ചിനീയറുടെ പ്രോജക്ട് വിശകലനം ചുവടെ ചേർക്കുന്നു.

1. പദ്ധതികളുടെ വിവരം

| പദ്ധതികൾ | സ്പിൽ ഓവർ | പുതിയത് | ആകെ |
|---|---|---|---|
| അംഗീകരിച്ചത് | 30 | 38 | 68 |
| നിർവ്വഹണം നടത്തിയത് | 18 | 6 | 24 |
| നിർവ്വഹണം നടത്താത്തത് | 12 | 32 | 44 |

2. സാമ്പത്തിക വിവരം

| | |
|---|---|
| അടങ്കൽ | ₹38283055 |
| ചെലവ് | ₹8272868 |
| ചെലവ് ശതമാനം | 21.60 |

3. ലാപ്സായ ഫണ്ട്

തൻവർഷ പദ്ധതിയിലുൾപ്പെടുത്തിയ മരാമത്ത് പ്രോജക്ടുകൾ സമയബന്ധിതമായി നടപ്പാക്കി സാമ്പത്തിക വർഷം അവസാനിക്കുന്നതിന് മുമ്പ് ഫണ്ട് ചെലവഴിക്കാൻ കഴിയാത്തതിനാൽ റോഡ്/ റോഡിതര മെയിന്റനൻസ് ഗ്രാന്റിനത്തിൽ വൻ തുക ഗ്രാമ പഞ്ചായത്തിന് ലാപ്സായി. പഞ്ചായത്തിലെ വിവിധ വികസന പ്രവർത്തനങ്ങളുടെ ഭാഗമായി അടിസ്ഥാന സൗകര്യങ്ങളൊരുക്കുന്നതിനും ആസ്തി സംരക്ഷണത്തിനും അതു വഴി പൊതു സമൂഹത്തിന്റെ ഉന്നമനത്തിനും നാടിന്റെ വികസനത്തിനും വേണ്ടി വിനിയോഗിക്കേണ്ടതായ ഫണ്ടാണ് പദ്ധതി നിർവ്വഹണത്തിലെ പഞ്ചായത്തിന്റെ ജാഗ്രതക്കുറവ് കാരണം വിനിയോഗിക്കാനാവാതെ ലാപ്സായത്.

| ഫണ്ടിനം | അലോട്ട്മെന്റ് ₹ | ചെലവഴിച്ച തുക₹ | ബാലൻസ് (ലാപ്സായത്)₹ |
|---|---|---|---|
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 705350 | 0 | 705350 |

റോഡ് സംരക്ഷണത്തിനായി ഒരു പദ്ധതിയുണ്ടായിരുന്നത് നടപ്പാക്കിയില്ല. കൈമാറിക്കിട്ടിയ സ്ഥാപനങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനും അവയെ ഉന്നത നിലവാരത്തിലേക്കുയർത്തുന്നതിനും ഉപയോഗപ്പെടുത്താനുമായി റോഡിതര സംരക്ഷണത്തിനായി നാല് പദ്ധതികളുണ്ടയിരുന്നെങ്കിലും ഒരെണ്ണം മാത്രമാണ് നടപ്പാക്കാൻ കഴിഞ്ഞത്.

4. സ്പിൽഓവർ പ്രോജക്ടുകൾ പൂർത്തീകരിക്കാൻ സാധിച്ചില്ല.

ഗ്രാമ പഞ്ചായത്തിന്റെ 2022-23 വർഷത്തെ വാർഷിക പദ്ധതിയിലുൾപ്പെടുത്തിയിരുന്ന 30 പദ്ധതികൾ 2023-24 വർഷത്തെ വാർഷിക പദ്ധതിയിൽ സ്പിൽഓവർ ആയി ഉൾപ്പെടുത്തിയിരുന്നു. എന്നാൽ പ്രസ്തുത പ്രവൃത്തികളിൽ 12 പ്രവൃത്തികൾ 2023-24 വർഷത്തിലും പൂർത്തിയാക്കുകയോ ബിൽ തുക നൽകുകയോ

ചെയ്തിട്ടില്ല. അംഗീകാരം ലഭിച്ച് നിർവ്വഹണ നടപടികൾ ആരംഭിച്ച് ഏറ്റെടുത്ത വർഷത്തിനുള്ളിൽ ഭൗതികവും സാമ്പത്തികവുമായ പൂർത്തീകരണം നടത്താൻ കഴിയാത്തതിനാലാണ് അവ പൂർത്തീകരിക്കുന്നതിന് അടുത്ത വാർഷിക പദ്ധതിയിൽ സ്പിൽഓവർ പ്രോജക്ടുകളായി പരിഗണിക്കുന്നത്. എന്നാൽ അസി.എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കുന്ന പ്രസ്തുത പ്രവൃത്തികൾ അവ സ്പിൽഓവർ ആയ വർഷവും പൂർത്തീകരിച്ചിട്ടില്ല. ആയതിനാൽ പ്രസ്തുത പദ്ധതികൾ വീണ്ടും സ്പിൽ ഓവർ ആവുകയും സ്പിൽ ഓവർ പ്രോജക്ടുകളുടെ എണ്ണം കൂടാൻ കാരണമാകുകയും ചെയ്തിട്ടുണ്ട്. സ്പിൽഓവർ പദ്ധതികൾ ഉപേക്ഷിക്കാതെ പൂർത്തീകരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

5. തൻ വർഷപദ്ധതികൾ പൂർത്തീകരിക്കുന്നതിൽ അനാസ്ഥ.

തൻ വർഷത്തെ വാർഷിക പദ്ധതിയിലുൾപ്പെടുത്തിയിരുന്ന 38 പദ്ധതികളിൽ വെറും 6 എണ്ണം മാത്രമാണ് പൂർത്തീകരിക്കുവാൻ സാധിച്ചത് എന്നത് പരിതാപകരമാണ്. തേയില തൊഴിലാളികൾ, മറ്റ് തോട്ടം തൊഴിലാളികൾ, പച്ചക്കറികൃഷി നടത്തുന്നവർ തുടങ്ങിയ സമൂഹത്തിന്റെ അടിത്തട്ടിൽ ജീവിക്കുന്ന ഏറിയപങ്കും തമിഴ് വംശജർ താമസിക്കുന്ന ഇടമാണ് മൂന്നാർ ഗ്രാമപഞ്ചായത്ത്. ജനത നേരിടുന്ന പ്രധാനവെല്ലുവിളി കുടിവെള്ളത്തിന്റെ ലഭ്യതയില്ലായ്മ, കോളനി പോലുള്ള സ്ഥലങ്ങളിൽ നടപ്പാതയില്ലായ്മ, സംരക്ഷണഭിത്തിയില്ലായ്മ തുടങ്ങിയവയാണ്. എന്നാൽ ഇത്തരം പദ്ധതികൾ തൻവർഷം ഏറ്റെടുത്തിട്ടും സിംഹഭാഗവും പൂർത്തീകരിക്കാനായില്ല എന്നത് പരിതാപകരമാണ്.

## 1-27 ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയിട്ടില്ല.

**എ)** ഗ്രാമപ്പഞ്ചായത്തിന്റെ ഉടമസ്ഥതയിലും മേൽനോട്ടത്തിലും നിയന്ത്രണത്തിലുമുള്ള റോഡ്, റോഡ് ഇതര ആസ്തികളുടെ സംരക്ഷണത്തിന് ഒരു ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കാൻ പദ്ധതി മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചിട്ടുണ്ട്. പഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള ആസ്തികളുടെ സമഗ്ര വികസനമാണ് ഇതു കൊണ്ട് ഉദ്ദേശിക്കുന്നത്. പദ്ധതി പരിശോധിച്ചതിൽ സർക്കാർ നിർദ്ദേശിക്കും പ്രകാരമുള്ള ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയിട്ടില്ല എന്ന് വ്യക്തമായി. പദ്ധതികൾ നടപ്പിലാക്കുന്നതിന് മുൻപ് ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

ബി) ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

ഗ്രാമ പഞ്ചായത്തിൽ ആസ്തികളുടെ വിവരം രേഖപ്പെടുത്തുന്ന ആസ്തി രജിസ്റ്ററിൽ കാലാകാലങ്ങളിലുള്ള വിവരങ്ങൾ ചേർത്ത് കാലികമാക്കിയിട്ടില്ല. മിക്ക ആസ്തികളുടെ അപൂർണ്ണമായ വിവരങ്ങൾ ആണ് രജിസ്റ്ററിൽ ചേർത്തിട്ടുള്ളത്. ആസ്തി രജിസ്റ്റർ കാലികമാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-28 മരാമത്ത് പ്രവർത്തികൾ മോണിറ്ററിംഗ് സംവിധാനം ഫലപ്രദമല്ല.

എ) സ.ഉ.(കൈ)നം.84/2022/ത.സ്വ.ഭ.വ തി.19/04/2022 പദ്ധതി മാർഗ്ഗ രേഖ പ്രകാരം പ്രൊജക്ട് മോണിട്ടറിംഗ് അതാത് വർക്കിംഗ് ഗ്രൂപ്പുകൾ നിർവ്വഹിക്കേണ്ടതാണെന്നും മോണിട്ടറിംഗ് കമ്മിറ്റി യോഗം ചേർന്ന് മോണിട്ടറിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണോദ്യോഗസ്ഥനും ഭരണ സമിതിക്കും നൽകേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുള്ളതാണ്. കൂടാതെ പൊതുമരാമത്ത് പ്രവൃത്തികൾക്ക് നിലവിലുള്ള പ്രാദേശിക മോണിട്ടറിംഗ് സംവിധാനത്തിന് പുറമെ പൊതുമരാമത്ത് മാന്വൽ അനുശാസിക്കും വിധം മോണിട്ടറിംഗ് സംവിധാനം കൂടി നടപ്പിലാക്കണമെന്നും തുടക്കമെന്ന നിലയിൽ ആകെ പ്രൊജക്ടുകളുടെ ഒരു ശതമാനം പ്രൊജക്ടുകളെങ്കിലും ക്രമരഹിതമായി തിരഞ്ഞെടുത്ത് പൊതുമരാമത്ത് മാന്വൽ നിഷ്കർഷിക്കുന്ന പ്രകാരമുള്ള ഗുണനിലവാര പരിശോധനക്ക് വിധേയമാക്കണമെന്നും നിർദ്ദേശിച്ചിട്ടുള്ളതാണ്. എന്നാൽ അപ്രകാരം ചെയ്തതിന്റെ രേഖകൾ ലഭ്യമല്ല.

ബി) പ്രൊജക്ട് രജിസ്റ്റർ

ഫണ്ട് വിനിയോഗം സംബന്ധിച്ച GO(P)No 177/2006/Fin Dt 28.04.2006 പ്രകാരം എഴുതി സൂക്ഷിക്കാൻ നിർദ്ദേശിച്ച പ്രൊജക്ട് രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല.

സി) സെക്യൂരിറ്റി ഡെപ്പോസിറ്റ് രജിസ്റ്റർ

മരാമത്ത് പ്രവൃത്തികൾക്ക് വിവിധ കരാറുകാർ സമർപ്പിച്ച പെർഫോമൻസ് ഗ്യാരണ്ടി, അഡീഷനൽ പെർഫോമൻസ് ഗ്യാരണ്ടി എന്നിവയുടെ വിവരം രേഖപ്പെടുത്തി സൂക്ഷിക്കേണ്ട സെക്യൂരിറ്റി രജിസ്റ്റർ എഴുതിയിട്ടുണ്ടെങ്കിലും ആയതിൽ പ്രവൃത്തി പൂർത്തീകരണ തീയതി, കരാറുകാരന്റെ ബാധ്യതാ കാലയളവ് ഡെപ്പോസിറ്റിന്റെ പ്രസക്ത വിവരങ്ങൾ എന്നിങ്ങനെയുള്ള അനിവാര്യമായ പല വിവരങ്ങളും രേഖപ്പെടുത്തിയിട്ടില്ല.

കരാറുകാർ നൽകുന്ന ഡെപ്പോസിറ്റിന്റെ വിശദ വിവരങ്ങൾ കരാറുകാരന്റെ ബാധ്യത കാലയളവ്, പ്രവൃത്തി പൂർത്തീകരിച്ച തീയതി ഉൾപ്പെടെ പ്രവൃത്തിയുമായി ബന്ധപ്പെട്ട എല്ലാ വിവരങ്ങളും വ്യക്തമായി രേഖപ്പെടുത്തി രജിസ്റ്റർ സൂക്ഷിക്കേണ്ടതാണെന്നുള്ള വ്യവസ്ഥ പാലിച്ചിട്ടില്ല.

## 1-29 മോഡുലാർ ടോയ്‌ലറ്റ് സ്ഥാപിക്കൽ-നാല് ടോയ്‌ലറ്റുകൾ സ്ഥാപിച്ചതിൽ 2 എണ്ണം പ്രവർത്തന രഹിതം

| | |
|---|---|
| പ്രോജക്റ്റ് നമ്പർ, പേര് | 209/24, മോഡുലാർ ടോയ്‌ലറ്റ് സ്ഥാപിക്കൽ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| അടങ്കൽ തുക | ₹800000 |
| ഫണ്ടിനം | കേന്ദ്രാവിഷ്കൃത ഫണ്ട്-420000<br>ധനകാര്യകമ്മീഷൻ ഗ്രാന്റ്-380000 |
| വിതരണം ചെയ്ത സ്ഥാപനം | അരീന ഹൈജീൻ സൊല്യൂഷൻസ്, കോഴിക്കോട് |
| ചെലവ് | കേന്ദ്രാവിഷ്കൃത ഫണ്ട് – 420000<br>ധനകാര്യകമ്മീഷൻ ഗ്രാന്റ് – 331200 |
| ബിൽ നം./തീയതി/തുക ₹ | 200/14.02.24-420000<br>232/26.02.24-331200 |

ഈ പ്രോജക്ട് പ്രകാരം മൂന്നാർ ടൗണിലെ 4 വിവിധ സ്ഥാനങ്ങളിൽ സ്ഥാപിച്ച മോഡുലാർ ടോയ്‌ലറ്റുകളിൽ മൂന്നാർ ടാക്സി സ്റ്റാന്റ് പരിസരത്തും, മൂന്നാർ SBI യ്ക്ക് സമീപവും സ്ഥാപിച്ചവ പ്രവർത്തനരഹിതമാണെന്ന് 24.10.24 ന് നടത്തിയ സ്ഥല പരിശോധനയിൽ ബോധ്യപ്പെടുകയുണ്ടായി. മൂന്നാർ ടാക്സി സ്റ്റാന്റ് പരിസരത്ത് സ്ഥാപിച്ച ടോയ്‌ലറ്റിൽ വെള്ളം ലഭ്യമാക്കിയിട്ടില്ല.

മൂന്നാർ SBI യ്ക്ക് സമീപം സ്ഥാപിച്ച മോഡുലാർ ടോയ്‌ലറ്റിന്റെ വാട്ടർ ടാങ്ക് താഴെ വെച്ച് വെള്ളം നിറച്ച് സമീപത്തെ തട്ടുകടക്കാർ ഉപയോഗിയ്ക്കുകയാണ്.



SBI യ്ക്ക് സമീപം




വാട്ടർടാങ്ക് തട്ട് കടക്കാർ ഉപയോഗിയ്ക്കുന്നു.


.

മൂന്നാർ ടാക്സി സ്റ്റാന്റ് പരിസരം, വെള്ളമില്ല, പ്രവർത്തനരഹിതം ആകെ ₹751200/- ചെലവഴിച്ച പ്രോജക്ടിൽ 2 ടോയ്‌ലറ്റുകൾക്കായി ചെലവഴിച്ച ₹375600/- പാഴ്ചെലവായി എന്ന് കാണാവുന്നതാണ്. ജലലഭ്യത ഉറപ്പുവരുത്താതെയാണ് മൂന്നാർ ടാക്സി സ്റ്റാന്റ് പരിസരത്ത് ടോയ്‌ലറ്റ് സ്ഥാപിച്ചിട്ടുള്ളത്. SBI യ്ക്ക് സമീപം സ്ഥാപിച്ചിട്ടുള്ളത് പൊതുജനങ്ങൾക്ക് ഉപയോഗിക്കാൻ അനുയോജ്യമായ സ്ഥലത്തുമല്ല.
ഇതുമായി ബന്ധപ്പെട്ട് നൽകിയ 25.10.2024 ലെ 41-ാം നമ്പർ ഓഡിറ്റ് എൽക്വയറിയ്ക്ക് മറുപടിയായി രണ്ട് ടോയ്‌ലറ്റ് സ്ഥാപിച്ചപ്പോൾ ആളുകളിൽ നിന്നും എതിർപ്പ് വന്നിരുന്നു എന്നാണ് പറഞ്ഞിട്ടുള്ളത്. പൊതുജനങ്ങളിൽ നിന്ന് എതിർപ്പ് ഉണ്ടായ സാഹചര്യത്തിൽ ഇവ അനുയോജ്യമായ മറ്റ് സ്ഥലങ്ങളിലാണ് സ്ഥാപിക്കേണ്ടിയിരുന്നത്. ഉപയോഗരഹിതമായി സ്ഥിതിചെയ്യുന്നതു മൂലം 2 ടോയ്‌ലറ്റുകൾക്കായി നടത്തിയ ചെലവ് പാഴ്ചെലവായിരിക്കുകയാണ്. അതിനാൽ ഇവയ്ക്കുവേണ്ടി ചെലവഴിച്ച ₹375600/- ഓഡിറ്റ് തടസ്സപ്പെടുത്തുന്നു. അനുയോജ്യമായ സ്ഥലത്ത് സ്ഥാപിച്ച് ടോയ്‌ലറ്റുകൾ ഉപയോഗപ്രദമാക്കേണ്ടതാണ്.

**1-30 ലാപ്പ്ടോപ്പ്-(ജനറൽ) വാങ്ങിയതിലും വിതരണം ചെയ്തതിലും അപാകതകൾ**

| | |
|---|---|
| പ്രോജക്റ്റ്/ പ്രോജക്റ്റ്.നം | ലാപ്പ്ടോപ്പ്-ജനറൽ<br>87/23-24 |
| നിർവ്വഹണോദ്യോഗസ്ഥ | ഹെഡ്മിസ്ട്രസ്-ഗവ.എൽ.പി.സ്കൂൾ |
| അടങ്കൽ തുക | ₹1890000/-<br>₹1700000/-വികസന ഫണ്ട് ജനറൽ<br>₹190000/-തനത് ഫണ്ട് |
| ചെലവ് വിവരം<br>ബിൽ റഫറൻസ് നം.തുക.തീയതി | 23100352016701188118/₹4,93,000/-07.02.24<br>23100352016701188129/₹4,93,000/-7.02.24<br>23100352016701188138/₹4,93,000/-07.02.24 |

| | |
|---|---|
| | 23100352016701188149/₹2,18,300/-07.02.24<br>ആകെ- ₹1697300/- |

ഗ്രാമ പഞ്ചായത്തിലെ ഉപരിപഠനം നടത്തുന്ന ജനറൽ വിഭാഗത്തിൽപ്പെട്ട 42 വിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്പ് വിതരണം ചെയ്യുന്നതിനായി ആവിഷ്കരിച്ച പദ്ധതിയാണിത്. പദ്ധതി നിർവ്വഹണത്തിനായി Gem മുഖേന Sound Solution, Mumbai എന്ന സ്ഥാപനത്തിൽ നിന്നും 42 ലാപ്പ്ടോപ്പുകൾ വാങ്ങുകയും ഇവ ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ട 40 വിദ്യാർത്ഥികൾക്ക് നൽകുകയും ചെയ്തിട്ടുണ്ട്.

പദ്ധതി നടത്തിപ്പിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1. വിതരണം ചെയ്തിരിക്കുന്ന ലാപ്പ്ടോപ്പ് നേരിൽ വാങ്ങി പരിശോധിച്ചതിൽ Divice Name എന്നത് DESKTOP-FG6U8UO എന്നാണ് കാണിച്ചിരിക്കുന്നത്. കൂടാതെ സർക്കാർ ഉത്തരവ് നം.115/2022/LSGD-തീയതി. 28.05.2022 ലെ അനുബന്ധം-4 പ്രകാരം നിർദ്ദേശിച്ചിരിക്കുന്ന AMD, Chipset, Operating System, Hard Disc Drive, Mother Board എന്നിവ അടിസ്ഥാനമാക്കിയുള്ള ലാപ്ടോപ്പുകളാണോ വാങ്ങിയിരിക്കുന്നത് എന്നതിന്റെ വിശദവിവരങ്ങൾ ലഭ്യമല്ലാത്തതിനാൽ ഇവയുടെ നിജസ്ഥിതി പരിശോധിക്കുവാൻ സാധിച്ചിട്ടില്ല.

2. 2024-25 വർഷം ഈ പഞ്ചായത്തിലെ ഘടക സ്ഥാപനമായ മൃഗാശുപത്രിയിലേയ്ക്ക് Gem മുഖേന ഇതേ സ്പെസിഫിക്കേഷനിലുള്ള ലാപ്പ്ടോപ്പുകൾ വാങ്ങിയതിന് ജി.എസ്.ടി ഉൾപ്പെടെ ₹43,500/- വീതം നൽകിയപ്പോൾ 2023-24-ലെ പദ്ധതി പ്രകാരം ലാപ്പ്ടോപ്പുകൾ വാങ്ങിയതിന് ₹44,400/- വീതം നൽകിയിരിക്കുന്നതിന്റെ കാരണം വ്യക്തമല്ല.

വിവിധ നിർവ്വഹണോദ്യോഗസ്ഥർ നടപ്പിലാക്കുന്ന വ്യത്യസ്ത പദ്ധതികളിലൂടെ കമ്പ്യൂട്ടർ, ലാപ്ടോപ്പ് പോലെയുള്ള ഉപകരണങ്ങൾ വാങ്ങേണ്ടി വരുന്ന സാഹചര്യത്തിൽ മൊത്തത്തിൽ ആവശ്യം വരുന്ന ഉപകരണങ്ങളുടെ സ്പെസിഫിക്കേഷൻ, എണ്ണം എന്നിവ വിലയിരുത്തി ഒറ്റത്തവണയായി വാങ്ങുന്നതിനുള്ള സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിന് ശ്രദ്ധിക്കേണ്ടതാണ്. സർക്കാർ നിർദ്ദേശങ്ങൾ പാലിച്ച് ലാപ്പ്ടോപ്പുകൾ വാങ്ങി വിതരണം ചെയ്യുവാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

**1-31 ലാപ്പ്ടോപ്പ്-(ജനറൽ) നിർവ്വഹണ ഉദ്യോഗസ്ഥയിൽ നിന്നും തിരികെ വാങ്ങിയ ലാപ്പ് ടോപ്പുകളുടെ വിവരങ്ങൾ ലഭ്യമല്ല.നഷ്ടം ₹89,800/-**

| | |
|---|---|
| പ്രോജക്ട്/ പ്രോജക്ട് നം. | ലാപ്പ്ടോപ്പ്-ജനറൽ<br>87/23-24 |
| നിർവ്വഹണോദ്യോഗസ്ഥ | ഹെഡ്മിസ്ട്രസ്-ഗവ.എൽ.പി.സ്കൂൾ, മൂന്നാർ |
| അടങ്കൽ തുക | ₹1890000/-<br>₹1700000/-വികസന ഫണ്ട് ജനറൽ<br>₹190000/-തനത് ഫണ്ട് |
| ചെലവ് വിവരം<br>ബിൽ റഫറൻസ് നം.തുക.തീയതി | 23100352016701188118/₹4,93,000/-07.02.24<br>23100352016701188129/₹4,93,000/-7.02.24<br>23100352016701188138/₹4,93,000/-07.02.24<br>23100352016701188149/₹2,18,300/-07.02.24<br>ആകെ-₹1697300/- |

ഗ്രാമ പഞ്ചായത്തിലെ ഉപരിപഠനം നടത്തുന്ന ജനറൽ വിഭാഗത്തിൽപ്പെട്ട 42 വിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്പ് വിതരണം ചെയ്യുന്നതിനായി ആവിഷ്കരിച്ച പദ്ധതിയാണിത്. പദ്ധതി നിർവ്വഹണത്തിനായി Gem മുഖേന Sound Solution ,Mumbai എന്ന സ്ഥാപനത്തിൽ നിന്നും 42 ലാപ്പ്ടോപ്പുകൾ വാങ്ങുകയും ഇവ ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ട 40 വിദ്യാർത്ഥികൾക്ക് നൽകുകയും ചെയ്തിട്ടുണ്ട്. (ഈ 42 ലാപ്പ്ടോപ്പുകൾക്ക് നൽകുവാനുള്ള ആകെ തുക ₹18,85,000/- യിൽ തൻവർഷം ₹16,97,300/- നൽകുകയും ബാക്കി തുക ₹1,88,500/- 2024-25 വർഷത്തിൽ സ്പിൽ ഓവർ പദ്ധതിയിൽ ഉൾപ്പെടുത്തി നൽകുവാനും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.)

വാങ്ങിയ ലാപ്പ്ടോപ്പുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ടാക്സ് ഇൻവോയ്സ് നമ്പർ-തീയതി | വാങ്ങിയ ലാപ്പ്ടോപ്പുകളുടെ എണ്ണം | നൽകിയ തുക ₹ |
|---|---|---|
| GEM/372/23-24/ 17.1.24 | 11 | 4,93,000 |
| GEM/373/23-24/17.1.24 | 11 | 4,93,000 |
| GEM/374/23-24/17.1.24 | 11 | 4,93,000 |

| | | |
|---|---|---|
| GEM/375/23-24/17.1.24 | 9 | 218300 |

Sound Solution, Mumbai എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങിയ 42 ലാപ്പ് ടോപ്പുകളിൽ 40 എണ്ണം നിർവ്വഹണ ഉദ്യോഗസ്ഥയായ ഹെഡ്മിസ്ട്രസ്(ഗവ.എൽ.പി.സ്കൂൾ, മൂന്നാർ) വിതരണം ചെയ്യുകയും 2 എണ്ണം പഞ്ചായത്തിലെ അസിസ്റ്റന്റ് സെക്രട്ടറിയെ 15.3.2024 തീയതിയിൽ തിരികെ ഏൽപ്പിക്കുകയും തിരികെ ഏൽപ്പിച്ചതായുള്ള കത്തിൽ അസിസ്റ്റന്റ് സെക്രട്ടറി തിരികെ വാങ്ങിച്ചതായി ഒപ്പിട്ട് നൽകുകയും ചെയ്തിട്ടുണ്ട്. എന്നാൽ അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥയിൽ നിന്നും തിരികെ വാങ്ങിയ 2 ലാപ്പ്ടോപ്പുകളുടെ വിവരം പഞ്ചായത്തിൽ ലഭ്യമല്ല. ഈ രണ്ട് ലാപ്പ് ടോപ്പുകളുടെ വിവരം അറിയിക്കുവാൻ നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.33/തീ.24.10.24) മറുപടി ലഭ്യമാക്കിയില്ല. തിരികെ വാങ്ങിയ 2 ലാപ്പ്ടോപ്പുകളുടെ വിവരം പഞ്ചായത്തിൽ ലഭ്യമല്ലാത്തതിനാൽ രണ്ട് ലാപ്പ്ടോപ്പുകളുടെ വിലയായ ₹89,800/- (44,900x2-TDS ഉൾപ്പെടെ) ഓഡിറ്റിൽ നിരാകരിക്കുന്നു. ഈ തുക ലാപ്പ്ടോപ്പുകൾ തിരികെ കൈപ്പറ്റിയ അസിസ്റ്റന്റ് സെക്രട്ടറിയിൽ നിന്നും ഈടാക്കേണ്ടതാണ്.

(തൻവർഷം അസിസ്റ്റന്റ് സെക്രട്ടറി നടപ്പിലാക്കിയ എസ്.സി വിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്പ് എന്ന പദ്ധതി പ്രകാരം (4/23-24) 120 ലാപ്പ് ടോപ്പുകൾ Sound Solution, Mumbai എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങുകയും ഇതിൽ 118 എണ്ണം എസ്.സി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്കും 2 എണ്ണം ജനറൽ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥിനികൾക്കും നൽകിയിട്ടുണ്ട്. ഈ പരാമർശം ഖണ്ഡിക 1-46 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.)

### 1-32 വയോജനങ്ങൾക്ക് കട്ടിൽ-(ജനറൽ)-പദ്ധതി നടത്തിപ്പിലെ അപാകതകൾ-തടസ്സം-₹3,37,100/-

| | |
|---|---|
| പ്രോജക്റ്റ്/ പ്രോജക്റ്റ്.നം | വയോജനങ്ങൾക്ക് കട്ടിൽ- (ജനറൽ)<br>109/23-24 |
| **നിർവ്വഹണോദ്യോഗസ്ഥ** | **ഐ.സി.ഡി.എസ്.സൂപ്പർവൈസർ** |
| അടങ്കൽ തുക | ₹339300/-<br>₹337100/-വികസന ഫണ്ട് ജനറൽ<br>₹2200/-തനത് ഫണ്ട് |
| ചെലവ് വിവരം<br>ബിൽ റഫറൻസ് നം.തുക.തീയതി | 23100352009301526955/₹337100/-24.03.24 |

ഗ്രാമപഞ്ചായത്തിലെ 78 വയോജനങ്ങൾക്ക് കട്ടിൽ വിതരണം ചെയ്യുന്നതിനായി ആവിഷ്കരിച്ച പദ്ധതിയാണിത്. പദ്ധതി നടത്തിപ്പിനായി പാലക്കാട് ARTCO LTD യിൽ നിന്നും ക്യാഷ് ബിൽ നം. PKD 325 തീയതി. 21.03.2024 പ്രകാരം 78 കട്ടിലുകൾ വാങ്ങിയിട്ടുണ്ട്.

പദ്ധതി നടത്തിപ്പിന്റെ ഫയലുകൾ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. ഗുണഭോക്താക്കളുടെ തെരഞ്ഞെടുപ്പ് വിവരങ്ങൾ ലഭ്യമല്ല.

2. അപേക്ഷകൾ അപൂർണമാണ്.

3. കട്ടിൽ വിതരണം ചെയ്തതിന്റെയും ഗുണഭോക്താക്കൾ കട്ടിലുകൾ കൈപ്പറ്റിയതിന്റെയും വിവരങ്ങൾ ലഭ്യമല്ല.

പ്രസ്തുത അപാകതകൾ കാരണം പദ്ധതി നടത്തിപ്പിന്റെ കൃത്യമായ വിവരങ്ങൾ പരിശോധിക്കാൻ സാധിച്ചില്ല. അപാകതകളുടെ അടിസ്ഥാനത്തിൽ പദ്ധതിക്കായി ചെലവാക്കിയ തുക ₹3,37,100/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. അപാകതകൾക്ക് വിശദീകരണം നൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.34/24.10.24) മറുപടി ലഭ്യമാക്കിയില്ല.

### 1-33 വയോജനങ്ങൾക്ക് കട്ടിൽ-ജനറൽ-(സ്പിൽ ഓവർ )അപാകതകൾ-തടസ്സം ₹445300/-

| | |
|---|---|
| പ്രോജക്റ്റ്/ പ്രോജക്റ്റ് നം | വയോജനങ്ങൾക്ക് കട്ടിൽ-ജനറൽ<br>174/23-24 |
| നിർവ്വഹണോദ്യോഗസ്ഥ | ഐ.സി.ഡി.എസ്.സൂപ്പർവൈസർ |
| അടങ്കൽ തുക | ₹783800/-<br>₹445300/-വികസന ഫണ്ട് ജനറൽ |

| | |
|---|---|
| | ₹3230/-തനത് ഫണ്ട് |
| ചെലവ് വിവരം ബിൽ റഫറൻസ് നം. തുക തീയതി | 23100352009301440612/₹445300/-22.03.24 |

ഗ്രാമപഞ്ചായത്തിലെ 122 വയോജനങ്ങൾക്ക് കട്ടിൽ വിതരണം ചെയ്യുന്നതിനായി ആവിഷ്കരിച്ച പദ്ധതിയാണിത്. പദ്ധതി നടത്തിപ്പിനായി പാലക്കാട് ARTCO LTD യിൽ നിന്നും ക്യാഷ് ബിൽ നം.PKD 835 തീയതി.19.03.2024 പ്രകാരം 122 കട്ടിലുകൾ വാങ്ങിയിട്ടുണ്ട്.

പദ്ധതി നടത്തിപ്പിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1. ഗുണഭോക്താക്കളുടെ തെരഞ്ഞെടുപ്പ് വിവരങ്ങൾ ലഭ്യമല്ല.

2. അപേക്ഷകൾ ഒന്നും ഹാജരാക്കിയിട്ടില്ല.

3. കട്ടിൽ വിതരണം ചെയ്തതിന്റെയും ഗുണഭോക്താക്കൾ കട്ടിലുകൾ കൈപ്പറ്റിയതിന്റെയും വിവരങ്ങൾ ലഭ്യമല്ല.

പ്രസ്തുത അപാകതകൾ കാരണം പദ്ധതി നടത്തിപ്പിന്റെ കൃത്യമായ വിവരങ്ങൾ പരിശോധിക്കാൻ സാധിച്ചില്ല. അപാകതകളുടെ അടിസ്ഥാനത്തിൽ പദ്ധതിക്കായി ചെലവാക്കിയ തുക ₹445300/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. അപാകതകൾക്ക് വിശദീകരണം നൽകണമെന്നുള്ള ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.35/24.10.24) മറുപടി ലഭ്യമാക്കിയില്ല.

## <u>1-34 പോഷകാഹാര വിതരണ പദ്ധതികൾ -GST ഇനത്തിൽ ന്യൂട്രിമിക്സിന് അധിക നിരക്ക് നൽകി</u>

| പദ്ധതി | അനുപൂരക പോഷകാഹാരം - ജനറൽ (111/23-24) | അനുപൂരക പോഷകാഹാരം - എസ്.സി.പി (115/23-24) |
|---|---|---|
| അടങ്കൽ₹ | 2500000/- (പൊതു വിഭാഗം ജനറൽ), 1000000/- (കേന്ദ്രാവിഷ്കൃത ഫണ്ട്)<br>500000/-(തനത് ഫണ്ട്)<br>ആകെ 4000000/- | 2000000/- (പൊതു വിഭാഗം എസ്.സി.പി.),<br>1000000/- (കേന്ദ്രാവിഷ്കൃത ഫണ്ട്) ആകെ ,30,00,000/- |
| ചെലവ്₹ | 2480292/- (പൊതു വിഭാഗം ജനറൽ), 741552/- (കേന്ദ്രാവിഷ്കൃത ഫണ്ട്) ആകെ 3221844/- (ബിൽ വിവരങ്ങൾ താഴെ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.) | 1954046/- (പൊതു വിഭാഗം എസ്.സി.പി.)<br>519303/- (കേന്ദ്രാവിഷ്കൃത ഫണ്ട്) ആകെ 2473349/- (ബിൽ വിവരങ്ങൾ താഴെ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.) |

2023-24-ൽ ഐ.സി.ഡി.എസ്. സൂപ്പർവൈസർ നിർവഹണ ഉദ്യോഗസ്ഥയായി നടപ്പാക്കിയ മേൽ പരാമർശിച്ച പോഷകാഹാര വിതരണ പദ്ധതികളിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

അർഹതയില്ലാതെ ജി. എസ്. ടി നൽകിയിരിക്കുന്നു.

അമല ന്യൂട്രിമിക്സ്, കാൽവരിമൗണ്ട് എന്ന സ്ഥാപനത്തിൽ നിന്നും (GSTIN: 32AACAA0470D1Z1) കിലോഗ്രാമിന് ₹73.50 നിരക്കിൽ താഴെ പരാമർശിക്കും പ്രകാരം ന്യൂട്രിമിക്സ് വാങ്ങിയിട്ടുണ്ട്. സർക്കാർ അംഗീകരിച്ച നിരക്ക് പ്രകാരം ന്യൂട്രിമിക്സിന്റെ വില കിലോഗ്രാമിന് ₹70/- ആണ്. ഇതിന്റെ കൂടെ 5% ജി എസ് ടി തുകയായ ₹3.5 ഉൾപ്പെടെയുള്ള തുകയാണ് ₹73.5./-. എന്നാൽ പ്രസ്തുത സ്ഥാപനത്തിന്റെ GST വിവരങ്ങൾ GST വെബ് സൈറ്റിൽ പരിശോധിച്ചപ്പോൾ വിവരം ലഭ്യമായിട്ടില്ല. ഈ ജി.എസ്.റ്റി. അക്കൗണ്ട് ഇൻവോയിസ് ആണ് കോമ്പോസിഷൻ ടൈപ്പിൽ നികുതി ഒടുക്കുന്നതിനായി രജിസ്റ്റർ ചെയ്തിട്ടുള്ളതാണെങ്കിൽ കോമ്പോസിഷൻ ടൈപ്പിൽ നികുതി ഒടുക്കുന്ന ഈ സ്ഥാപനത്തിന് കൺസ്യൂമറിൽ നിന്ന് നികുതി വാങ്ങുന്നതിന് അവകാശമില്ല. (2017/ ലെ ജി എസ് ടി നിയമം) അങ്ങനെയെങ്കിൽ ന്യൂട്രിമിക്സ് വിതരണത്തിന് ജി.എസ്.റ്റി. ഇനത്തിൽ അധികം തുക സ്ഥാപനം കൈപ്പറ്റിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| പദ്ധതി നം. | ക്രമ നം | THRS വാങ്ങിയതിന് സ്ഥാപനം ലഭ്യമാക്കിയ ബിൽ നമ്പർ തീയതി | അളവ് (കി.ഗ്രാം) | തുക ഈടാക്കാവുന്നത് (₹70/- നിരക്കിൽ) | തുക ഈടാക്കിയത് (₹73.5/- നിരക്കിൽ) | അധികമായി ഈടാക്കിയത് | ട്രഷറി ബിൽ നം, തീയതി & തുക₹ |
|---|---|---|---|---|---|---|---|
| 111/23-24 | 1 | 143/23-24 | 1000 | 70000 | 73500 | 3500 | 23100352009301347773 തീ. 11.3.24 ₹70000/- |

| | | | | | | | |
|---|---|---|---|---|---|---|---|
| 111/23-24 | 2 | 35/23-24 | 1623 | 113610 | 119290 | 5680 | 23100352009300233959/₹274975 തീ. 21.6.23 |
| 111/23-24 | 3 | 36/23-24 | 1584 | 110880 | 116424 | 5544 | 23100352009300233967 തീ. 21.6.23₹270654/- |
| 115/24 | 4 | 46/23-24 | 1635 | 114450 | 120172 | 5722 | 23100352009300697422 തീ. 26.10.23₹322560/- |
| 115/24 | 5 | 51/23-24 | 1683.50 | 117845 | 123737 | 5892 | 23100352009300697422 തീ. 26.10.23₹322560/- |
| 115/23-24 | 6 | 66/23-24 | 1290 | 90300 | 94815 | 4515 | 23100352009300697422തീ. 26.10.23₹322560/- |
| 115/23-24 | 7 | 81/23-24 | 1620.6 | 113442 | 119116 | 5674 | 23100352009300972322 തീ. 21.12.23₹119116/- |
| | | ആകെ | 10436.10 | 730527 | 767054 | 36527 | |

ഈ ഇനത്തിൽ അധികം നൽകിയ തുക ₹36527/-തിരികെ ഈടാക്കി വിവരം രേഖകൾ സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. വിഷയവുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 39/25.10.24) മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-35 ഇ-ടെണ്ടർ തുക തിരികെ ലഭിച്ചിട്ടില്ല

2016-17 മുതൽ 2022-23 വരെ അസിസ്റ്റന്റ് എഞ്ചിനീയറുടെ കാര്യാലയത്തിൽ ഇ-ടെണ്ടർ ചെയ്തിട്ടുള്ള തുക ഇടുക്കി ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ അവശേഷിക്കുന്നു.

| വർഷം | തുക ₹ |
|---|---|
| 2017-18 | 114726 |
| 2018-19 | 27240 |
| 2019-20 | 7712 |
| 2020-21 | 129514 |
| 2021-22 | 176713 |
| 2022-23 | 51141 |
| ആകെ | 507046 |

പ്രസ്തുത തുക ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ അക്കൗണ്ടിലേക്ക് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-36 മൂന്നാർ സോൺ വേസ്റ്റ് മാനേജ്മെന്റ് - പദ്ധതി നടത്തിപ്പിലെ അപാകതൾ

| | |
|---|---|
| പ്രോജക്ട് നമ്പർ, പേര് | 124/24, മൂന്നാർ സോൺ വേസ്റ്റ് മാനേജ്മെന്റ് |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| അടങ്കൽ തുക | ₹9958795 |
| ഫണ്ടിനം | വികസന ഫണ്ട് (പൊതുവിഭാഗം)-4958795<br>തനത് ഫണ്ട്-2000000<br>ഗുണഭോക്തൃവിഹിതം-3000000 |
| ചെലവ് | A.വികസന ഫണ്ട് (പൊതുവിഭാഗം)-₹4958356<br>B.തനത് ഫണ്ട്-1740582<br>C.ഗുണഭോക്തൃവിഹിതം-2861905<br>ആകെ ചെലവ്-9560843 |
| ബിൽ നം./തീയതി/തുക ₹ | A.വികസന ഫണ്ട്<br>I.23/30.06.2023-8215<br>Ii.24/30.06.2023-55953<br>Iii.27/30.07.2023-939280(വേതനം)<br>Iv.40/01.08.2023-995500(വേതനം)<br>V.41/03.08.2023-26963<br>Vi.58/05.09.2023-937540(വേതനം)<br>Vii.73/03.10.2023-969280(വേതനം)<br>Viii.198/13.02.2024-61800<br>Ix.257/11.03.2024-873180(വേതനം)<br>X.286/14.03.2024-68660(ഹരിതകർമ്മസേന)<br>Xi.354/24.03.2024-4000<br>Xii.407/25.03.2024-5335(ഹരിതകർമ്മസേന)<br>Xiii.414/25.03.2024-9500<br>Xiv.420/26.03.2024 – 3150<br>**ആകെ വികസന ഫണ്ട്-4958356**<br>B.തനത് ഫണ്ട്<br>I.47/08.08.2023-81210(ഹരിതകർമ്മസേന)<br>Ii.66/15.09.2023-78365(ഹരിതകർമ്മസേന)<br>Iii.69/11.09.2023-236900<br>Iv.79/10.10.2023-13850<br>V.91/06.11.2023-978580(വേതനം)<br>Vi.92/07.11.2023-98065(ഹരിതകർമ്മസേന) |

| | |
|---|---|
| | Vii.117/16.12.2023-88515(ഹരിതകർമ്മസേന)<br>Viii.118/18.12.2023-25960<br>Ix.179/05.02.2024-48182<br>X.181/07.02.2024-7285(ഹരിതകർമ്മസേന)<br>Xi.385/24.03.2024-79600<br>Xii.384/24.03.2024-4070<br>**ആകെ തനത് ഫണ്ട്-1740582**<br>C.ഗുണഭോക്തൃവിഹിതത്തിൽ നിന്നും കൈമാറിയത്<br>I.22300753/02.12.2023-915770(വേതനം)<br>Ii.22300855/03.01.2024-967300(വേതനം)<br>Iii.22301222/24.01.2024-73435(ഹരിതകർമ്മസേന)<br>Iv.22301228/17.03.2024-905400(വേതനം)<br>ആകെ ഗുണഭോക്തൃവിഹിതം-2861905<br>ആകെ പ്രോജക്ട് ചെലവ് – 4958356+1740582+2861905 = 9560843 |

ഈ പദ്ധതിയുമായി ബന്ധപ്പെട്ട അപാകതകൾ താഴെ ചേർക്കുന്നു.

സ.ഉ.(കൈ)115/22/തസ്വഭവ തീയതി 28.05.22 പ്രകാരം

I. 2022 നവംബർ 30 നു ശേഷം വയബിലിറ്റി ഗ്യാപ് ഫണ്ട് അനുവദിയ്ക്കാവുന്നതല്ല

പ്രോജക്റ്റ് പ്രകാരം ₹496370/- വയബിലിറ്റി ഗ്യാപ് ഫണ്ടിനത്തിൽ ഹരിതകർമ്മസേനയ്ക്ക് തുക നൽകിയിട്ടുണ്ട്.

Ii. 07.11.23 ന് അനുവദിച്ച ₹98065/-യ്ക്കും 24.01.24 ന് അനുവദിച്ച ₹73435/-യ്ക്കും അനുബന്ധമായി വിശദാംശങ്ങൾ ഉൾപെടുത്തിയിട്ടില്ല.

Iii. 3 പേർക്ക് ഡ്രൈവർമാർക്കുള്ള വേതനം അനുവദിച്ചിട്ടുണ്ട്. വാഹനങ്ങളുടെ വിശദാംശങ്ങളും ലോഗ്ബുക്കും ഹാജരാക്കിയിട്ടില്ല

Iv. 2023-24 ൽ ക്ലീൻകേരള കമ്പനിയേക്കാ, മറ്റ് ഏജൻസികൾക്കോ കൈമാറിയ മാലിന്യത്തിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല

V. 2023-24 ൽ ഉൽപാദിപ്പിച്ചതും വിൽപന നടത്തിയതുമായ ജൈവവളത്തിന്റെയും ജൈവവളവിൽപന വഴി ലഭിച്ച വരുമാനത്തിന്റെയും വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല

Vi. ശരാശരി 70 ജീവനക്കാർക്ക് പ്രതിമാസം വേതനം അനുവദിയ്ക്കുന്നുണ്ട്. ആവശ്യമായ ജീവനക്കാരുടെ എണ്ണം നിർണ്ണയിച്ചതും ജീവനക്കാരെ നിയമിച്ചതുമായി ബന്ധപ്പെട്ട വിവരങ്ങളും ഫയലും ഹാജരാക്കിയിട്ടില്ല.

ഇതുമായി ബന്ധപ്പെട്ട് നൽകിയ 23.10.2024 ലെ 21 നമ്പർ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭിച്ചിട്ടില്ല. രേഖകളുടെയും വിശദീകരണത്തിന്റെയും അഭാവത്തിൽ പ്രോജക്ടിൽ ചെലവഴിച്ച ₹9560843/- തടസ്സപ്പെടുത്തുന്നു.

(ശ്രീ സഹജൻ കെ.എൻ.,സെക്രട്ടറി- ₹7607948/- ശ്രീ അനിൽകുമാർ എം.എസ്., സെക്രട്ടറി ഇൻചാർജ്-₹1952895/-)

## 1-37 തെരുവ് വിളക്ക് സ്ഥാപിക്കൽ, തെരുവ് വിളക്ക് മെയിന്റനൻസിനു വേണ്ട ഉപകരണങ്ങൾ വാങ്ങൽ- പ്രോജക്ടുകളിൽ അപാകതകൾ

### I. തെരുവ് വിളക്ക് സ്ഥാപിയ്ക്കൽ

| | |
|---|---|
| പ്രോജക്ട് നമ്പർ, പേര് | 95/24, തെരുവ് വിളക്ക് സ്ഥാപിക്കൽ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| അടങ്കൽ തുക | ₹1750208 |
| ഫണ്ടിനം | വികസന ഫണ്ട് (പൊതുവിഭാഗം)- 1750000<br>തനത് ഫണ്ട്- 208 |
| ചെലവ്<br>ബിൽ നമ്പർ, തുക₹ | 115/14.12.2023-84700<br>120/20.122023-67760<br>147/12.01.2024-96800<br>237/29.02.2024-68970<br>238/29.02.2024-60500<br>294/15.03.2024-399300<br>295/15.03.2024-352110<br>354/22.03.2024-471900<br>വികസന ഫണ്ട് (പൊതുവിഭാഗം)-₹1602040 |

ഈ പ്രോജക്ടിൽ 30 വാട്ട് എൽ.ഇ.ഡി ട്യൂബുകൾ 1334 എണ്ണം ₹1210/- നിരക്കിൽ വിവിധ വാർഡുകളിൽ സ്ഥാപിക്കുന്നതിനായി വാങ്ങിയിട്ടുണ്ട്. ഇത്രയും ട്യൂബുകളുടെ ആവശ്യകത നിർണ്ണയിച്ച രേഖകൾ, ട്യൂബുകൾ സ്ഥാപിയ്ക്കുന്നതുമായി ബന്ധപ്പെട്ട് മൂന്നാർപഞ്ചായത്തിൽ നിലവിൽ വൈദ്യുതിവിതരണം നടത്തുന്ന കെ.ഡി.എച്ച്.പി കമ്പനിയുമായി നടത്തിയ കത്തിടപാടുകളുടെ വിവരം, സ്റ്റോക്ക് രജിസ്റ്റർ എന്നിവ ഹാജരാക്കിയിട്ടില്ല.

ഇതുമായി ബന്ധപ്പെട്ട് നൽകിയ 26.10.2024 ലെ 41 നമ്പർ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭിച്ചിട്ടില്ല.

**II. തെരുവ് വിളക്ക് മെയിന്റനൻസിനു വേണ്ട ഉപകരണങ്ങൾ വാങ്ങൽ**

| | |
|---|---|
| പ്രോജക്ട് നമ്പർ, പേര് | 223/24, തെരുവ് വിളക്ക് മെയിന്റനൻസിനു വേണ്ട ഉപകരണങ്ങൾ വാങ്ങൽ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| അടങ്കൽ തുക | ₹650000 |
| ഫണ്ടിനം | വികസന ഫണ്ട് (പൊതുവിഭാഗം) -250000<br>തനത് ഫണ്ട് – 400000 |
| ചെലവ് | വികസന ഫണ്ട് (പൊതുവിഭാഗം) -249893<br>തനത് ഫണ്ട് – 29199<br>ആകെ 279092 |
| തുക കൈപറ്റിയ സ്ഥാപനം | ഗ്രാന്റ് ഇലക്ട്രിക്കൽസ് |
| ബിൽ നം., തീയതി, തുക ₹ | 71/27.09.23/175633<br>142/06.01.24/57490<br>153/22.01.24/16770<br>154/22.01.24-20649<br>406/25.03.24-8550 |

തെരുവ് വിളക്ക് മെയിന്റനൻസിനു വേണ്ട ഉപകരണങ്ങളും ബൾബുകളും വാങ്ങിയ പ്രോജക്റ്റിൽ തെരുവ് വിളക്കിന്റെ സ്റ്റോക്ക് രജിസ്റ്റർ ഹാജരാക്കിയിട്ടില്ല.

ഇതുമായി ബന്ധപ്പെട്ട് നൽകിയ 23.10.2024 ലെ 21-ാം നമ്പർ ഓഡിറ്റ് എൽക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയില്ല. രേഖകളും രജിസ്റ്ററുകളും ഹാജരാക്കുന്നതുവരെ 1602040+279092 = ₹1881132/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

(I. ₹1602040/-യിൽ ₹378730/- ശ്രീ. സഹജൻ.കെ.എൻ ന്റെ കാലയളവിലും, ₹1223310/- സെക്രട്ടറി ഇൻചാർജ് ആയിരുന്ന അസി.സെക്രട്ടറി ശ്രീ സനിൽകുമാർ.എ.എം ന്റെ കാലയളവിലും പിൻവലിച്ചതാണ്.

Ii. ₹279092/-യിൽ ₹270542/- ശ്രീ. സഹജൻ.കെ.എൻ ന്റെ കാലയളവിലും, ₹8550/- സെക്രട്ടറി ഇൻചാർജ് ആയിരുന്ന അസി.സെക്രട്ടറി ശ്രീ. സനിൽകുമാർ. എ.എം ന്റെ കാലയളവിലും പിൻവലിച്ചതാണ്.

(ശ്രീ സഹജൻ.കെ.എൻ ₹378730+₹270542=₹649272, ശ്രീ സനിൽകുമാർ. എ.എം ₹122330+₹8550=₹1231860)

**<u>1-38 കല്ലാർ യൂണിറ്റിൽ ബേയ്‌ലിംഗ് മെഷീൻ സ്ഥാപിയ്ക്കൽ- അപാകതകൾ</u>**

| | |
|---|---|
| പ്രോജക്ട് നമ്പർ, പേര് | 210/24, കല്ലാർ യൂണിറ്റിൽ ബേയ്‌ലിംഗ് മെഷീൻ സ്ഥാപിയ്ക്കൽ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| അടങ്കൽ | ₹800000 |
| ഫണ്ടിനം | കേന്ദ്രാവിഷ്കൃത ഫണ്ട്-560000<br>ധനകാര്യകമ്മീഷൻ ഗ്രാന്റ്-240000 |
| ചെലവ് | കേന്ദ്രാവിഷ്കൃത ഫണ്ട്-560000<br>ധനകാര്യകമ്മീഷൻ ഗ്രാന്റ്-240000 |
| കരാറുകാരൻ | ഫ്ലോറെറ്റ് ടെക്നോളജീസ് |
| ബിൽനം, തീയതി, തുക₹ | 202/14.02.2024-560000<br>230/26.02.2024-240000 |

ഈ പ്രോജക്ടുമായി ബന്ധപ്പെട്ട അപാകതകൾ താഴെ ചേർക്കുന്നു.

I. ഇ-ടെണ്ടർ പ്രകാരം നടപ്പാക്കിയ ഈ പദ്ധതിയിൽ മെഷീന്റെ വീഡിയോ ഹാജരാക്കിയിട്ടില്ല എന്ന കാരണത്താൽ ലോവസ്റ്റ് ബിഡ്ഡറായ ഹൊറൈസൺ ടെക്നോളജീസിനെ ഒഴിവാക്കി സെക്കന്റ് ലോവസ്റ്റ് ആയ ഫ്ലോറെറ്റ് ടെക്നോളജീസിൽ നിന്നാണ് മെഷീൻ വാങ്ങിയിട്ടുള്ളത്. ബേയ്‌ലിംഗ് മെഷീൻ

സ്ഥാപിയ്ക്കാൻ ഹൊറൈസൺ ടെക്നോളജീസ് ₹525000/-യാണ് ക്വാട്ട് ചെയ്തിരുന്നത്. ₹800000/- ക്വോട്ട് ചെയ്ത ഫ്ലോറെറ്റ് ടെക്നോളജീസിനോട് വീഡിയോ ഹാജരാക്കാൻ ആവശ്യപ്പെട്ടതായോ, വീഡിയോ ഹാജരാക്കിയോ എന്നും ഫയലിൽ വ്യക്തമാക്കിയിട്ടില്ല.

Ii. വീഡിയോ ഹാജരാക്കണം എന്ന വ്യവസ്ഥ ടെണ്ടർ നോട്ടീസിൽ ഉൾപെടുത്തിയിരുന്നില്ല

Iii. വീഡിയോ ഹാജരാക്കണം എന്ന് 03.11.23,13.11.23 തിയതികളിലാണ് ഹൊറൈസൺ ടെക്നോളജീസിനോട് ആവശ്യപ്പെടുന്നത്.

എന്നാൽ ഫ്ലോറെറ്റ് ടെക്നോളജീസിന് 20.10.2023 ന് തന്നെ A1-200/2022 നമ്പറായി സപ്ലൈ ഓർഡർ നൽകിയിട്ടുണ്ട്. ഹൊറൈസൺ ടെക്നോളജീസിനെ വാങ്ങൽ പ്രക്രിയയിൽ നിന്നും ഒഴിവാക്കാൻ തീരുമാനിച്ചിരുന്നു എന്നാണ് ഇതിൽ നിന്നും വ്യക്തമാകുന്നത്.ഇത് ക്രമ വിരുദ്ധമായ നടപടിയാണ്.

Iv. ഫ്ലോറെറ്റ് ടെക്നോളജീസിന്റെ ഇൻവോയ്സിൽ ടെണ്ടറിൽ പറഞ്ഞ സ്പെസിഫിക്കേഷൻ ഒന്നും രേഖപ്പെടുത്തിയിട്ടില്ല.

V. പൂർത്തീകരണസാക്ഷ്യപത്രം, തുക അനുവദിയ്ക്കുന്നതിനുള്ള കമ്മിറ്റി തീരുമാനം എന്നിവ ഫയലിൽ ലഭ്യമാക്കിയിട്ടില്ല.

ഇതുമായി ബന്ധപ്പെട്ട് നൽകിയ 23.10.2024 ലെ 21 നമ്പർ ഓഡിറ്റ് എൽക്വയറിയ്ക്കുള്ള മറുപടിയിൽ ഹൊറൈസൻ ടെക്നോളജീസ് ഡബിൾ ചേമ്പർ ബേയ്‌ലിംഗ് മെഷീൻ നിർമ്മിക്കുന്നില്ല എന്ന് അറിയിച്ചതായി പറയുന്നു. എന്നാൽ എന്തുകൊണ്ടാണ് A1-200/23 തീയതി 06.11.23 നമ്പരായി M/S ഹൊറൈസൺ ടെക്നോളജീസിനോട് മെഷീന്റെ വീഡിയോ ഹാജരാക്കാൻ ആവശ്യപ്പെട്ടത് എന്ന് വ്യക്തമാക്കേണ്ടതാണ്. മാത്രമല്ല ഹൊറൈസൺ ടെക്നോളജീസിന്റെ പ്രസ്തുത കരാറിൽ സെക്രട്ടറിയുടെ ഇനീഷ്യലോ, റിമാർക്സോ, ഓഫീസ് മുദ്രയോ ഇല്ല. ഈ കത്ത് കമ്മിറ്റിയിൽ ചർച്ച ചെയ്തോ എന്നും വ്യക്തമല്ല. ഈ കത്തിന്റെ ലോവസ്റ്റ് ബിഡ്ഡറുടെയും സെക്കന്റ് ലോവസ്റ്റ് ബിഡ്ഡറുടെയും തുകകൾ തമ്മിലുള്ള വത്യാസമായ 800000 -525000 = ₹275000/-യുടെ ചെലവ് നിരാകരിയ്ക്കുന്നു. നിർവ്വഹണ ഉദ്യോഗസ്ഥനായ സെക്രട്ടറിയിൽ നിന്നും തുക ഈടാക്കേണ്ടതാണ്. ₹525000/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-39 ഓഡിറ്റ് ഇംപാക്ട്

| | |
|---|---|
| പ്രോജക്ട് നമ്പർ,പേര് | 2/24, പദ്ധതി രൂപീകരണം നിർവ്വഹണം |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| അടങ്കൽ തുക | ₹300000 |
| ഫണ്ടിനം | വികസന ഫണ്ട്(പൊതുവിഭാഗം)-300000 |
| ചെലവ് | വികസന ഫണ്ട്(പൊതുവിഭാഗം)-299269 |
| ബിൽനം., തീയതി, തുക ₹ | 164/29.01.24/71505<br>141/05.01.24/32040<br>3/30.05.23/36020<br>30/11.07.23/26650<br>47/05.08.23/27750<br>65/15.09.23/5850<br>116/14.12.23/44381 (കോസ്മോസ്-600) |

പ്രിന്റിംഗ് ചാർജ് ഇനത്തിൽ കോസ്മോസ് പ്രിന്റേഴ്സിന് അനുവദിച്ച തുകയിൽ നിന്നും ആദായനികുതി ഈടാക്കിയിരുന്നില്ല. 1961 ലെ ആദായനകതി ആക്ട് 194(സി) അനുസരിച്ച് ഒരു ബില്ലിൽ ₹30000/- യിൽ കൂടുതലോ ഒരു സാമ്പത്തികവർഷം ₹100000/-യിൽ കൂടുതലോ സേവനങ്ങൾക്ക് തുക അനുവദിയ്ക്കുമ്പോൾ 2% ആദായനികുതി ഈടാക്കേണ്ടതാണ്.

ഇതുമായി ബന്ധപ്പെട്ട് നൽകിയ 23.10.2024 ലെ 21 നമ്പർ ഓഡിറ്റ് എൻക്വയറിയെ തുടർന്ന് കോസ്മോസ് പ്രിന്റേഴ്സ് ₹4882/- 24.10.24 ലെ 1240201831 രസീത് പ്രകാരം ആദായ നികുതിയിനത്തിൽ അടവാക്കിയിട്ടുണ്ട്.

## 1-40 വയോജനങ്ങൾക്ക് കമ്പിളി (എസ്.സി.പി) -പദ്ധതി നടത്തിപ്പിലെ അപാകതകൾ

| | |
|---|---|
| പ്രോജക്ട് നമ്പർ, പേര് | 08/24, വയോജനങ്ങൾക്ക് കമ്പിളി (എസ്.സി.പി) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |
| അടങ്കൽ തുക | ₹1000000 |
| ഫണ്ടിനം | വികസന ഫണ്ട്(എസ്.സി.പി)-1000000 |
| ചെലവ് | വികസന ഫണ്ട്(എസ്.സി.പി)-796500 |
| തുക കൈപറ്റിയ സ്ഥാപനം | ഹണി സിൽക്സ്, മുരിക്കാശ്ശേരി |
| ബിൽനം, തീയതി, തുക ₹ | I)279/13.03.2024/265500<br>Ii)345/21.03.2024/265500<br>Iii)346/21.03.2024/265500 |

ഈ പ്രോജക്ടുമായി ബന്ധപ്പെട്ട അപാകതകൾ താഴെ ചേർക്കുന്നു.

I) മേൽപ്രകാരം ഹണി സിൽക്സ്, മുരിക്കാശ്ശേരിയിൽ നിന്നും 900 കമ്പിളിപ്പുതപ്പുകൾ ₹885/- നിരക്കിൽ വാങ്ങിയിട്ടുണ്ടെങ്കിലും വിതരണരജിസ്റ്റർ പ്രകാരം എല്ലാ വാർഡുകളിലുമായി 832 പുതപ്പുകളാണ് വിതരണം ചെയ്തിട്ടുള്ളത്.

Ii) വിതരണ രജിസ്റ്ററിൽ പേരുകൾ എഴുതിച്ചേർക്കുക മാത്രമാണ് ചെയ്തിരിയ്ക്കുന്നത്. കൈപ്പറ്റിയവരുടെ ഒപ്പ് രേഖപ്പെടുത്തിയിട്ടില്ല.

Iii) ഗുണഭോക്തൃലിസ്റ്റ് ലഭ്യമാക്കിയിട്ടില്ല.

ഇതുമായി ബന്ധപ്പെട്ട് നൽകിയ 24.10.2024 ലെ 36 നമ്പർ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭിച്ചിട്ടില്ല. വിതരണം ചെയ്യാത്ത 68 കമ്പിളിപ്പുതപ്പുകളുടെ വില ₹60180/-ഓഡിറ്റ് നിരാകരിക്കുന്നു. ശേഷിക്കുന്ന 832 കമ്പിളി പുതപ്പുകളുടെ വിതരണ രേഖകൾ കൃത്യമല്ലാത്തതിനാലും, ഗുണഭോക്തൃലിസ്റ്റിന്റെ അഭാവത്തിലും ഇവയ്ക്കായി ചെലവഴിച്ച ₹736320/- തടസ്സപ്പെടുത്തുന്നു.

## 1-41 വാട്ടർ ടാങ്ക്(എസ്.സി.പി)-അപാകതകൾ

| | |
|---|---|
| പ്രോജക്ട് നമ്പർ, പേര് | 07/24, വാട്ടർ ടാങ്ക്(എസ്.സി.പി) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |
| അടങ്കൽ തുക | ₹501000 |
| ഫണ്ടിനം | വികസന ഫണ്ട്(എസ്.സി.പി)-400000, തനത് ഫണ്ട് 800, ഗുണഭോക്തൃ വിഹിതം -100200 |
| ചെലവ് | വികസന ഫണ്ട്(എസ്.സി.പി)-383766 |
| ബിൽനം, തീയതി, തുക₹ | 357/22.03.2024/383766 |
| വിതരണക്കാരൻ | പ്രോക്സിമ ട്രേഡ് ലിങ്ക്സ്,ആലപ്പുഴ |

ഈ പ്രോജക്ടുമായി ബന്ധപ്പെട്ട അപാകതകൾ താഴെ ചേർക്കുന്നു

ടെണ്ടർ പ്രകാരം 167 വാട്ടർ ടാങ്കുകൾ 2298 നിരക്കിൽ ലഭ്യമാക്കേണ്ടതാണ്. എങ്കിലും എത്രയെണ്ണം വാങ്ങി വിതരണം ചെയ്തു എന്നതിന് രേഖയില്ല.

I. TR(59)E ബിൽ, വിതരണക്കാരന്റെ ഇൻവോയ്സ്, ഗുണഭോക്തൃലിസ്റ്റ് എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

Ii. 25 ശതമാനം ഗുണഭോക്തൃവിഹിതം ചെലവഴിക്കേണ്ടപദ്ധതിയിൽ ഗുണഭോക്തൃവിഹിതം ചെലവഴിച്ചിട്ടില്ല.

Iii. ഗുണഭോക്തൃവിഹിതം പിരിച്ചതിന്റെ കണക്ക് ലഭ്യമല്ല.

രജിസ്റ്ററിൽ കൈപ്പറ്റിയ ഗുണഭോക്താക്കളുടെ വിവരങ്ങൾ രേഖപ്പെടുത്തിയതിൽ കൃത്യതയില്ല.

ഇതുമായി ബന്ധപ്പെട്ട് നൽകിയ 24.10.2024 ലെ 36 നമ്പർ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭിച്ചിട്ടില്ല. അപാകതകൾക്ക് മറുപടി നൽകേണ്ടതും രേഖകൾ ഹാജരാക്കേണ്ടതുമാണ്. ചെലവ് തുകയായ ₹383766/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-42 ആശ്രയ പദ്ധതി (എസ്.സി.പി)-രേഖകൾ ഹാജരാക്കിയിട്ടില്ല

| | |
|---|---|
| പ്രോജക്ട് നമ്പർ, പേര് | 06/24, ആശ്രയ പദ്ധതി (എസ്.സി.പി) |

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |
| അടങ്കൽ തുക | ₹300000 |
| ഫണ്ടിനം | വികസന ഫണ്ട്(എസ്.സി.പി)-300000, |
| ചെലവ് | വികസന ഫണ്ട്(എസ്.സി.പി)-300000 |
| ബിൽ നമ്പർ, തീയതി, തുക₹ | 110/29.11.2023/300000 |

പ്രോജക്ടുമായി ബന്ധപ്പെട്ട രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. രേഖകൾ ഹാജരാക്കേണ്ടതാണ്. രേഖകളുടെ അഭാവത്തിൽ ₹300000/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ഇതുമായി ബന്ധപ്പെട്ട് നൽകിയ 24.10.2024 ലെ 36 നമ്പർ ഓഡിറ്റ് എൽക്വയറിയ്ക്ക് മറുപടി ലഭിച്ചിട്ടില്ല.

**1-43 വയോജനങ്ങൾക്ക് കട്ടിൽ(സ്പിൽ ഓവർ പ്രോജക്റ്റ്) (എസ്.സി.പി)-രേഖകൾ ഹാജരാക്കിയിട്ടില്ല**

| | |
|---|---|
| പ്രോജക്ട് നമ്പർ, പേര് | 144/24, വയോജനങ്ങൾക്ക് കട്ടിൽ (സ്പിൽ ഓവർ പ്രോജക്റ്റ്) (എസ്.സി.പി) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |
| അടങ്കൽ തുക | ₹142800 |
| ഫണ്ടിനം | വികസന ഫണ്ട് (എസ്.സി.പി)- 44100, മറ്റുള്ളവ-98700 |
| ചെലവ് | മറ്റുള്ളവ- 74730 |
| വൗച്ചർ നമ്പർ, തീയതി, തുക₹ | 22300881/28.01.2024 ₹74730/- |

പ്രോജക്ടുമായി ബന്ധപ്പെട്ട രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. രേഖകൾ ഹാജരാക്കേണ്ടതാണ്. രേഖകളുടെ അഭാവത്തിൽ ₹74730/- യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ഇതുമായി ബന്ധപ്പെട്ട് നൽകിയ 24.10.2024 ലെ 36 നമ്പർ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭിച്ചിട്ടില്ല.

**1-44 എസ്.സി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്-പദ്ധതി നടത്തിപ്പിലെ അപാകതകൾ**

| | |
|---|---|
| പ്രോജക്ട് നമ്പർ, പേര് | 04/24, എസ്.സി വിദ്യാർത്ഥികൾക്ക് ലാപ്ടോപ് |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |
| അടങ്കൽ തുക | ₹5400000 |
| ഫണ്ടിനം | വികസന ഫണ്ട്(എസ്.സി.പി)-5400000 |
| ചെലവ് | വികസന ഫണ്ട്(എസ്.സി.പി)-5388000 |
| തുക കൈപറ്റിയ സ്ഥാപനം | SOUND SLUTIONS ,MUMBAI |
| ബിൽ നം., തീയതി, തുക ₹ | I)165/29.01.2024/493900<br>Ii)166/29.01.2024/493900<br>Iii)167/29.01.2024/493900<br>Iv)168/29.01.2024/493900<br>V)169/29.01.2024/493900<br>Vi)170/29.01.2024/493900<br>Vii)171/29.01.2024/493900<br>Viii)172/29.01.2024/493900<br>Ix)173/29.01.2024/493900<br>X)173/29.01.2024/493900<br>Xi)175/29.01.2024/449000<br>ആകെ-5388000 |

ഈ പ്രോജക്ടുമായി ബന്ധപ്പെട്ട അപാകതകൾ താഴെ ചേർക്കുന്നു.

I. ഗുണഭോക്തൃലിസ്റ്റ് ഹാജരാക്കിയിട്ടില്ല.

Ii. 120 ലാപ്ടോപുകളാണ് മേൽപ്രകാരം വാങ്ങിയിട്ടുള്ളത്. 118 എസ്.സി. വിദ്യാർത്ഥികൾക്കാണ് ലാപ്ടോപുകൾ വിതരണം ചെയ്തിട്ടുള്ളത്. 118 അപേക്ഷകളാണ് ഫയലിൽ സൂക്ഷിച്ചിട്ടുള്ളത്. 2 ലാപ്ടോപ്പുകൾ മാരിയമ്മാൾ, അർച്ചന എന്നീ ജനറൽ വിദ്യാർത്ഥിനികൾക്ക് രജിസ്റ്ററിൽ ചേർത്ത് നൽകിയിട്ടുണ്ട്. എസ്.സി. ഫണ്ടിൽ വാങ്ങിയ ലാപ്ടോപ് ജനറൽ വിദ്യാർത്ഥിനികൾക്ക് നൽകിയത് ക്രമവിരുദ്ധമാണ്.

Iii. അർച്ചനസുഭാഷ് എന്ന വിദ്യാർത്ഥിനി പള്ളിവാസൽ പഞ്ചായത്ത് നിവാസിയും കെ.ഡി.എച്ച്.പി. കമ്പനി ക്വാർട്ടേഴ്സിൽ താമസിക്കുന്ന ആളുമാണ്. 15.09.2022 ലെ സർക്കർ ഉത്തരവ് (സാധാ) നം.2250 /2022 /LSGD അനുസരിച്ച് ലയത്തിൽ താമസിയ്ക്കുന്നവർക്കാണ് ലാപ്ടോപിന് അർഹതയുള്ളത്.

Iv. ഗവ.വിമൻസ് കോളേജ് വിദ്യാർത്ഥിനിയായ ബ്യൂല.വി, സെൻട്രൽ ഡിവിഷൻ, പെരിയവാരൈ എന്ന വിദ്യാർത്ഥിനി എസ്.സി സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല.
Vi. ലാപ്ടോപിന്റെ സ്പെസിഫിക്കേഷൻ പരിശോധിക്കാൻ സാധിച്ചിട്ടില്ല.

ഇതുമായി ബന്ധപ്പെട്ട് നൽകിയ 24.10.2024 ലെ 32 നമ്പർ ഓഡിറ്റ് എൽക്വയറി, 26.10.2024 ലെ 41 നമ്പർ എൻക്വയറി എന്നിവയ്ക്ക് മറുപടി ലഭിച്ചിട്ടില്ല. അപാകതകൾക്ക് മറുപടി നൽകേണ്ടതും രേഖകൾ ഹാജരാക്കേണ്ടതുമാണ്. അപാകതകളുടെ അടിസ്ഥാനത്തിൽ ₹5388000/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-45 എസ്.സി വിവാഹധനസഹായം- അപാകതകൾ

| | |
|---|---|
| പ്രോജക്ട് നമ്പർ, പേര് | 03/24, എസ്.സി. വിവാഹധനസഹായം |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |
| അടങ്കൽ തുക | ₹3250000 |
| ഫണ്ടിനം | വികസന ഫണ്ട്(എസ്.സി.പി)-3250000 |
| ചെലവ് | വികസന ഫണ്ട്(എസ്.സി.പി)-3250000 |
| ബിൽ നം, തിയതി, തുക ₹ | I) 80/12.10.2023/2000000<br>Ii) 100/22.11.2023/1250000 |

ധനുഷ്കോടി മകൾ ഷൺമുഖപ്രിയയുടെ വിവാഹത്തിന് ₹125000/- അനുവദിച്ചിട്ടുണ്ട്. പട്ടികജാതി വികസന വകുപ്പിൽ നിന്നും ധനസഹായം അനുവദിച്ചിട്ടില്ല എന്ന സാക്ഷ്യപത്രം ഗുണഭോക്താവ് ഹാജരാക്കിയിട്ടില്ല. ദേവികുളം ഗ്രാമപഞ്ചായത്തിൽ നിന്നും ധനസഹായം അനുദിച്ചിട്ടില്ല എന്ന സാക്ഷ്യപത്രമാണ് ഫയലിൽ സൂക്ഷിച്ചിട്ടുള്ളത്.

ഇതുമായി ബന്ധപ്പെട്ട് നൽകിയ 24.10.2024 ലെ 32 നമ്പർ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭിച്ചിട്ടില്ല. പട്ടികജാതി വികസന വകുപ്പിൽ നിന്നും ധനസഹായം അനുവദിച്ചിട്ടില്ല എന്ന സാക്ഷ്യപത്രം ഗുണഭോക്താവ് ഹാജരാക്കേണ്ടതാണ്. സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ ഗുണഭോക്താവിന് അനവദിച്ച ₹125000/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-46 ടെണ്ടർ നടപടിക്രമങ്ങൾ പാലിക്കാതെ വാങ്ങലുകൾ നടത്തുന്നു

ഗ്രാമപഞ്ചായത്തിലെ 2023-2024 സാമ്പത്തിക വർഷത്തെ തനതുഫണ്ട് വൗച്ചറുകൾ പരിശോധിച്ചതിൽ ഭൂരിഭാഗം വാങ്ങലുകളും നടത്തിയിരിക്കുന്നത് ടെണ്ടർ /ക്വട്ടേഷൻ നടപടിക്രമങ്ങൾ പാലിക്കാതെയാണെന്ന് കാണുന്നു. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

1) വൗച്ചർ നം. 2230130/25.3.2024 നളന്ദ ബുക്ക് സ്റ്റാൾ, അടിമാലിയിൽ നിന്നും ₹30351 /- വിവിധയിനം ബുക്കുകളും, മറ്റ് സ്റ്റേഷനറി സാധനങ്ങളും വാങ്ങിയിട്ടുണ്ട്. എന്നാൽ ടെണ്ടർ നടപടികൾ സ്വീകരിച്ചതിന്റെ വിവരങ്ങൾ ഫയലിൽ ലഭ്യമായിട്ടില്ല.

2) വൗച്ചർ നമ്പർ 22301176 തീയതി 13.3.2024 പ്രകാരം Eicher 2080 XPT എന്ന വാഹനത്തിന് ജാക്കി വാങ്ങുന്നതിനായി എ.വി.ജി വെഹിക്കിൾസ് സെയിൽസ് & സെർവീസസ് പ്രൈ.ലിമിറ്റഡ് എന്ന സ്ഥാപനത്തിന് ₹75000/- നൽകിയിട്ടുണ്ട്. ടെണ്ടർ വിശദാംശങ്ങൾ പരിശോധനക്കായി ലഭ്യമാക്കിയിട്ടില്ല. ആയതു പരിശോധനക്കായി ലഭ്യമാക്കുവാനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.4/22.10.2024) മറുപടി ലഭ്യമാക്കിയിട്ടില്ല. ടെണ്ടർ നടപടി സ്വീകരിക്കാതെ ഇത്ര വലിയ തുകക്ക് വാങ്ങലുകൾ നടത്തിയിട്ടുള്ളത് ക്രമവിരുദ്ധമാണ്.
ക്രമനം. 1, 2 ലെ വാങ്ങലുകളുമായി ബന്ധപ്പെട്ട് ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടി ക്രമങ്ങൾ അറിയിക്കേണ്ടതാണ്.

## 1-47 എസ്.സി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്

| | |
|---|---|
| പ്രോജക്ട് നമ്പർ, പേര് | 03/24, എസ്.സി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |
| അടങ്കൽ തുക | ₹750000 |

| | |
|---|---|
| ഫണ്ടിനം | വികസന ഫണ്ട്(എസ്.സി.പി)-500000,<br>ജില്ലാ പഞ്ചായത്ത്-200000,<br>തനത് ഫണ്ട്-50000 |
| ചെലവ് | വികസന ഫണ്ട്(എസ്.സി.പി)-500000,<br>ജില്ലാ പഞ്ചായത്ത്-195000,<br>തനത് ഫണ്ട്-40000 |
| ബിൽ നം., തീയതി, തുക ₹ | I)23100352014101021588/04.01.24/195000<br>Ii) 425/26.03.24/150000/-<br>Iii) 431/26.03.24/25000/-<br>Iv) 260/12.03.24/100000/-<br>V) 358/22.03.24/160000/-<br>Vi) 350/22.03.24/175000/-<br>Vii) 424/26.03.24/65000/- |

ഈ പ്രോജക്ടിൽ ₹20000/- സ്കോളർഷിപ്പ് കൈപറ്റിയ ഷൈനി.കെ തലയാർ എന്ന വിദ്യാർത്ഥിനി 15.03.24 ന് 1230203494 രസീതി പ്രകാരം തുക തിരിച്ചടച്ചിട്ടുണ്ട്. തുക അനുവദിക്കുവാനും തിരിച്ചടയ്ക്കുവാനുമുണ്ടായ സാഹചര്യം വ്യക്തമാക്കേണ്ടതാണ്. ജില്ലാ പഞ്ചായത്ത് വിഹിതത്തിൽ നിന്നാണ് വിദ്യാർത്ഥികൾക്ക് ഈ തുക അനുവദിച്ചത്. ഈ തുക ജില്ലാ പഞ്ചായത്തിലേയ്ക്ക് തിരിച്ചടച്ചിട്ടുണ്ടോ എന്ന് വ്യക്തമല്ല. ഇതുമായി ബന്ധപ്പെട്ട് നൽകിയ 24.10.2024 ലെ 32 നമ്പർ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭിച്ചിട്ടില്ല. അപാകതകൾക്ക് മറുപടി നൽകേണ്ടതും തുക ജില്ലാ പഞ്ചായത്തിലേയ്ക്ക് തിരിച്ചടച്ച് അറിയിക്കേണ്ടതുമാണ്.

## 1-48 സാമൂഹ്യസുരക്ഷാപെൻഷൻ- ഗുണഭോക്താക്കളുടെ മരണശേഷവും പെൻഷൻ വിതരണം തുടരുന്നു

സാമൂഹ്യസുരക്ഷാ പെൻഷനുള്ള അർഹതാ മാനദണ്ഡങ്ങൾ/നിർദേശങ്ങൾ ഭേദഗതി ചെയ്തുകൊണ്ടുള്ള 23-9-2020 ലെ സ.ഉ (എം.എസ്) നം 97/2020/ധന ഉത്തരവ് പ്രകാരം മരണപ്പെട്ടവരുടെ വിവരങ്ങൾ ശേഖരിച്ച് അതത് മാസം പെൻഷൻ ഡാറ്റാ ബേസിൽ നിന്ന് നീക്കം ചെയ്യുന്നതിനും, ഗുണഭോക്താവ് മരണപ്പെട്ടതിന് ശേഷം അനന്തരാവകാശികൾ കൈപ്പറ്റിയിട്ടുള്ള തുകകൾ അവരിൽ നിന്ന് തിരിച്ച് പിടിച്ച് മുതൽ കൂട്ടുവാനും ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർ ബാധ്യസ്ഥരാണ്.

ധനകാര്യ വകുപ്പിന്റെ സർക്കുലർ നമ്പർ എസ്.എഫ്.സി -ബി2 /53/2017 /ധന. തീയതി 22.1.2018 പ്രകാരം മറ്റേതെങ്കിലും പ്രാദേശിക സർക്കാരിന്റെ പരിധിയിൽ മരണം/പുനർ വിവാഹം നടന്നാൽ/സംഭവിച്ചാൽ/ റിപ്പോർട്ട് ചെയ്താൽ പ്രസ്തുത പ്രാദേശിക സർക്കാർ സെക്രട്ടറി ഗുണഭോക്താവിന്റെ സ്വന്തം പ്രാദേശിക സർക്കാരിലേക്ക് ഇത് സംബന്ധിച്ച് അറിയിപ്പ് നിർബന്ധമായും നൽകേണ്ടതാണ്. ഒരു ഗുണഭോക്താവ് മരണപ്പെട്ട / പുനർവിവാഹം ചെയ്ത വിവരം ആ ഗുണഭോക്താവിന്റെ സ്വന്തം പ്രാദേശിക സർക്കാരിൽ റിപ്പോർട്ട് ചെയ്ത ശേഷവും സാമൂഹ്യസുരക്ഷാപെൻഷൻ റദ്ദാക്കാതെ തുടർന്നും അനുവദിക്കുകയാണെങ്കിൽ അത് പ്രസ്തുത പ്രാദേശിക സർക്കാർ സെക്രട്ടറിയുടെ വ്യക്തിപരമായ ബാധ്യതയായിരിക്കുന്നതാണ്.

ഗ്രാമപഞ്ചായത്തിലെ പെൻഷൻ വിതരണവുമായി ബന്ധപ്പെട്ട രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും ഗുണഭോക്താക്കളുടെ മരണത്തെ തുടർന്ന് പെൻഷൻ വിതരണം അവസാനിപ്പിക്കുന്നത് സംബന്ധിച്ച് അപാകതകൾ കാണുന്നു. പരിശോധനയിൽ കണ്ട ഏതാനും അപാകതകൾ താഴെ ചേർക്കുന്നു.

| ക്രമ നം | പെൻഷനറുടെ പേര് | പെൻഷൻ തരം | മരണം നടന്ന തീയതി (ഗ്രാമപഞ്ചായത്തിലെ പെൻഷൻ സസ്പെന്റ് ചെയ്യുന്ന വിവരങ്ങൾ സൂക്ഷിച്ചിരിക്കുന്ന രജിസ്റ്റർ പ്രകാരം) | പെൻഷൻ വിതരണം | റിമാർക്സ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 1 | പേച്ചിയമ്മാൾ | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 28.4.2022 | 6/2023 -വരെയുള്ള തുക പെൻഷനറുടെ അക്കൌണ്ടിൽ നിക്ഷേപിച്ചു | പെൻഷൻ സസ്പെന്റ് ചെയ്തിട്ടുണ്ട് |
| 2 | ജ്യോതി | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 28.12.2022 | 6/2023 -വരെയുള്ള തുക പെൻഷനറുടെ അക്കൌണ്ടിൽ നിക്ഷേപിച്ചു | പെൻഷൻ സസ്പെന്റ് ചെയ്തിട്ടുണ്ട് |
| 3 | രക്കമ്മാൾ | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 5.11.2022 | 6/2023 -വരെയുള്ള തുക പെൻഷനറുടെ അക്കൗണ്ടിൽ നിക്ഷേപിച്ചു | പെൻഷൻ സസ്പെന്റ് ചെയ്തിട്ടുണ്ട് |
| 4 | പിച്ചൈദാസ് | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 11.5.2021 | 6/2023 -വരെയുള്ള തുക പെൻഷനറുടെ അക്കൌണ്ടിൽ നിക്ഷേപിച്ചു | പെൻഷൻ സസ്പെന്റ് ചെയ്തിട്ടുണ്ട് |
| 5 | രാജ് .പി | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 2.12.2022 | 6/2023 -വരെയുള്ള തുക പെൻഷനറുടെ അക്കൌണ്ടിൽ നിക്ഷേപിച്ചു | പെൻഷൻ സസ്പെന്റ് ചെയ്തിട്ടുണ്ട് |
| 6 | റോസ് മേരി ഞ്ജാനപ്രകാശൻ | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 4.11.2022 | 6/2023 -വരെയുള്ള തുക പെൻഷനറുടെ അക്കൌണ്ടിൽ നിക്ഷേപിച്ചു | പെൻഷൻ സസ്പെന്റ് ചെയ്തിട്ടുണ്ട് |
| 7 | അന്ന മരിയാർ വിജയൻ | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 24.9.2022 | 6/2023 -വരെയുള്ള തുക പെൻഷനറുടെ അക്കൌണ്ടിൽ നിക്ഷേപിച്ചു | പെൻഷൻ സസ്പെന്റ് ചെയ്തിട്ടുണ്ട് |
| 8 | ചിന്നത്തായ് അമ്മാൾ | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 1.10.2022 | 6/2023 -വരെയുള്ള തുക പെൻഷനറുടെ അക്കൌണ്ടിൽ നിക്ഷേപിച്ചു | പെൻഷൻ സസ്പെന്റ് ചെയ്തിട്ടുണ്ട് |

| | | | | | |
|---|---|---|---|---|---|
| 9 | സൂസൈയമ്മ | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 13.9.2022 | 5/2024 -വരെയുള്ള തുക പെൻഷനറുടെ അക്കൌണ്ടിൽ നിക്ഷേപിച്ചു | പെൻഷൻ അക്കൗണ്ട് നിലവിലും ആക്ടീവായി തുടരുന്നു |
| 10 | മുനിയസ്വാമി | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 10.8.2022 | 6/2023 -വരെയുള്ള തുക പെൻഷനറുടെ അക്കൌണ്ടിൽ നിക്ഷേപിച്ചു | പെൻഷൻ സസ്പെൻറ് ചെയ്തിട്ടുണ്ട് |
| 11 | മുനുസ്വാമി | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 19.6.2022 | 6/2023 -വരെയുള്ള തുക പെൻഷനറുടെ അക്കൌണ്ടിൽ നിക്ഷേപിച്ചു | പെൻഷൻ സസ്പെൻറ് ചെയ്തിട്ടുണ്ട് |
| 12 | അളകമ്മ | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 28.5.2022 | 6/2023 -വരെയുള്ള തുക പെൻഷനറുടെ അക്കൌണ്ടിൽ നിക്ഷേപിച്ചു | പെൻഷൻ സസ്പെൻറ് ചെയ്തിട്ടുണ്ട് |

1) മേൽ പെൻഷൻ ഗുണഭോക്താക്കളുടെ മരണശേഷവും ക്ഷേമ പെൻഷൻ ഇനത്തിൽ സർക്കാർ ഫണ്ടിൽനിന്നും ചെലവായ തുകകൾ തിരികെ ഈടാക്കി സർക്കാരിലേക്ക് തിരിച്ചടച്ചിട്ടില്ല.

2) ആക്ടീവായി തുടരുന്ന പെൻഷൻ അക്കൗണ്ടുകൾ പെൻഷനറുടെ മരണശേഷവും സസ്പെൻറ് ചെയ്യുന്നില്ല.

മേൽ പെൻഷൻ ഗുണഭോക്താക്കളുടെ മരണശേഷവും ക്ഷേമ പെൻഷൻ ഇനത്തിൽ സർക്കാർ ഫണ്ടിൽനിന്നും ചെലവായ തുകകൾ തിരികെ ഈടാക്കി സർക്കാരിലേക്ക് തിരിച്ചടച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ പരിശോധനക്കായി ലഭ്യമാക്കുവാനും ആക്ടീവായി തുടരുന്ന അക്കൗണ്ടുകൾ സസ്പെൻറ് ചെയ്യാത്തതിനും വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.31/25.10.2024) മറുപടി ലഭ്യമായിട്ടില്ല. പട്ടികയിൽ പരാമർശിച്ചതുൾപ്പെടെയുള്ള ഗുണഭോക്താക്കൾ മരണപ്പെട്ടതിന് ശേഷം അനന്തരാവകാശികൾ കൈപ്പറ്റിയിട്ടുള്ള തുകകൾ അനന്തരാവകാശികളിൽ നിന്ന് തിരിച്ച് പിടിച്ച് സർക്കാരിലേക്ക് തിരിച്ചടച്ചതിന്റെ രേഖകൾ പരിശോധനക്കായി ലഭ്യമാക്കേണ്ടതാണ്. കൂടാതെ ഗ്രാമപഞ്ചായത്തിലെ മരണ രജിസ്ട്രേഷൻ സെക്ഷൻ പെൻഷൻ സെക്ഷനിലേക്ക് ഫയലുകൾ കൈമാറി മരണപ്പെട്ടവർ പെൻഷനർ ആണോ എന്ന് പരിശോധിക്കേണ്ടതും പെൻഷനർ ആണെങ്കിൽ ആയത് യഥാസമയം സസ്പെൻറ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

**<u>1-49 ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ-യഥാസമയം മരുന്ന് ലഭ്യമാകുന്നില്ല</u>**

| | |
|---|---|
| പ്രോജക്ട് | 83/24, ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, ഹോമിയോ |
| അടങ്കൽ തുക | ₹300000/- |
| ബിൽ നം./തീയതി/തുക | 23100352009800929694/ 13.12.2023/ ₹300000/- |

മേൽ പദ്ധതി പ്രകാരം മരുന്ന് വാങ്ങലിനായി ആകെ ₹300000/- ഹോംകോയിൽ ഒടുക്കിയിരുന്നെങ്കിലും₹150,000/-യുടെ മരുന്നുകൾ മാത്രമാണ് ലഭ്യമായിട്ടുള്ളത്. ₹150,000/-യുടെ മരുന്ന് നാളിതുവരെയും ലഭ്യമായിട്ടില്ല. ₹150,000/- യുടെ മരുന്ന് അടിയന്തരമായി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. മരുന്ന് ലഭ്യമാകുന്ന മുറയ്ക്ക് അവ സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് വിവരം അറിയിക്കേണ്ടതാണ്. മരുന്ന് വാങ്ങൽ പദ്ധതികൾ സമയബന്ധിതമായി ഏറ്റെടുക്കുന്നതിനും സാമ്പത്തിക വർഷാവസാനം വരെ കാത്തിരിക്കാതെ മുൻകൂട്ടി തുക ഒടുക്കി മരുന്ന് ലഭ്യത ഉറപ്പാക്കേണ്ടതുമാണ്

**1-50 മഴക്കാലപൂർവ്വ ശുചീകരണം- ചെലവഴിക്കാത്ത തുകകൾ പഞ്ചായത്തു ഫണ്ടിൽ തിരിച്ചടക്കേണ്ടതാണ്**

ഗ്രാമപഞ്ചായത്തിലെ 21 വാർഡുകളിലെ 2023-24 സാമ്പത്തിക വർഷത്തെ മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾക്കായി ആകെ 210000/- രൂപ (₹10000/- വച്ച് ഓരോ വാർഡിലും) വൗച്ചർ നമ്പർ 22300320/21.7.2023 പ്രകാരം തനതു ഫണ്ടിൽ നിന്നും വാർഡുതല സാനിട്ടേഷൻ സമിതിയുടെ ജോയിന്റ് അക്കൗണ്ടിലേക്ക് നൽകിയിട്ടുണ്ട്. 21 വാർഡുകളിലേയും മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട ഫയലുകൾ പരിശോധനക്കായി ലഭ്യമാക്കുവാനായി ഓഡിറ്റ് എൻക്വയറി (നം.20/22.10.2024) നൽകിയിരുന്നു. ആയതു പ്രകാരം പരിശോധനക്കായി ലഭ്യമാക്കിയ ഫയലുകൾ പരിശോധിച്ചതിൽ നിന്നും ചുവടെ കൊടുത്തിരിക്കുന്ന അപാകതകൾ കാണുന്നു.

1) വാർഡു നമ്പർ 1 ലെ വാർഡുതല സാനിട്ടേഷൻ സമിതിയുടെ എസ്.ബി.ഐ. മൂന്നാർ ബ്രാൻഞ്ച് അക്കൗണ്ടിലേക്ക്(അക്കൗണ്ട് നം.67056093721) മഴക്കാല ശുചീകരണ പ്രവർത്തനങ്ങൾക്കായി നൽകിയ തുക 12.7.2023 ൽ ബാങ്കിൽ ക്രെഡിറ്റ് ആയിട്ടുണ്ട്. ബാങ്ക് പാസ്സ് ബുക്ക് പരിശോധിച്ചതിൽ 22.12.2023 ൽ ₹10000/- ടി അക്കൗണ്ടിൽ നിന്നും പിൻവലിച്ചിട്ടുണ്ട്. എന്നാൽ ചെലവു രേഖകൾ പരിശോധനക്കായി ലഭ്യമായിട്ടില്ല.

2) വാർഡു നമ്പർ 9 ലെ വാർഡുതല സാനിട്ടേഷൻ സമിതിയുടെ എസ്.ബി.ഐ മൂന്നാർ ബ്രാൻഞ്ച് അക്കൗണ്ടിലേക്ക് (അക്കൗണ്ട് നം.67056093732) മഴക്കാല ശുചീകരണ പ്രവർത്തനങ്ങൾക്കായി നൽകിയ തുക 12.7.2023 അക്കൗണ്ടിൽ ക്രെഡിറ്റ് ആയിട്ടുണ്ട്. ബാങ്ക് പാസ്സ് ബുക്ക് പ്രകാരം 7.10.2023 ൽ ₹10000/- ടി അക്കൗണ്ടിൽ നിന്നും പിൻവലിച്ചിട്ടുണ്ട്. എന്നാൽ ചെലവു രേഖകൾ പരിശോധനക്കായി ലഭ്യമായിട്ടില്ല.

3) വാർഡു നമ്പർ 12 ലെ വാർഡുതല സാനിട്ടേഷൻ സമിതിയുടെ എസ്.ബി.ഐ മൂന്നാർ ബ്രാൻഞ്ച് അക്കൗണ്ടിലേക്ക് (അക്കൗണ്ട് നം.67056093696) മഴക്കാല ശുചീകരണ പ്രവർത്തനങ്ങൾക്കായി നൽകിയ തുക 12.7.2023 അക്കൗണ്ടിൽ ക്രെഡിറ്റ് ആയിട്ടുണ്ട്. ബാങ്ക് പാസ്സ് ബുക്ക് പരിശോധിച്ചതിൽ ആയത് നാളിതുവരെയും അക്കൗണ്ടിൽ നിന്നും പിൻവലിച്ചിട്ടില്ല. ചെലവഴിക്കാത്ത തുകയായ ₹10000/- പഞ്ചായത്തു ഫണ്ടിൽ തിരിച്ചടച്ച് രേഖകൾ പരിശോധനക്കായി ലഭ്യമാക്കേണ്ടതാണ്.

ക്രമ നം. 1,2,3 ലെ അപാകതകൾ പരിഹരിച്ച് രേഖകൾ പരിശോധനക്കായി ലഭ്യമാക്കുന്നതു വരെ ടി മൂന്ന് വാർഡുകളിലേക്കുള്ള ആകെ ചെലവു തുകയായ ₹30000/- ന്റെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

**1-51 പച്ചക്കറി കൃഷി ടെറസിലും മുറ്റത്തും പദ്ധതി-അനുബന്ധരേഖകളില്ലാതെ ആനുകൂല്യം നൽകി**

ഗ്രാമപഞ്ചായത്തിൽ 2023-24 സാമ്പത്തിക വർഷത്തിൽ പച്ചക്കറി കൃഷി ചെയ്യുന്നതിലേക്ക് മൂന്നാർ ഗ്രാമപഞ്ചായത്തിലെ എസ്.സി വിഭാഗത്തിൽപ്പെട്ട 60 കർഷകർക്ക് ₹2500/-ക്ക് മൺചട്ടി പോട്ടിംഗ് മിശ്രിതം നിറച്ച പച്ചക്കറി തൈകൾ (75% സബ്സിഡിയിനത്തിൽ) നൽകുന്നതിനായി ആവിഷ്ക്കരിച്ചിരിക്കുന്ന പ്രോജക്ടിന്റെ വിശദാംശങ്ങൾചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ടിന്റെ പേര്, നമ്പർ | പച്ചക്കറി കൃഷി ടെറസിലും മുറ്റത്തും എസ്.സി വനിത/131/24 |
| നിർവഹണ ഉദ്യോഗസ്ഥൻ | കൃഷി ഓഫീസർ |
| അടങ്കൽ തുക ₹ | 1)112500/-വികസന ഫണ്ട് (എസ്.സി.പി)<br>2)40500/-ഗുണഭോക്തൃവിഹിതം |
| | |

| | |
|---|---|
| ചെലവ് തുക₹/ട്രഷറി ബിൽ നം./വൗച്ചർ നം/ തീയതി | ആകെ-153000/-<br>1)46875/- 370/23.3.2024<br>2)65625/-<br>316/19.32024<br>3)23625/-<br>22301339/30.3.2024<br>4)13875/-<br>22301341/30.3.2024<br>5)3000/-ചെക്ക് നം .002735/26.6.2024 |

ടി പ്രോജക്ട് പ്രകാരം മൺ ചട്ടിയിൽ പോട്ടിംഗ് മിശ്രിതം നിറച്ച പച്ചക്കറി തൈകൾ (75%സബ്സിഡി നിരക്കിൽ )വാങ്ങി നൽകുന്നതിനായി പട്ടികയിലെ ബിൽ നമ്പർ 1, 2, 3, 4, 5 പ്രകാരം ആകെ ₹153000/- കേരള അഗ്രോ ഇന്റസ്ട്രീസ് കോർപ്പറേഷന് നൽകിയിട്ടുണ്ട്. പദ്ധതി പ്രകാരം 60 എണ്ണം ഗുണഭോക്താക്കൾക്ക് 1020 എണ്ണം മൺ ചട്ടിയിൽ പോട്ടിംഗ് മിശ്രിതം നിറച്ച പച്ചക്കറി തൈകൾ (ഓരോ ഗുണഭോക്താക്കൾക്കും 17 എണ്ണം (1 യൂണിറ്റ്) വാങ്ങി നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | തുക ₹/ ഇൻവോയിസ് നം/ തീയതി | എണ്ണം | അനുവദിച്ച തുക ₹ |
|---|---|---|---|---|
| 1 | കേരള അഗ്രോ ഇന്റസ്ട്രീസ് കോർപ്പറേഷൻ | 63750/373/22.3.2024 | 425 | 46875 |
| 2 | | 89250/328/15.3.2024 | 595 | 65625 |

പദ്ധതിയുമായി ബന്ധപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു .

1) ഗുണഭോക്താക്കളുടെ അവശ്യരേഖകളായ കമ്മ്യൂണിറ്റി സർട്ടിഫിക്കറ്റ്( 10 പേരുടേയും) റേഷൻ കാർഡിന്റെ കോപ്പി (ക്രമനം. 4,5,6, 10എന്നിവരുടെ) എന്നിവ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് / വാർഡ് നം |
|---|---|
| 1 | ചന്ദ്ര കുമാര ഭവൻ,കോളനി റോഡ് /10 |
| 2 | ലത, ഇക്കാനഗർ ./10 |
| 3 | പേച്ചിയമ്മാൾ, അന്തോണിയാർ കോളനി /19 |
| 4 | അനിത, വാഗുവരൈ എസ്റ്റേറ്റ് /4 |
| 5 | ആശാ /വാഗുവരൈ/4 |
| 6 | ഇന്ദിര, പുതുക്കാട് |
| 7 | ദിവ്യ .ബി /15 |
| 8 | ജപമണി, ഇക്കാനഗർ/10 |
| 9 | കമലം, ഇക്കാനഗർ /10 |
| 10 | രഞ്ജിത, കല്ലാർ/10 |

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുവാനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 28/24.102024) കമ്മ്യൂണിറ്റി സർട്ടിഫിക്കറ്റ് ലഭിക്കുവാൻ കാലതാമസം നേരിട്ടതുമൂലമാണ് ഗുണഭോക്താവിന് യഥാസമയം സർട്ടിഫിക്കറ്റ് ഹാജരാക്കുവാൻ സാധിക്കാതിരുന്നത് എന്ന് മറുപടി നൽകിയിട്ടുണ്ട്.

അവശ്യരേഖകൾ ഹാജരാക്കാതെ ആനുകൂല്യം നൽകിയത് ശരിയല്ല. അനുബന്ധരേഖകൾ ഹാജരാക്കുന്നതു വരെ മുകളിൽ കൊടുത്തിരിക്കുന്ന 10 ഗുണഭോക്താക്കൾക്ക് ബിൽ നം.1,2 പ്രകാരം പോട്ടിംഗ് മിശ്രിതം നിറച്ച ചട്ടി നൽകുന്നതിന് വികസനഫണ്ടിൽ നിന്നും ചെലവഴിച്ച തുകയായ 18750/- ( 1875*10) രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

**1-52 ഭവന നിർമ്മാണത്തിന് തനതുഫണ്ടിൽ നിന്നും കരാറുകാരന് സംഭാവന നൽകിയത്**

ഗ്രാമപഞ്ചായത്തിലെ 2023-24 സാമ്പത്തിക വർഷത്തെ തനതു ഫണ്ട് വൗച്ചറുകൾ പരിശോധിച്ചതിൽ ഈശ്വരൻ മാരിയമ്മാൾ എന്ന വ്യക്തിയുടെ വീട് നിർമ്മാണവുമായി ബന്ധപ്പെട്ട് ഗ്രാമപഞ്ചായത്തിന്റെ തനതുഫണ്ടിൽ നിന്നും 300000/-രൂപ സമുദ്രവേൽ എന്ന കരാറുകാരന്റെ ബാങ്ക് അക്കൗണ്ടിലേക്ക് സംഭാവനയിനത്തിൽ നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | വൗച്ചർ നം. /തീയതി | അനുവദിച്ച തുക ₹ |
|---|---|---|
| 1 | 22301053/27.2.2024 | 100000 |
| 2 | 22300907/3.2.2024 | 100000 |
| 3 | 22300911/5.2.24 | 50000 |
| 4 | 22301090 /29.2.2024 | 50000 |
| | ആകെ | 300000 |

ഭവനനിർമ്മാണവുമായി ബന്ധപ്പെട്ട് തുക നൽകിയതിന് വിശദാംശങ്ങൾ ലഭ്യമാക്കുവാനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.3/22.10.2024,38/25.10.2024) ലഭ്യമായ മറുപടിയിൽ മൂന്നാർ ഗ്രാമപഞ്ചായത്തിലെ വാർഡ് 9 ൽ കോളനിയിൽ താമസിക്കുന്ന ഈശ്വരൻ എന്നയാളുടെ വീട് പൂർണ്ണമായി തകർന്നു വീണതിനാൽ ടിയാനും കുടുംബത്തിനും താമസിക്കുന്നതിന് ഏറ്റവും കുറഞ്ഞ വലിപ്പത്തിൽ ഒരു വീട് നിർമ്മിക്കുന്നതിന് കഴിയുന്നത്ര തുക സംഭാവനയായി സ്വീകരിച്ച് ബാക്കി വരുന്ന തുക തനതുഫണ്ടിൽ നിന്നും ഈടാക്കുന്നതിനും തീരുമാനിച്ചുവെന്നും (കമ്മറ്റി തീരുമാനം നം.15/17.1.2024) ഇപ്രകാരം സംഭാവനയായി ₹166000/- ലഭിച്ചുവെന്നും ബാക്കി തുകയാണ് തനതുഫണ്ടിൽ നിന്നും അനുവദിച്ചതെന്നും മറുപടി നൽകിയിട്ടുണ്ട്.

ഭവന നിർമ്മാണത്തിന് തുക അനുവദിച്ചതുമായി ബന്ധപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1) വൗച്ചറുകൾ പ്രകാരം തുക നൽകിയിരിക്കുന്നത് കരാറുകാരനായ സമുദ്രവേൽ എന്ന വ്യക്തിയുടെ അക്കൗണ്ടിലേക്കാണ്. എന്നാൽ ഭവനനിർമ്മാണവുമായി ബന്ധപ്പെട്ട യാതൊരു രേഖകളും ബില്ലുകളും എസ്റ്റിമേറ്റും ഫയലിൽ സൂക്ഷിച്ചിട്ടില്ല. കരാറുകാരനെ തിരഞ്ഞെടുത്തതിന്റെ മാനദണ്ഡം വ്യക്തമല്ല. ഗ്രാമപഞ്ചായത്തിലെ അസിസ്റ്റന്റ് എഞ്ചിനീയർ എസ്റ്റിമേറ്റ് തയ്യാറാക്കി ആയതിന്റെ അടിസ്ഥാനത്തിൽ ടെണ്ടർ വിളിച്ച് പ്രവർത്തികൾ നടപ്പിലാക്കുകയും അസിസ്റ്റന്റ് എഞ്ചിനീയറുടെ മെഷർമെന്റിന്റെ അടിസ്ഥാനത്തിൽ തുക അനുവദിക്കുകയും ചെയ്യണമെന്നിരിക്കെ ടി നടപടിക്രമങ്ങൾ പാലിക്കാതെ തനതുഫണ്ടിൽ നിന്നും കരാറുകാരന് മുകളിൽ കൊടുത്തിരിക്കുന്ന വൗച്ചറുകൾ പ്രകാരം ₹300000/- അനുവദിച്ചിരിക്കുന്നു.

2) അസിസ്റ്റന്റ് എഞ്ചിനീയറുടെ വാലുവേഷൻ സർട്ടിഫിക്കറ്റിൽ ₹325000/-യുടെ വർക്ക് ചെയ്തെന്നും പ്രവൃത്തി എ.ഇ സൂപ്പർവൈസ് ചെയ്തിട്ടില്ലായെന്നും ബാഹ്യമായ അപ്പിയറൻസിന്റെ അടിസ്ഥാനത്തിൽ വാലുവേഷൻ എടുത്തു എന്നും രേഖപ്പെടുത്തിയിട്ടുണ്ട്. വാലുവേഷൻ സർട്ടിഫിക്കറ്റ് 28.2.2023 തീയതിയിലേയും എന്നാൽ തുക അതുവദിച്ചത് അതിനുശേഷം ഒരു വർഷം കഴിഞ്ഞുള്ള തീയതിയിലുമാണ്. (27.2.2024, 3.2.2024, 5.2.2024, 29.2.2024). ആയതിന്റെ കാരണം വ്യക്തമല്ല.

ഈശ്വരൻ എന്നയാളുടെ വീട് മെയിന്റനൻസിന് സംഭാവനയായി കുറഞ്ഞതുകയാണ് ലഭിക്കുന്നതെങ്കിൽ ബാക്കി തുക തനതു ഫണ്ടിൽ നിന്നും മുൻകൂറായി നൽകി വീട് നിർമ്മാണം പൂർത്തീകരിക്കുന്നതിന് കമ്മറ്റി തീരുമാനിച്ചു എന്നും മറുപടി നൽകിയിട്ടുണ്ട്. സബ്സിഡി മാനദണ്ഡപ്രകാരം പ്രോജക്ടുകൾ ഏറ്റെടുത്ത് മാത്രമാണ് വീട് മെയിന്റനൻസിന്/നിർമ്മാണത്തിന് തുക അനുവദിക്കുന്നത്. ഒരു വ്യക്തിയുടെ അപേക്ഷയുടെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്ത് കമ്മറ്റി തീരുമാനമെടുത്ത്

തനതുഫണ്ടിൽ നിന്നും യഥേഷ്ടം സബ്സിഡി മാർഗരേഖക്കു വിരുദ്ധമായി തുക കരാറുകാരന് അനുവദിക്കാവുന്നതല്ല. അടിയന്തിര ഘട്ടങ്ങളിൽ ദുരിതാശ്വാസ നിധിയിൽ നിന്നുമാണ് തുക അനുവദിക്കേണ്ടത്. ആയതിനാൽ ₹300000/- അനുവദിച്ചതിന് സർക്കാരിൽ നിന്നും സാധൂകരണം വാങ്ങേണ്ടതാണ്. ടി തുകയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-53 ജൈവവളം വിതരണം പദ്ധതി-അപേക്ഷകളില്ലാതെ ആനുകൂല്യം നൽകി

ഗ്രാമപഞ്ചായത്തിലെ എസ്.സി വിഭാഗത്തിൽപ്പെടുന്ന കർഷകർക്ക് 100% സബ്സിഡിയിൽ ജൈവവളം നൽകുന്നതിനായി 2023-24 സാമ്പത്തിക വർഷത്തിൽ ആവിഷ്ക്കരിച്ചിരിക്കുന്ന പ്രോജക്റ്റിന്റെ വിശദാംശങ്ങൾചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ടിന്റെ പേര്, നമ്പർ | ജൈവവളവിതരണം(എസ്.സി.പി) /164/24 |
| നിർവഹണ ഉദ്യോഗസ്ഥൻ<br>അടങ്കൽ തുക ₹ | കൃഷി ഓഫീസർ<br>1)500000/-വികസന ഫണ്ട്(എസ്.സി.പി) |
| ചെലവ് തുക₹/ട്രഷറി ബിൽ നം./തീയതി | ആകെ-127400/-വികസന ഫണ്ട്( എസ്.സി.പി)<br>1)81900/-<br>255/11.3.2024<br>2) 45500/-<br>256/11.3.2024 |

പദ്ധതിയുമായി ബന്ധപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു

പദ്ധതിയുമായി ബന്ധപ്പെട്ട് പട്ടികയിലെ ബിൽ നം. 1,2 പ്രകാരം ആകെ ₹127400/- ജൈവവളവിതരണവുമായി ബന്ധപ്പെട്ട് മൂന്നാർ ഗ്രാമപഞ്ചായത്തിലെ കല്ലാർ ഫെർട്ടിലൈസർ യൂണിറ്റിൽ നിന്നും ആകെ 9800 കി.ലോ ജൈവവളം 196 ഗുണഭോക്താക്കൾക്ക്(ഓരോരുത്തർക്കും 50 കി.ഗ്രാം വീതം) വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| ക്രമനം | സ്ഥാപനത്തിന്റെ പേര് | അളവ് (കി.ഗ്രാം) | തുക/ക്യാഷ് ബിൽ നം./തീയതി |
|---|---|---|---|
| 1 | കല്ലാർ ഫെർട്ടിലൈസർ യൂണിറ്റ് | 3500 | 45500/094/9.2.2024 |
| 2 | | 650 | 8450/098/9.2.2024 |
| 3 | | 900 | 11700/095/9.2.2024 |
| 4 | | 2050 | 26650/099/9.2.2024 |
| 5 | | 2700 | 35100/096/9.2.2024 |
| ആകെ | | 9800 | 127400/- |

എന്നാൽ ടി പദ്ധതിയുമായി ബന്ധപ്പെട്ട ഗുണഭോക്താക്കളുടെ അപേക്ഷകൾ പരിശോധനക്കായി ലഭ്യമായിട്ടില്ല. ആയതിനു വിശദീകരണം ലഭ്യമാക്കുവാനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം. 29/24.10.2024) ലഭ്യമായ മറുപടിയിൽ മേൽ പറഞ്ഞ പദ്ധതിയിൽ ലിസ്റ്റിലെ എല്ലാ ഗുണഭോക്താക്കൾക്കും വളം വിതരണം നടത്താമെന്നാണ് കമ്മറ്റിയിൽ പറഞ്ഞിരുന്നതെന്നും വളത്തിന്റെ ദൗർലഭ്യം മൂലം 5-ാം വാർഡിൽ മാത്രമേ പദ്ധതി നിർവഹണം നടത്താനായിട്ടുള്ളൂ എന്നും സാമ്പത്തിക വർഷാവസാനത്തിൽ പദ്ധതി നടപ്പിലാക്കിയതുമൂലം അപേക്ഷ മേടിക്കുവാൻ സാധിച്ചിട്ടില്ലാ എന്നും അറിയിച്ചിട്ടുണ്ട്. അപേക്ഷകളും അനുബന്ധരേഖകളും വാങ്ങിക്കാതെ ആനുകൂല്യം നൽകിയത് സബ്സിഡി മാർഗരേഖക്കു വിരുദ്ധമാണ്. ആയതിനാൽ പദ്ധതി ചെലവുതുകയായ ₹127400/- യുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-54 ഇ.എസ്.ഐ ഹോസ്പിറ്റൽ മെയിന്റനൻസ്- അനുബന്ധരേഖകൾ പരിശോധനക്കായി ലഭ്യമാക്കിയിട്ടില്ല

വൗച്ചർ നം. 22300193/2.6.2023 പ്രകാരം ₹200000/- യും, വൗച്ചർ നം. 22300156/15.5.2023 പ്രകാരം ₹200000/- യും ഉൾപ്പെടെ ആകെ ₹400000/- എം.എൽ.എ എസ്.ഡി.എഫ് പദ്ധതിയിൽ ഉൾപ്പെടുത്തി ഇ.എസ്.ഐ ഹോസ്പിറ്റൽ വർക്കുകളുമായി ബന്ധപ്പെട്ട് മരിയൻ ടി.ആർ എന്ന കോൺട്രാക്ടർക്ക് തനതുഫണ്ടിൽ നിന്നും മുൻകൂർ നൽകിയിട്ടുണ്ട്. മുൻകൂർ നൽകിയ തുക തിരികെ ഈടാക്കിയതിന്റെയോ ടി പ്രവൃത്തി

പൂർത്തീകരിച്ചതിന്റയോ രേഖകൾ ലഭ്യമാക്കുവാനായി നൽകിയ ഓഡിറ്റ് എൻകചയറിക്ക് (നം. 30/24.10.2024) തുക തിരികെ സെക്രട്ടറിയുടെ പേരിലുള്ള അക്കൗണ്ടിലേക്ക് അടവാക്കിയുണ്ടെന്ന് മറുപടി നൽകിയിട്ടുണ്ട്.

1) തുക പഞ്ചായത്തുഫണ്ടിൽ അടവാക്കിയതിന്റെ രേഖകൾ പരിശോധനക്കായി ലഭ്യമാക്കിയിട്ടില്ല. ആയതു പരിശോധനക്കായി ലഭ്യമാക്കേണ്ടതാണ്.

2) ടി പ്രവൃത്തിയുമായി ബന്ധപ്പെട്ട് ടെണ്ടർ നടപടി രേഖകൾ, അനുബന്ധരേഖകൾ എന്നിവ പരിശോധനക്കായി ലഭ്യമാക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്തിൽ മുൻകൂർ രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല. ആയതിനാൽ മുൻകൂർ നൽകിയ തുകകളുടെ തിരിച്ചടവ് വിവരം പരിശോധിക്കുവാൻ സാധിക്കുന്നില്ല.

ഉദാ.വൗച്ചർ നം. 22300464/1.10.2023 പ്രകാരം ₹400000/- ടൗൺ ഹാൾ പുതുക്കി പണിയുന്നതുമായി ബന്ധപ്പെട്ട് തനതുഫണ്ടിൽ നിന്നും അടിമാലി ലേബർ കോൺട്രാക്ടേഴ്സ് സൊസൈറ്റി ക്ക് മുൻകൂർ നൽകിയിട്ടുണ്ട്. തിരിച്ചടവു വിവരം ലഭ്യമായിട്ടില്ല.

**1-55 ലൈഫ് ഭവന പദ്ധതി - ആദ്യ ഗഡു കൈപ്പറ്റിയിട്ടും ഭവന നിർമ്മാണം ആരംഭിച്ചിട്ടില്ല.**

ലൈഫ് ഭവന പദ്ധതി പ്രകാരം ഭവനനിർമ്മാണത്തിനായി താഴെ പറയുന്ന ഗുണഭോക്താക്കൾ ആദ്യ ഗഡു കൈപ്പറ്റിയിട്ടും നാളിതുവരെ ഭവന നിർമ്മാണം ആരംഭിച്ചിട്ടില്ല.

| ക്രമ നം. | ഗുണഭോക്താവ് | ആദ്യ ഗഡു കൈപ്പറ്റിയ തീയതി | കൈപ്പറ്റിയ തുക ₹ |
|---|---|---|---|
| 1 | കരുപ്പാത്താൾ | 19.7.23 | 40000 |
| 2 | മാരിയമ്മാൾ | 19.7.23 | 40000 |
| 3 | ശെൽവി.എം | 19.7.23 | 40000 |
| 4 | ദേവിക | 28.2.23 | 40000 |
| 5 | രത്നവേൽ | 28.3.23 | 40000 |
| 6 | ജയശ്രീ | 19.7.23 | 40000 |

പ്രസ്തുത ഗുണഭോക്താക്കൾ ഭവന നിർമ്മാണം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിവരമറിയിക്കേണ്ടതാണ്. അല്ലാത്ത പക്ഷം നൽകിയ ആനുകൂല്യ തുക തിരികെ ഈടാക്കേണ്ടതാണ്.

**1-56 തനതു ഫണ്ട് വൗച്ചറുകൾ- കൃത്യത ഉറപ്പാക്കാനാകുന്നില്ല.**

ഗ്രാമപഞ്ചായത്തിലെ 2023-2024 സാമ്പത്തിക വർഷത്തിലെ തനതുഫണ്ട് ചെലവുകളുമായി ബന്ധപ്പെട്ട 1.4.2023 മുതൽ 31.03.2024 വരെയുള്ള വൗച്ചറുകളുടെ ഹാർഡ് കോപ്പി പരിശോധനക്കായി ലഭ്യമായിട്ടില്ലായിരുന്നു. ആയത് പരിശോധനക്കായി ലഭ്യമാക്കുവാനായി നൽകിയ ഓഡിറ്റ് എൻകചയറി (നം.6/22.10.2024)ക്കുള്ള മറുപടിയിൽ സർക്കാർ ഉത്തരവ് നം. 75/2022 തീയതി 6.4.2022 പ്രകാരം ധനകാര്യവുമായി ബന്ധപ്പെട്ട് ILGMS ൽ ലഭ്യമാകുന്ന വൗച്ചറുകൾ പ്രിന്റ് എടുത്ത് സൂക്ഷിക്കേണ്ടതില്ലായെന്ന് ഉത്തരവായിട്ടുള്ളതാണെന്ന് അറിയിച്ചു. 2024 ഫെബ്രുവരി, മാർച്ച് മാസങ്ങളിലെ വൗച്ചറുകൾ ബിൽ രജിസ്റ്റർ പ്രകാരമുള്ള വൗച്ചർ നമ്പറുകളുടെ ക്രമത്തിലല്ല സൂക്ഷിച്ചിരിക്കുന്നത്. ആയതിനാൽ വൗച്ചറുകളിലെ തുകകളുടെ കൃത്യത ബിൽ രജിസ്റ്ററിലെ തുകകളുമായി ഒത്തുനോക്കി പരിശോധിക്കുവാൻ സാധിക്കുന്നില്ല. ബിൽ രജിസ്റ്ററിലെ വൗച്ചർ നമ്പറുകൾ ക്രമപ്രകാരമല്ല. ബിൽ രജിസ്റ്ററിലും ഐ.എൽ.ജി.എം.എസിലും വൗച്ചർ നമ്പറുകൾ ക്രമപ്രകാരമല്ലാത്തതിനാൽ ഓരോ മാസത്തിലേയും മുഴുവൻ വൗച്ചറുകളും പരിശോധനക്കായി ലഭ്യമാക്കിയിട്ടുണ്ടോ എന്ന് പരിശോധിച്ചുറപ്പാക്കുവാൻ സാധിക്കുന്നില്ല. ഐ.എൽ.ജി.എം.എസിൽ കുറച്ചു വൗച്ചറുകൾ പരിശോധിക്കുമ്പോൾ തന്നെ ഇന്റേണൽ സെർവർ എറർ (ഫയൽ എറർ) എന്നിങ്ങനെ കാണിക്കുന്നതിനാൽ സോഫ്റ്റ്‌വെയർ മുഖേന വൗച്ചറുകൾ പൂർണ്ണമായും പരിശോധിക്കുവാൻ സാധിക്കുന്നില്ല. ഐ.എൽ.ജി.എം.എസിൽ അനുബന്ധരേഖകൾ പലതും ഭാഗികമായിട്ടാണ് അപ്ലോഡ്

ചെയ്തിരിക്കുന്നത്. പലതിലും തീയതി, പേരുകൾ, മുതലായ അനുബന്ധ വിവരങ്ങൾ എന്നിവ പൂർണ്ണമായും വ്യക്തമാകുന്നില്ല. മൂന്നാർ ഗ്രാമപഞ്ചായത്തിൽ ചില വൗച്ചറുകളിൽ തമിഴിലുള്ള അനുബന്ധ രേഖകളാണ് അപ്‌ലോഡ് ചെയ്തിരിക്കുന്നത്. ആയതിന്റെ കൃത്യതയും പരിശോധിച്ചുറപ്പാക്കുവാൻ സാധിക്കുന്നില്ല. വൗച്ചറുകളോടൊന്നിച്ച് കൃത്യവും വ്യക്തവുമായ രേഖകൾ കൂടി സൈറ്റിലേക്ക് അപ്‌ലോഡ് ചെയ്യുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.

**1-57 വായ്പ ഇല്ലാതെ - വായ്പ തുക തിരിച്ചടക്കുന്നു.**

മൂന്നാർ ഗ്രാമപഞ്ചായത്ത് ലൈഫ് ഭവനപദ്ധതിക്കായി നാളിതുവരെ വായ്പ എടുത്തിട്ടില്ലായെങ്കിലും 23-24 വർഷം താഴെ പറയും പ്രകാരം ₹4322442/- അടവ് വരുത്തിയിട്ടുണ്ട്.

| പദ്ധതി | വായ്പ ഇനത്തിൽ അടവാക്കിയ തുക ₹ |
|---|---|
| 253/24 ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് (എസ് സി പി) | 144147 |
| 250/24 ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് (എസ് സി പി) | 144147 |
| 255/24 ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് (എസ് സി പി) | 144148 |
| ആകെ | 432442 |

ഇപ്രകാരം വായ്പാ ബാധ്യത ഇല്ലാതിരിക്കെ വായ്പ തിരിച്ചടവായി തുക അടവാക്കാനിടയായ സാഹചര്യം വ്യക്തമാക്കാനാവശ്യപ്പെട്ടുനല്കിയ ഓഡിറ്റ് എൻക്വയറി നം 26/24.10.24ന് നല്കിയ മറുപടിയിൽ, മൂന്നാർ ഗ്രാമപഞ്ചായത്തിലെ ലൈഫ് ഗുണഭോക്താക്കൾക്ക് ഭവനനിർമ്മാണത്തിനായി ₹8788332/- സാംഗ്ഷൻ ചെയ്തിരുന്നുവെന്നും എന്നാൽ നാളിതുവരെ വായ്പ ഇനത്തിൽ തുകയൊന്നും റിക്വസ്റ്റ് ചെയ്തിട്ടില്ലായെങ്കിലും ഹഡ്കോ സാംഗ്ഷൻ ചെയ്ത തുകയുടെ ഗഡുക്കൾ വാർഷിക പദ്ധതിയിൽ നിന്നും ഈടാക്കുന്നുണ്ടെന്നാണ് അറിയിച്ചിരിക്കുന്നത്. വായ്പ റിലീസ് ചെയ്ത് അക്കൗണ്ട് ഓപ്പൺ ചെയ്യാതെ ഏത് അക്കൗണ്ടിലേയ്ക്കാണ് തിരിച്ചടവ് തുക അക്കൗണ്ട് ചെയ്യുന്നത് എന്ന് വ്യക്തമല്ല. ഇക്കാര്യത്തിൽ വ്യക്തത വരുത്തേണ്ടതും ഭാവിയിൽ വായ്പ റിലീസ് ചെയ്യുമ്പോൾ നാളിതുവരെയുള്ള തിരിച്ചടവ് തുകകൾ കൃത്യമായി അക്കൗണ്ട് ചെയ്തിട്ടുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

**1-58 ഹരിത കർമ്മ സേന-പ്രവർത്തനാവലോകനം**

കേരള പഞ്ചായത്ത് രാജ് നിയമം 166 (1) ാം വകുപ്പ്, മൂന്നാം പട്ടിക പ്രകാരം ഖരമാലിന്യങ്ങൾ ശേഖരിക്കുകയും കൈയ്യൊഴിയുകയും ചെയ്യുക, ദ്രവമാലിന്യങ്ങൾ നീക്കം ചെയ്യുന്നത് ക്രമീകരിക്കുക എന്നിവ ഗ്രാമപഞ്ചായത്തിന്റെ അനിവാര്യ ചുമതലയാണ്. ഈ ചുമതലകൾ നിറവേറ്റിക്കൊണ്ട് മാലിന്യമുക്തകേരളം എന്ന ലക്ഷ്യം കൈവരിക്കുന്നതിനായി ഹരിത കേരള മിഷനിൽ ഉൾപ്പെടുത്തി സമ്പൂർണ്ണ ശുചിത്വ-മാലിന്യ സംസ്ക്കരണ കർമ്മ പരിപാടിക്ക് സ.ഉ(കൈ)നം. 159/2016/ തസ്വഭവ തീയതി 06.11.2016 പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു. നവകേരളം കർമ്മപദ്ധതിയുടെ ഭാഗമായുള്ള നാല് വികസന മിഷനുകളിൽ ഉൾപ്പെടുന്നതാണ് ഹരിതകേരളം മിഷൻ. ഹരിതകേരളം മിഷന്റെ ഉപദൗത്യങ്ങളിൽ ഒന്നാണ് ശുചിത്വ മാലിന്യ സംസ്കരണം. ശാസ്ത്രീയ മാലിന്യ പരിപാലനം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ സുസ്ഥിരമാക്കുക എന്നുള്ളതാണ് ശുചിത്വ മാലിന്യ സംസ്കരണ ഉപദൗത്യത്തിന്റെ പ്രധാന ലക്ഷ്യങ്ങളിൽ ഒന്ന്. പ്രസ്തുത ലക്ഷ്യം കൈവരിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അംഗീകരിച്ചു കൊണ്ട് 15.07.2017ലെ സ.ഉ(സാധാ) 2420/2017/തസ്വഭവ നമ്പരായി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ബഹുജന പങ്കാളിത്തം ഉറപ്പുവരുത്തി ജൈവമാലിന്യങ്ങളുടെ ഉറവിടത്തിലെ സംസ്കരണം, അജൈവ മാലിന്യം ശേഖരിച്ച് സംഭരിച്ച് റീസൈക്ലിങ്ങ് മേഖലയ്ക്ക് കൈമാറ്റം ചെയ്യൽ, അതിനൊക്കെ സഹായകമായ പൊതുജന സൗഹൃദ ആസ്തികളുടെ നിർമ്മാണം എന്നിവ വഴി കേരളം രാജ്യത്തിന് മാതൃകയാകത്തക്ക വിധത്തിൽ മാലിന്യമുക്തമാക്കുക എന്നുള്ളതാണ് പ്രസ്തുത മാർഗ്ഗനിർദ്ദേശങ്ങളിലൂടെ ലക്ഷ്യമിടുന്നത്. അതു പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപന പ്രദേശത്തെ മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട

ഫീൽഡുതല പ്രവർത്തനങ്ങൾ നടത്തേണ്ട സംഘടനാ സംവിധാനമാണ് ഹരിതകർമ്മ സേന. ഹരിത കർമ്മസേനയുടെ വിശദമായ പ്രവർത്തന മാർഗ്ഗരേഖ അംഗീകരിച്ചു കൊണ്ട് 12.08.2020ലെ സ.ഉ(സാധാ) നം. 1496/2020/തസ്വഭവ നമ്പരായി സർക്കാർ തുടർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഹരിത കർമ്മസേന രൂപീകരണം, ഹരിതസേനാംഗങ്ങളുടെ തെരഞ്ഞെടുപ്പ്, പരിശീലനം, മാലിന്യ ശേഖരണം, സംഘടനാ സംവിധാനം, സംരംഭ പ്രവർത്തനം, കൺസോർഷ്യം രൂപീകരണം, സാമ്പത്തിക സ്രോതസ്സ്, അക്കൗണ്ടുകൾ/യൂസർഫീ കൈകാര്യം ചെയ്യുന്ന രീതി, കോർപ്പസ് ഫണ്ട്, മറ്റു വരുമാന മാർഗ്ഗങ്ങൾ, ഓഫീസ് സംവിധാനം, കണക്കെഴുത്ത്, ഓഡിറ്റ്, തൊഴിൽ മാന്യത ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ, പരാതി പരിഹാരം, ഹരിതകർമ്മസേനയുടെ പ്രവർത്തനത്തിൽ ബന്ധപ്പെട്ട സ്ഥാപനങ്ങളുടെ ചുമതലകൾ എന്നിവയെക്കുറിച്ചെല്ലാം പ്രസ്തുത ഉത്തരവിൽ വിശദമായി പ്രതിപാദിച്ചിട്ടുണ്ട്.

മേൽ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ മൂന്നാർ ഗ്രാമപഞ്ചായത്തിൽ രൂപീകരിക്കപ്പെട്ടിട്ടുള്ള ഹരിത കർമ്മസേനയുടെ പ്രവർത്തനങ്ങളെയും,ഗ്രാമപഞ്ചായത്തിലെ അജൈവമാലിന്യ സംസ്കരണ സംവിധാനത്തെയും സംബന്ധിച്ച് 2023-24 സാമ്പത്തിക വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി പരിശോധിക്കുകയുണ്ടായി. പരിശോധനഫലമായുള്ള വിവരങ്ങൾ താഴെ ചേർക്കുന്നു.

ഹരിതകർമ്മസേന അടിസ്ഥാന വിവരങ്ങൾ

മൂന്നാർ ഗ്രാമപഞ്ചായത്തിൽ ആകെ 21 വാർഡുകളാണ് നിലവിലുള്ളത്. 2011 ലെ സെൻസസ് പ്രകാരം പഞ്ചായത്തിലെ 21 വാർഡുകളും കൂടി ആകെ ജനസംഖ്യ 32029 ആണ്. പഞ്ചായത്തിലെ ആൾ താമസമുള്ള വീടുകളുടെ എണ്ണം 9264 ഉം പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ എണ്ണം 2600 ഉം ആണ്. പഞ്ചായത്തിൽ ആകെയുള്ളത് 16 ഹരിത കർമ്മ സേനാംഗങ്ങളാണ്.

മാലിന്യ ശേഖരണത്തിനായി മുൻകൂട്ടി കലണ്ടർ തയ്യാറാക്കിയിട്ടില്ല. എസ്റ്റേറ്റ് ലയങ്ങൾ സ്ഥിതി ചെയ്യുന്ന ഗ്രാമപഞ്ചായത്തിലെ 9, 10, 13, 19 വാർഡുകൾ ഒഴികെ മറ്റെല്ലാ വാർഡുകളിലും കെ.ഡി.എച്ച്.പി. കമ്പനി നേരിട്ടാണ് മാലിന്യനിർമ്മാർജ്ജനം നടത്തുന്നത്. ഹരിതകർമ്മസേന വഴി മാലിന്യം ശേഖരിയ്ക്കുന്നതിന് കെ.ഡി.എച്ച്.പി. കമ്പനിക്ക് കത്ത് നൽകിയിട്ടുണ്ട്.

90% മാലിന്യങ്ങളും ഉറവിടത്തിൽ തന്നെ വേർതിരിച്ച് ക്രമീകരിക്കുന്നതിനുള്ള സംവിധാനം ഒരുക്കിയിട്ടുണ്ട്.ഫുഡ് വേസ്റ്റ്, സാനിറ്ററി നാപ്കിൻ എന്നിവ വേർതിരിച്ച് ലഭിക്കാത്തതിനാൽ ഇവ എം.സി.എഫിൽ നിന്നാണ് വേർതിരിച്ച് ക്രമീകരിക്കുന്നന്ന്.

മൂന്നാർ ടൗണിൽ നിന്നും നല്ലതണ്ണിയിലേക്ക് പോകുന്ന ഭാഗത്താണ് 50 സെന്റ് സ്ഥലത്ത് കല്ലാർ വേസ്റ്റ് പ്രോസസ്സിങ്ങ് യൂണിറ്റ് സ്ഥിതി ചെയ്യുന്നത്.

പഞ്ചായത്തിന് കീഴിൽ 1 MCF , 4 മിനി MCF എന്നിവ നിലവിലുണ്ട്.

പഞ്ചായത്ത് സ്ഥാപിച്ചിട്ടുള്ള Non Bio Waste Processing Machines, Bio Waste Processing Machines എന്നിവയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

Non Bio Waste Processing Machines

കൺവെയർ ബെൽറ്റ്, 2 ബെയിലിംഗ് മെഷീനുകൾ, 1 ഡയ്യ് റിമൂവൽ മെഷീൻ, ഇലക്ട്രോണിക് വെയിങ്ങ് ബാലൻസ്

Bio Waste Processing Machines

ഷ്രെഡർ കം പൾവറൈസർ, കൺവെയർ ബെൽറ്റ്, സീവ്, ലിഫ്റ്റ്, ചിക്കൻ വേസ്റ്റ് ചോപ്പിങ്ങ് മെഷീൻ, പ്ലാറ്റ് ഫോം ബാലൻസ് 20 മുതൽ 28 വരെയുള്ള ജീവനക്കാരാണ് ടി പ്ലാന്റിൽ ഒരേ സമയം ജോലി ചെയ്തു വരുന്നത്. തൊഴിലാളികൾക്കായി ശുചിമുറി സൗകര്യം ഒരുക്കിയിട്ടുള്ളതും MCF/RRF നവീകരണത്തിനായി 2024-25 വർഷം പദ്ധതി ഏറ്റെടുത്തിട്ടുള്ളതും ആയതിന് ഡി.പി.സി അംഗീകാരം ലഭ്യമായിട്ടുണ്ട്. നിലവിൽ പഴയ ചെരുപ്പ്, ചില്ലു കുപ്പികൾ എന്നിവ MCF/RRF ലേക്ക് ശേഖരിച്ച് റീ സിറ്റിക്ക് വിപണനം നടത്തുന്നു.

നിലവിൽ 3 വാഹനങ്ങളിലായാണ് പഞ്ചായത്തിലെ വിവിധ ഭാഗങ്ങളിൽ നിന്നും മാലിന്യം ശേഖരിക്കുന്നത്. MCF/RRF ലെത്തുന്ന മാലിന്യങ്ങൾ കൺവെയർ ബെൽറ്റിലൂടെ കടത്തി വിട്ട് തൊഴിലാളികളെ ഉപയോഗിച്ച് LD1, LD2, HDP, HDPE, Poly Propalene, MLP, പാൽ കവർ, ഓയിൽ കവർ, Aluminium Container, Aluminium Tin, Normal Tin, PP Box എന്നിങ്ങനെ വിവിധ ഇനങ്ങളായി വേർതിരിക്കുകയും ശേഷം ബെയിലിംഗ് മെഷീൻ ഉപയോഗിച്ച് കംപ്രസ് ചെയ്ത് കട്ടകളാക്കി മാറ്റുകയും പഞ്ചായത്തുമായി കരാറിലേർപ്പെട്ടിരിക്കുന്ന സ്ഥാപനത്തിന് കൈമാറുകയും ചെയ്യുന്നു. ടിപ്പിംഗ് ഏരിയ (60m2) , സ്റ്റോറേജ് ഏരിയ (290 M2), സോർട്ടിംഗ് ഏരിയ (30 M2), മെഷിനറി ഏരിയ (60 M2), ശുചി മുറി എന്നിവ പ്ലാന്റിലെ ആകെ വിസ്തൃതിയുടെ 15 ശതമാനമാണ്.

കല്ലാർ വേസ്റ്റ് പ്രോസസ്സിംഗ് പ്ലാന്റിലെത്തുന്ന മാലിന്യങ്ങൾ ലെഗസി പ്ലാസ്റ്റിക്കും റീ സൈക്ളിംഗ് സാധ്യതയുള്ള പ്ലാസ്റ്റിക്കും രണ്ടായി ബെയിൽ ചെയ്ത് സൂക്ഷിക്കുന്നു. ഇത്തരത്തിൽ ബെയിൽ ചെയ്ത് സൂക്ഷിക്കുന്ന അജൈവ മാലിന്യങ്ങൾ പിന്നീട് പഞ്ചായത്തുമായി കരാറിൽ ഏർപ്പെട്ടിരിക്കുന്ന ഹരിത സഹായ സംഘമായ റീസിറ്റി- കേരള എന്ന സ്ഥാപനത്തിന് 30 ദിവസത്തിനുള്ളിൽ കൈമാറുകയും ചെയ്യുന്നു.

പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും ശേഖരിക്കുന്ന ജൈവ- അജൈവ മാലിന്യങ്ങൾ ഒന്നടങ്കം കല്ലാർ വേസ്റ്റ് പ്രോസസ്സിംഗ് പ്ലാന്റിലെത്തിക്കുകയും ചെയ്യുന്നു. തുടർന്ന് പച്ചക്കറി മാലിന്യങ്ങൾ കമ്പോസ്റ്റ് യൂണിറ്റിലേക്കും ലെഗസി വേസ്റ്റും റീ സൈക്ളിംഗ് സാധ്യതയുള്ള വേസ്റ്റും തരം തിരിച്ച് ബെയിൽ ചെയ്ത് RRF ൽ സൂക്ഷിക്കുകയും പഞ്ചായത്തുമായി കരാറിൽ ഏർപ്പെട്ടിരിക്കുന്ന ഹരിത സഹായ സംഘമായ റീസിറ്റി- കേരള എന്ന സ്ഥാപനത്തിന് അളവ് തൂക്കം രേഖപ്പെടുത്തിയ ശേഷം കൈമാറുന്നു.നിലവിൽ മാലിന്യങ്ങൾ എം സി എ ഫിൽ കെട്ടിക്കിടക്കുന്ന അവസ്ഥയാണ്.

കല്ലാർ വേസ്റ്റ് പ്രോസസ്സിംഗ് പ്ലാന്റിലെ തൊഴിലാളികളുടെ സുരക്ഷക്കായി ഗം ബൂട്ട്, ഗൌസ്, ഹെൽമറ്റ്, സാനിട്ടൈസർ, ഹാൻഡ് വാഷ് എന്നിവ വിതരണം ചെയ്തിട്ടുള്ളതും മറ്റു സന്നദ്ധ സംഘടനകളുമായി ചേർന്ന് മെഡിക്കൽ ക്യാമ്പ് സംഘടിപ്പിച്ചു വരുന്നതുമാണ്. കൂടാതെ കല്ലാർ വേസ്റ്റ് പ്രോസസ്സിംഗ് പ്ലാന്റിൽ അഗ്നി സുരക്ഷ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുമുണ്ട്. 2024-25 വാർഷിക പദ്ധതിയിൽ MCF/RRF ൽ ലോക്കർ ഉൾപ്പെടെയുള്ള സംവിധാനങ്ങൾ ഉൾപ്പെടുത്തി സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി പ്രോജക്റ്റ് വച്ച് ആയത് ഡി.പി.സി അംഗീകാരം നേടിയിട്ടുമുണ്ട്.

നിലവിൽ മൂന്നാർ ഗ്രാമ പഞ്ചായത്തിലെ മാലിന്യം ശേഖരിക്കുന്നതിന് ക്ലീൻ കേരള കമ്പനിയുമായി കരാറിൽ ഏർപ്പെട്ടിട്ടില്ലാത്തതും മാലിന്യ ശേഖരണത്തിനായി ശുചിത്വ മിഷൻ നിഷ്കർഷിച്ചിരിക്കുന്ന M-Panel Certified സ്ഥാപനമായ Re-City Kerala യുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ട്.

നിലവിൽ 9,10,13,19 എന്നീ വാർഡുകളിൽ മാത്രമാണ് ഹരിത കർമ്മ സേനയുടെ പ്രവർത്തനമുള്ളത്. മറ്റുള്ളവ എസ്റ്റേറ്റ് വാർഡുകളായതിനാൽ കമ്പനി നേരിട്ട് മാലിന്യം ശേഖരിച്ച് കല്ലാറിലെത്തിക്കുകയാണ് ചെയ്യുന്നത്. ഹരിത കർമ്മ സേന അംഗങ്ങളിൽ പലർക്കും മലയാളം അറിയാത്തതും സ്മാർട്ട് ഫോൺ ഉപയോഗിക്കാൻ അറിയാത്തതും പ്രായോഗിക ബുദ്ധിമുട്ടായി നിലനിൽക്കുന്നു. പല തവണയായി മാലിന്യം തരം തിരിച്ച് ലഭ്യമാക്കുന്നതിന്റെ പ്രാധാന്യത്തെ കുറിച്ച് മീറ്റിങ്ങുകൾ, അനൗൺസ്മെന്റുകൾ, നോട്ടീസ് വിതരണം എന്നിവ നടത്തിയിട്ടുണ്ടെങ്കിലും വീടുകൾ, റിസോട്ടുകൾ, ഹോംസ്റ്റേ, ഹോട്ടലുകൾ എന്നിവിടങ്ങളിൽ നിന്നും മാലിന്യം വേർതിരിച്ച് ലഭ്യമാക്കുന്നില്ല എന്നതാണ് പഞ്ചായത്ത് നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളി.

9,10,13,19 എന്നീ വാർഡുകളിൽ നിന്നും 2023-24 സാമ്പത്തിക വർഷം യൂസർ ഫീ ഇനത്തിൽ ലഭിച്ച തുക-₹2748150/- ആണ്.

മൂന്നാർ ഗ്രാമപഞ്ചായത്തിൽ 2024-25 സാമ്പത്തിക വർഷം ഹരിത മിത്രം ആപ്ലിക്കേഷനുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനായി പ്രോജക്റ്റ് ഏറ്റെടുത്തിട്ടുള്ളതും കെൽട്രോണുമായി

എഗ്രിമെന്റിൽ ഏർപ്പെട്ടിരിക്കുന്നതുമാണ്. ആയതിന്റെ അടിസ്ഥാനത്തിൽ വീടുകളിൽ പതിക്കുന്നതിനായുള്ള ക്യൂ.ആർ കോഡുകൾ ലഭ്യമായിട്ടുള്ളതും ആയത് വീടുകളിൽ പതിച്ചു വരുന്ന നടപടികൾ പുരോഗമിച്ചു വരുന്നതേയുള്ളു.

മാലിന്യ സംസ്കരണരീതികളെകുറിച്ച് പൊതുജനങ്ങളെ ബോധവൽക്കിയ്ക്കുന്നതിനായി ഗ്രാമസഭകളിൽ, ഹരിതസഭകളിൽ, വിദ്യാലയങ്ങളിൽ, സിഡി.എസ്, എഡി.എസ് മീറ്റിംഗുകളിൽ, പൊതുയോഗങ്ങളിൽ റിസോർട്ട് ഹോംസ്റ്റേ, വ്യാപാരി, വ്യവസായി വിഭാഗങ്ങളിൽ 5 ബോധവൽക്കരണ ക്ലാസുകൾ തൻവർഷം നടത്തിയിട്ടുണ്ട്.

ഹരിതകർമ്മ സേനാംഗങ്ങളായി 16 പേർ തൊഴിലെടുക്കുന്നുണ്ട്. നിലവിൽ ഇവരുടെ വേതനത്തിനായി വയബിലിറ്റി ഗ്യാപ്പ് ഫണ്ട് ഉപയോഗിക്കുന്നില്ല .ഹരിതകർമ്മ സേനാംഗങ്ങളുടെ ശരാശരി മാസ വരുമാനം ₹11000/ആണ്.

ഹരിതകർമ്മസേന അംഗങ്ങൾക്ക് മാലിന്യ ശേഖരണം, തരംതിരിക്കൽ എന്നീ ലക്ഷ്യങ്ങൾ മുന്നിൽ കണ്ടുകൊണ്ട് 10 ക്ലാസുകൾ നൽകിയിട്ടുണ്ട്. കൂടാതെ കപ്പാസിറ്റി ബിൽഡിഗ് പരിശീലനം മെഡിക്കൽ ക്യാമ്പ് എന്നിവയും നടത്തിയിട്ടുണ്ട്.


മാലിന്യ ഡമ്പിംഗ് യാർഡ്


ബെയിലിംഗ് യന്ത്രങ്ങൾ


ഉപേക്ഷിക്കപ്പെട്ട സെപ്പറേജ് ട്രീറ്റ്മെന്റ് പ്ലാന്റ്

തരം തിരിച്ച മാലിന്യങ്ങൾ

<u>ശുപാർശകൾ</u>

1 ഹരിത കർമ്മസേനാ പ്രവർത്തന മാർഗ്ഗരേഖയിൽ നിഷ്ക്കർഷിച്ചിട്ടുള്ളതു പ്രകാരമുള്ള അടിസ്ഥാന സൗകര്യങ്ങളോടു കൂടിയ ഒരു എം.സി.എഫ്. പഞ്ചായത്ത് തലത്തിൽ സജ്ജമാക്കുന്നതിന് അടിയന്തിര നടപടികൾ ഗ്രാമ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.നിലവിൽ പഞ്ചായത്തിലെ 4 വാർഡുകളിൽ മാത്രമാണ് മിനി എം സി എഫ് ഉള്ളത് .ഇത് ഹരിതകർമ്മസേനാംഗങ്ങൾക്ക് ഒരോ ദിവസവും സംഭരിക്കുന്ന സാധനങ്ങൾ സൂക്ഷിക്കുന്നതിന് ബുദ്ധിമുട്ട് ഉണ്ടാക്കുന്നു. എല്ലാ വാർഡുകളിലും ആവശ്യത്തിന് മിനി എം.സി.എഫ്.-കൾ സ്ഥാപിക്കേണ്ടതാണ്. എം.സി.എഫിന്റെ അടിസ്ഥാന സൗകര്യവികസനത്തിനായി ആരംഭിച്ചിട്ടുള്ള പ്രോജക്ടുകൾ സമയബന്ധിതമായി പൂർത്തിയാക്കേണ്ടതാണ്.

2 മലയോരമേഖലയായതിനാൽ വിവിധ പ്രദേശങ്ങളിൽ നിന്നും ശേഖരിക്കുന്ന മാലിന്യങ്ങൾ ഒരു ഭാഗത്തേക്ക് എത്തിക്കുന്നതിന് ബുദ്ധിമുട്ടുകൾ നേരിടുന്നു. അതിനാൽ ചില പ്രദേശങ്ങളിൽ കളക്ഷൻ നടത്താതെ ഒഴിവാക്കുന്നതായി കാണുന്നു. ഈ ബുദ്ധിമുട്ട് പരിഹരിക്കുന്നതിനായി ഏരിയ തിരിച്ച് കളക്ഷൻ സെന്ററുകൾ ക്രമീകരിക്കാവുന്നതാണ്.

3 ഹരിത കർമ്മ സേനയുടെ സംരംഭ സാധ്യതകൾ പ്രയോജനപ്പെടുത്തിയിട്ടില്ല. നിരന്തരം വികസിക്കുന്ന ഒരു സംരംഭ മേഖലയാണ് മാലിന്യ സംസ്ക്കരണം. വരുമാനത്തോടൊപ്പം പരിസ്ഥിതി സംരക്ഷണം കൂടി സാധിക്കുന്നു എന്ന പ്രത്യേകത ഈ പ്രവർത്തനത്തിന് ഉണ്ട്. മാറുന്ന സാഹചര്യത്തിൽ ഹരിത കർമ്മസേനയ്ക്ക് ഒരു സംരംഭം എന്ന നിലയിൽ സാധ്യതകൾ നിരവധിയാണ്. അജൈവ മാലിന്യ

സംസ്ക്കരണം, ജൈവ മാലിന്യ സംസ്ക്കരണം, ബദൽ ഉത്പന്നങ്ങളുടെ നിർമ്മാണം, വിപണനം, റിപ്പയറിംഗ്, പരിസര സൗന്ദര്യവത്ക്കരണം, ഹരിത പെരുമാറ്റ ചട്ടം നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഉണ്ടാകുന്ന സംരംഭ സാധ്യതകൾ തുടങ്ങി ഇതിനകം ഉയർന്നു വന്നതും ഇനി ഉരുത്തിരിയാൻ സാധ്യതകൾ ഉള്ളതുമായ ഒരു മേഖലയാണ് ഇത്. പ്രസ്തുത സാഹചര്യങ്ങൾ പരമാവധി ഉപയോഗപ്പെടുത്തുന്നതിനാവശ്യമായ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 ലാപ്പ്ടോപ്പ്-(ജനറൽ) നിർവ്വഹണ ഉദ്യോഗസ്ഥയിൽ നിന്നും തിരികെ വാങ്ങിയ ലാപ്പ് ടോപ്പുകളുടെ വിവരങ്ങൾ ലഭ്യമല്ല.നഷ്ടം ₹₹89,800/-

| | |
|---|---|
| പ്രോജക്ട്/ പ്രോജക്ട് നം. | ലാപ്പ്ടോപ്പ്-ജനറൽ<br>87/23-24 |
| നിർവ്വഹണോദ്യോഗസ്ഥ | ഹെഡ്മിസ്ട്രസ്-ഗവ.എൽ.പി.സ്കൂൾ |
| അടങ്കൽ തുക | ₹1890000/-<br>₹1700000/-വികസന ഫണ്ട് ജനറൽ<br>₹190000/-തനത് ഫണ്ട് |
| ചെലവ് വിവരം<br>ബിൽ റഫറൻസ് നം.തുക.തീയതി | 23100352016701188118/₹4,93,000/-07.02.24<br>23100352016701188129/₹4,93,000/-7.02.24<br>23100352016701188138/₹4,93,000/-07.02.24<br>23100352016701188149/₹2,18,300/-07.02.24<br>ആകെ-₹1697300/- |

ഗ്രാമ പഞ്ചായത്തിലെ ഉപരിപഠനം നടത്തുന്ന ജനറൽ വിഭാഗത്തിൽപ്പെട്ട 42 വിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്പ് വിതരണം ചെയ്യുന്നതിനായി ആവിഷ്കരിച്ച പദ്ധതിയാണിത്. പദ്ധതി നിർവ്വഹണത്തിനായി Gem മുഖേന Sound Solution ,Mumbai എന്ന സ്ഥാപനത്തിൽ നിന്നും 42 ലാപ്പ്ടോപ്പുകൾ വാങ്ങുകയും ഇവ ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ട 40 വിദ്യാർത്ഥികൾക്ക് നൽകുകയും ബാക്കി 2 എണ്ണം പഞ്ചായത്തിലെ അസിസ്റ്റന്റ് സെക്രട്ടറിയെ 15.3.2024 തീയതിയിൽ തിരികെ ഏൽപ്പിക്കുകയും തിരികെ ഏൽപ്പിച്ചതായുള്ള കത്തിൽ അസിസ്റ്റന്റ് സെക്രട്ടറി തിരികെ വാങ്ങിച്ചതായി ഒപ്പിട്ട് നൽകുകയും ചെയ്തിട്ടുണ്ട്. തിരികെ വാങ്ങിയ 2 ലാപ്പ്ടോപ്പുകളുടെ വിവരം ലഭ്യമല്ല.വിശദ വിവരം ഖണ്ഡിക 1-31 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

### 3-2 ചെയ്യാത്ത പ്രവർത്തികൾക്ക് തുക അനുവദിച്ചു നഷ്ടം ₹20553/-

| | |
|---|---|
| നിർവ്വഹണം | അസിസ്റ്റന്റ് എഞ്ചിനീയർ |
| പദ്ധതി | പദ്ധതിനം 205/24<br>ലക്ഷ്മി എസ്റ്റേറ്റ് സൗത്ത് ഡിവിഷൻ മുനിസ്വാമി ലൈൻസ് വാട്ടർ സപ്ലൈ ആൻഡ് സെൽവകുമാർ റ്റു അരുമുഖരാജ് ലൈൻസ് – വാട്ടർ സപ്ലൈ – വാർഡ് -15 |
| അടങ്കൽ | ₹225000/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) |
| ബിൽ നം , തീയതി & തുക | വൗച്ചർ നം 22301348 തീയതി 30.03.2024 ₹224089/- |
| കരാറുകാരൻ | ശ്രീ ദിനേഷ് കുമാർ ജെ (എസ്റ്റിമേറ്റ് നിരക്ക്) |

പ്രസ്തുത പദ്ധതിയിൽ 50mm, 40mm, 25mm, 20mm GI പൈപ്പുകൾ ട്രഞ്ച് ചെയ്യുന്നതിനാണ് തുക നൽകിയിരിക്കുന്നത്. 23.10.2024 – ൽ എഞ്ചിനീയറിംഗ് വിഭാഗവുമായി നടത്തിയ സ്ഥല പരിശോധനയിൽ

25mm, 20mm GI പൈപ്പുകൾ ട്രഞ്ച് ചെയ്യാതെ ഇട്ടിരിക്കുന്നതായി കണ്ടെത്തി. ആയതിനാൽ 25mm, 20mm GI പൈപ്പുകൾ ട്രഞ്ച് ചെയ്ത നിരക്ക് നൽകിയതിനാൽ അധിക തുക കോൺട്രാക്ടർക്ക് നൽകിയിട്ടുണ്ട്. വിശദവിവരം താഴെ നൽകുന്നു.

PRICE – 3 **18.12.3** -25 Mm Dia Nominal Bore

| **18.12.3. Providing And Fixing G.I. Pipes Complete With G.I Fittings Including Trenching And Refilling Etc. External Work 25 Mm Dia Nominal Bore** | | | | | | |
|---|---|---|---|---|---|---|
| | Header Unit | Metre | Header Quantity | 10.0 | | |
| Header Details | Details Of Cost For 10 Metre | | | | | |
| Material | | | | | | M |
| 1547 | | G.I. Pipes 25 Mm Dia | | | | |
| | | Metre | 10.2 | 171.0 | 1744.2 | M1 |
| Carriage | | | | | | C |
| 2271 | | Weight For Carriage = Pipe Weight + 2% For Fiitings = 1.02 * 24.60 = 25.092 Kg = 0.025092 Tonne<br>Carriage Of G.I. Pipes Below 100 Mm Dia | | | | |
| | | Tonne | 0.02509 | 92.24 | 2.31 | C1 |
| Labour | | | | | | L |
| 0116 | | Fitter(Grade1) | | | | |
| | | Day | 0.12 | 738.0 | 88.56 | L1 |
| 0114 | | Beldar | | | | |
| | | Day | 0.25 | 558.0 | 139.5 | L2 |
| 0114 | | Beldar | | | | |
| | | Day | 0.66 | 558.0 | 368.28 | L3 |
| 0115 | | Coolie | | | | |
| | | Day | 0.66 | 558.0 | 368.28 | L4 |
| Tools & Plants | | | | | | L |
| 9999 | | Sundries White Lead, Hemp, Oil Etc | | | | |
| | | L.S | 6.76 | 2.0 | 13.52 | T1 |
| **TOTAL** | | | 10.0 | Metre | 2724.65 | |
| **UNIT TOTAL** | | | 1 | Metre | **272.47** | |
| Water Charge@ 1.00 % | | | | 272.47 | 2.72 | |
| TOTAL | | | | | **275.19** | |
| Contractors Profit & Overhead@ 15.00 % | | | | 275.19 | 41.28 | |
| TOTAL | | | | | **316.47** | |
| Grand Total | | | | | **₹316.47 Metre** | |

PRICE – 3 **18.12.2** -20 Mm Dia Nominal Bore

| 8.12.2. Providing And Fixing G.I. Pipes Complete With G.I Fittings Including Trenching And Refilling Etc. External Work 20 Mm Dia Nominal Bore | | | | | | |
|---|---|---|---|---|---|---|
| | Header Unit | Metre | Header Quantity | 10.0 | | |
| Header Details | Details Of Cost For 10 Metre | | | | | |
| Material | | | | | | M |
| 1546 | | G.I. Pipes 20 Mm Dia | | | | |
| | | Metre | 10.2 | 120.0 | 1224.0 | M1 |
| Carriage | | | | | | C |
| 2271 | | Weight For Carriage = Pipe Weight + 2% For Fiitings = 1.02 * 15.90 = 16.218 Kg = 0.016218 Tonne<br>Carriage Of G.I. Pipes Below 100 Mm Dia | | | | |
| | | Tonne | 0.01622 | 92.24 | 1.5 | C1 |
| Labour | | | | | | L |
| 0116 | | Fitter(Grade1) | | | | |
| | | Day | 0.08 | 738.0 | 59.04 | L1 |
| 0114 | | Beldar | | | | |
| | | Day | 0.16 | 558.0 | 89.28 | L2 |
| 0114 | | Beldar | | | | |
| | | Day | 0.66 | 558.0 | 368.28 | L3 |
| 0115 | | Coolie | | | | |
| | | Day | 0.66 | 558.0 | 368.28 | L4 |
| Tools & Plants | | | | | | L |
| 9999 | | Sundries<br>White Lead, Hemp, Oil Etc. | | | | |
| | | L.S | 5.33 | 2.0 | 10.66 | T1 |
| **TOTAL** | | | 10.0 | Metre | 2121.04 | |
| **UNIT TOTAL** | | | 1 | Metre | **212.1** | |
| Water Charge@ 1.00 % | | | | 212.10 | 2.12 | |
| TOTAL | | | | | **214.22** | |
| Contractors Profit & Overhead@ 15.00 % | | | | 214.22 | 32.13 | |
| TOTAL | | | | | **246.35** | |
| Grand Total | | | | | **₹246.35 Metre** | |

മുകളിൽ കൊടുത്തിരിക്കുന്ന നിരക്കിൽ ട്രഞ്ചിംഗിന്റെ ചെലവായ ഇനം നമ്പർ 0114 Beldar, ₹368.28, 0115 Coolie ₹368.28 എന്നിവ കുറച്ചിട്ടുള്ള നിരക്ക് താഴെ നൽകുന്നു.

| ഇനം | 25 Mm | 20 Mm |
|---|---|---|
| ട്രഞ്ചിംഗ് അടക്കമുള്ള തുക 10 M നിരക്കിൽ | 2724.65 | 2121.04 |

| | | |
|---|---|---|
| 0114 Beldar ₹368.28,<br>0115 Coolie ₹368.28 കുറയ്ക്കു | **2724.56-**<br>**(368.28X2)**<br>=1988.09 | 2121.04-<br>**(368.28X2)**<br>**=1384.48** |
| 1% വാട്ടർ ചാർജ്ജ് കൂട്ടുക | 19.8809<br>=2007.9709 | 13.8448<br>=1398.3248 |
| 15% CPOH കൂട്ടുക | 301.19563<br>=2309.16654 | 209.7482<br>=1608.07352 |
| 39.83% കോസ്റ്റ് ഇൻഡക്സ് കൂട്ടുക | 919.7410<br>=3228.9075 | 640.495683<br>=2248.5692 |
| ട്രഞ്ചിംഗ് ഇല്ലാതെ തുക 10 M നിരക്കിൽ | 3228.9075 | 2248.5692 |
| ട്രഞ്ചിംഗ് ഇല്ലാതെ തുക 1 M നിരക്കിൽ | 322.89 | 224.86 |
| ചെയ്ത നീളം | 112m | 33.6m |
| കൊടുക്കാവുന്ന തുക | 112X322.89<br>=36163.76 | 33.6X224.86<br>=7555.19 |
| നൽകിയ തുക | 49562.24 | 11574.19 |
| അധികം നൽകിയ തുക | 13398.48 | 4019.00 |
| ആകെ അധികം നൽകിയ തുക | 17417.47 | |
| ജി,എസ്.റ്റി 18% | 3135.1446 | |
| ആകെ നഷ്ടം | 20552.61 | |

അധികം നൽകിയ ₹20553/- കരാറുകാരനിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ മുതൽ കൂട്ടേണ്ടതാണ്. അല്ലാത്തപക്ഷം നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും നഷ്ടതുക ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്.

**<u>3-3 പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിൽ CCTV ക്യാമറ സ്ഥാപിയ്ക്കൽ-അപാകതകൾ</u>**

| | |
|---|---|
| പ്രോജക്ട് നമ്പർ, പേര് | 154/24, പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിൽ CCTV ക്യാമറ സ്ഥാപിയ്ക്കൽ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| അടങ്കൽ തുക | ₹500000 |
| ഫണ്ടിനം | തനത് ഫണ്ട് |
| കരാറുകാരൻ | വീഹ ടെക്നോളജീസ്, ലക്ഷം കോളനി, മൂന്നാർ |
| ചെലവ് | ₹354268 |
| ബിൽ നം. ,തീയതി, തുക ₹ | 64/15.09.23-250000- വീഹ ടെക്നോളജീസ്<br>67/16.09.23-77515-വീഹ ടെക്നോളജീസ്<br>68/16.09.23-27113-ഗ്രാന്റ് ഇലക്ട്രിക്കൽസ് |

I. 11.04.23 ലെ പ്രോജക്ട് ടെണ്ടർ പ്രകാരം CCTV ക്യാമറ സ്ഥാപിയ്ക്കുന്നതിന് ഉൾപ്പെടെയാണ് വീഹ ടെക്നോളജീസ് കരാർ ഏറ്റെടുത്തിരിയ്ക്കുന്നത്. വീഹ ടെക്നോളജീസിന്റെ 03.09.23 ലെ VTMR-272-23-24 ഇൻവോയ്സ് പ്രകാരമുള്ള 327515 രൂപ മാത്രമാണ് പദ്ധതിയിൽ ചെലവഴിയ്ക്കാവുന്നത്. വീഹ ടെക്നോളജീസിന്റെ 03.09.2023 ലെ VTMNR-272-23-24 നമ്പർ ഇൻവോയ്സിൽ ക്യാമറ ഫിറ്റിംഗ് ,ഇൻസ്റ്റലേഷൻ ചാർജസ്, ഇലക്ട്രിക്കൽ തിംഗ്സ് പർച്ചേസ് എന്നിവയും ഉൾപ്പെടുന്നുണ്ട്. എന്നാൽ കരാറിൽ ഉൾപ്പെടാത്ത സ്ഥാപനമായ ഗ്രാന്റ് ഇലക്ട്രിക്കൽസിന് ഇലക്ട്രിഫിക്കേഷൻ പ്രവർത്തികൾക്ക് 27113 രൂപ നൽകിയിരിയ്ക്കുന്നു. ഇത് ക്രമവിരുദ്ധമാണ്.

Ii. ഒരു വർഷം വാരന്റിയുള്ള CCTV ക്യാമറകൾ പ്രോജക്ട് പ്രകാരം സ്ഥാപിക്കണമെന്നിരിയെക്ക 10.10.2023 ന് എ1-200/2023 പരസ്യപ്രകാരം 16 CCTV ക്യാമറകൾ പ്രാവർത്തികമാക്കുന്നതിന് വീണ്ടും ടെണ്ടർ

വിളിച്ചിരിയ്ക്കുന്നു. ക്യാമറകൾ പ്രാവർത്തികമായിട്ടില്ലെന്ന് ഇതിൽ നിന്നും വ്യക്തമാണ്.

അപാകതകൾ ശ്രദ്ധയിൽപെടുത്തി 23.10.24 ന് നൽകിയ 21 നമ്പർ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി നൽകിയിട്ടില്ല.
ക്യാമറകൾ പ്രവർത്തനക്ഷമമാക്കാത്തതിനാൽ പ്രവർത്തി ഏറ്റെടുത്ത വീഹ ടെക്നോളജീസിന് അനുവദിച്ച ₹327515/- തടസ്സപ്പെടുത്തുന്നു.
ഗ്രാന്റ് ഇലക്ട്രിക്കൽസിന് ഇലക്ട്രിഫിക്കേഷൻ പ്രവർത്തികൾക്ക് നൽകിയ ₹27113/- ഓഡിറ്റിൽ നിരാകരിയ്ക്കുന്നു.

## 3-4 കല്ലാർ യൂണിറ്റിൽ ബേയ്‌ലിംഗ് മെഷീൻ സ്ഥാപിയ്ക്കൽ- അപാകതകൾ

| | |
|---|---|
| പ്രോജക്ട് നമ്പർ, പേര് | 210/24, കല്ലാർ യൂണിറ്റിൽ ബേയ്‌ലിംഗ് മെഷീൻ സ്ഥാപിയ്ക്കൽ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| അടങ്കൽ തുക | ₹800000 |
| ഫണ്ടിനം | കേന്ദ്രാവിഷ്കൃത ഫണ്ട്-560000<br>ധനകാര്യകമ്മീഷൻ ഗ്രാന്റ്-240000 |
| ചെലവ് | കേന്ദ്രാവിഷ്കൃത ഫണ്ട്-560000<br>ധനകാര്യകമ്മീഷൻ ഗ്രാന്റ്-240000 |
| കരാറുകാരൻ | ഫ്ലോറെറ്റ് ടെക്നോളജീസ് |
| ബിൽ നം.,തീയതി, തുക₹ | 202/14.02.2024-560000<br>230/26.02.2024-240000 |

ഈ പ്രോജക്ടുമായി ബന്ധപ്പെട്ട അപാകതകൾ താഴെ ചേർക്കുന്നു.

I. ഇ-ടെണ്ടർ പ്രകാരം നടപ്പാക്കിയ ഈ പദ്ധതിയിൽ മെഷീന്റെ വീഡിയോ ഹാജരാക്കിയിട്ടില്ല എന്ന കാരണത്താൽ ലോവസ്റ്റ് ബിഡ്ഡറായ ഹൊറൈസൺ ടെക്നോളജീസിനെ ഒഴിവാക്കി സെക്കന്റ് ലോവസ്റ്റ് ആയ ഫ്ലോറെറ്റ് ടെക്നോളജീസിൽ നിന്നാണ് മെഷീൻ വാങ്ങിയിട്ടുള്ളത്. ബേയലിംഗ് മെഷീൻ സ്ഥാപിയ്ക്കാൻ ഹൊറൈസൺ ടെക്നോളജീസ് ₹525000/-യാണ് ക്വാട്ട് ചെയ്തിരുന്നത്. ₹800000/- ക്വോട്ട് ചെയ്ത ഫ്ലോറെറ്റ് ടെക്നോളജീസിനോട് വീഡിയോ ഹാജരാക്കാൻ ആവശ്യപ്പെട്ടതായോ, വീഡിയോ ഹാജരാക്കിയോ എന്നും ഫയലിൽ വ്യക്തമാക്കിയിട്ടില്ല.
Ii. വീഡിയോ ഹാജരാക്കണം എന്ന വ്യവസ്ഥ ടെണ്ടർ നോട്ടീസിൽ ഉൾപെടുത്തിയിരുന്നില്ല

Iii. വീഡിയോ ഹാജരാക്കണം എന്ന് 03.11.23,13.11.23 തിയതികളിലാണ് ഹൊറൈസൺ ടെക്നോളജീസിനോട് ആവശ്യപ്പെടുന്നത്.

എന്നാൽ ഫ്ലോറെറ്റ് ടെക്നോളജീസിന് 20.10.2023 ന് തന്നെ A1-200/2022 നമ്പറായി സപ്ലൈ ഓർഡർ നൽകിയിട്ടുണ്ട്. ഹൊറൈസൺ ടെക്നോളജീസിനെ വാങ്ങൽ പ്രക്രിയയിൽ നിന്നും ഒഴിവാക്കാൻ തീരുമാനിച്ചിരുന്നു എന്നാണ് ഇതിൽ നിന്നും വ്യക്തമാകുന്നത്. ഇത് ക്രമ വിരുദ്ധമായ നടപടിയാണ്.
Iv. ഫ്ലോറെറ്റ് ടെക്നോളജീസിന്റെ ഇൻവോയ്സിൽ ടെണ്ടറിൽ പറഞ്ഞ സ്പെസിഫിക്കേഷൻ ഒന്നും രേഖപ്പെടുത്തിയിട്ടില്ല.

V. പൂർത്തീകരണസാക്ഷ്യപത്രം, തുക അനുവദിയ്ക്കുന്നതിനുള്ള കമ്മിറ്റി തീരുമാനം എന്നിവ ഫയലിൽ ലഭ്യമാക്കിയിട്ടില്ല.

ഇതുമായി ബന്ധപ്പെട്ട് നൽകിയ 23.10.2024 ലെ 21 നമ്പർ ഓഡിറ്റ് എൽക്വയറിയ്ക്ക് മറുപടി ലഭിച്ചിട്ടില്ല. അപാകതകൾക്ക് മറുപടി നൽകേണ്ടതാണ്. ലോവസ്റ്റ് ബിഡ്ഡറുടെയും സെക്കന്റ് ലോവസ്റ്റ് ബിഡ്ഡറുടെയും തുകകൾ തമ്മിലുള്ള വ്യത്യാസമായ 800000 -525000= ₹275000/- യുടെ ചെലവ് നിരാകരിയ്ക്കുന്നു, ₹525000/- യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

# ഭാഗം -4
# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക (₹) | പ്രോജക്റ്റിന്റെ പേര് | ചെലവ് (₹) | ബാലൻസ് (₹) |
|---|---|---|---|---|---|
| ഇടുക്കി ജില്ലാ പഞ്ചായത്ത് | 2023-24 | 100,000 | സുവർണ്ണഭവനം (172/24) | 100000 | 0 |
| ഇടുക്കി ജില്ലാ പഞ്ചായത്ത് | 2023-24 | 195000 | പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് (18/2024) | 195000 | |
| ആകെ | | 295000 | | 295000 | |
| ബ്ലോക്ക് പഞ്ചായത്ത് | 2023-24 | 2200,000 | ലൈഫ് മിഷൻ ഭൂരഹിത ഭവന രഹിത കുടുംബങ്ങൾക്ക് ഭവനനിർമ്മാണത്തിന് സ്ഥലം വാങ്ങൽ എസ് സി(214/24) | 2200,000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2023-24 | 520,000 | ഭവനനിർമ്മാണം ലൈഫ് മിഷൻ(80/24) | 520,000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2023-24 | 600,000 | ലൈഫ് മിഷൻ ഭൂരഹിത ഭവന രഹിത കുടുംബങ്ങൾക്ക് ഭവനനിർമ്മാണത്തിന് സ്ഥലം വാങ്ങൽ ജനറൽ(81/24) | 600,000 | 0 |
| ആകെ | | 3320,000 | | | 3320,000 |

## 4-2 ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ

-- ഇല്ല --

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-4 വായ്പ/വായ്പ തിരിച്ചടവ്

ഇല്ല --

## 4-5 സ്ഥിരനിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | ₹500000 |
| തൻവർഷം നിക്ഷേപിച്ച തുക | 39699(പലിശ) |
| ആകെ | 539699 |
| തന്നാണ്ടിൽ പിൻവലിച്ച തുക | - |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 539699 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | നിക്ഷേപിച്ച തീയതി | കാലയളവ് | തുക ₹ | റിമാർക്സ് |
|---|---|---|---|---|---|
| 1 | ഇടുക്കി ജില്ലാ പഞ്ചായത്ത് എംപ്ലോയീസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി നെടുംങ്കണ്ടം | 13-09-2022 | 2 വർഷം | 39699 | എഫ് ഡി നം 0354 |

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23 വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1995-96 | 4 | 1999-2000 | | പണപ്പിരിവിലെ ക്രമക്കേടുകൾ | ലഭ്യമല്ല |
| 1997-98 | 39 | 1999-2000 | | ഇടമലക്കുടി ആദിവാസി കോളനി മരാമത്ത് വേല നടത്തിയതിന് രേഖയില്ല | -ടി- |

| | | | | | |
|---|---|---|---|---|---|
| 1997-98 | 49 | 1999-2000 | | മുൻകൂർ ക്രമീകരിച്ചിട്ടില്ല | -ടി- |
| 1997-98 | 46 | 1999-2000 | | സ്റ്റോക്ക് പർച്ചേസ് നിയമം പാലിക്കാതെ വാങ്ങൽ | -ടി- |
| 2001-02 | 2-5 | 2005-2006 | | ഷോപ്പിംഗ് കോംപ്ലക്സ് വാടക ഈടാക്കുന്നില്ല – നഷ്ടം | -ടി- |
| പ്രവർത്തന അവലോകനം | പേജ് നം.161 | 2013-2014 | 5-3 | വികേന്ദ്രീകൃതാസൂത്രണവും വ്യവസായ സംരംഭങ്ങളും | തൽസ്ഥിതി തുടരുന്നു |
| 2002-03 | 2-1 | 2006-07 | 3.35.3 | നിയമപരമായ രജിസ്റ്ററുകൾ എഴുതുന്നില്ല | തൽസ്ഥിതി തുടരുന്നു |
| 2011-12 | 3-5 | 2014-15 | 6-9 | പേപ്പർ ക്യാരിബാഗ് നിർമ്മാണ യൂണിറ്റ് 22.9 ലക്ഷം രൂപയുടെ യന്ത്രങ്ങൾ നിഷ്ക്രിയാവസ്ഥയിൽ | -ടി- |
| | | 2014-15 | 4-1-4 | വിഷയാധിഷ്ഠിത അവലോകനം- നിഷ്ക്രിയ ആസ്തികൾ | -ടി- |
| 2012-13 | 3-3 | പേജ് നം. 132, 136 | | പ്രവർത്തനാവലോകനം- ആരോഗ്യമേഖല | -ടി- |
| | | 2015-16 | 3-6-1 | പ്രവർത്തനക്ഷമതാ ഓഡിറ്റ് റിപ്പോർട്ട്-തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ പട്ടികജാതി/ പട്ടികവർഗ്ഗ പദ്ധതികളുടെ നിർവ്വഹണം | -ടി- |
| | | 2015-16 | 5-1-1<br>5-1-5<br>(പേജ് നം. 49-53 & 184-185) | കെട്ടിട നിർമ്മാണ പെർമിറ്റ്- പോരായ്മകൾ | -ടി- |
| 2013-14 | 3-1 | 2015-16 | 8-7 | മൂന്നാർ സോൺവേസ്റ്റ് മാനേജ്മെന്റ്-ശ്രദ്ധേയമായ ഓഡിറ്റ് നിരീക്ഷണങ്ങൾ | -ടി- |
| 2015-16 | 2-3 | 2016-17 | അനുബന്ധം-4 (പേജ്-180) | വസ്തുനികുതി-അപാകതകൾ | -ടി- |
| 2015-16 | 2-2 | 2016-17 | അനുബന്ധം-5 | തൊഴിൽനികുതി | -ടി- |
| 2016-17 | - | 2017-18 | അനുബന്ധം-7 (പേജ് 505) | ടൂറിസ്റ്റ് ടാക്സി പാർക്കിംഗ് സെന്റർ – പി.ഡബ്ല്യു.ഡി-യിൽ തുക നിക്ഷേപിച്ചത് - | |

## 4-8 ചാർജ് സർചാർജ് സർട്ടിഫിക്കറ്റിന്റെ വിവരം

(എ) ചാർജ് നടപടികളുടെ വിവരം

– ഇല്ല -

(ബി) സർച്ചാർജ് നടപടികളുടെ വിവരം

– ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| മുന്നിരിപ്പ് | ₹28325238 |
| വരവ് | 74829157 |
| ആകെ | 103154395 |
| ചെലവ് | 70599792 |
| നീക്കിയിരിപ്പ് | 32554603 |
| കുറിപ്പ് :- പഞ്ചായത്തിന്റെ 2022-23 ലെ റെസീപ്റ്റ് & പേയ്മെന്റ് പത്രിക പ്രകാരമുള്ള വിവരങ്ങളാണു മേൽ ചേർത്തിരിക്കുന്നത് | |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 412466 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 21598964 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | ചാർജ്ജ് ചെയ്യാവുന്ന തുക (₹) | സർചാർജ്ജ് ചെയ്യാവുന്ന തുക (₹) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| 1-22 | | 20553 | ദീപേഷ് നാഥ് അസി. എഞ്ചിനീയർ |
| 1-25 | | 27113 | ശ്രീ.സഹജൻ.കെ.എൻ, സെക്രട്ടറി |
| 1-29 | | 89800 | ശ്രീ.സനിൽകുമാർ.എ.എസ് അസിസ്റ്റന്റ് സെക്രട്ടറി |

| | | | |
|---|---|---|---|
| 1-38 | | 275000 | ശ്രീ.സഹജൻ.കെ.എൻ, സെക്രട്ടറി |
| 1-40 | | 60180/- | ശ്രീ.സനിൽകുമാർ.എ.എസ്<br>അസിസ്റ്റന്റ് സെക്രട്ടറി |
| | ആകെ | 412466 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക (₹) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-21 | 200000 | ശ്രീ.സഹജൻ.കെ.എൻ, സെക്രട്ടറി |
| 1-25 | 327515 | ശ്രീ.സഹജൻ.കെ.എൻ, സെക്രട്ടറി |
| 1-29 | 375600 | ശ്രീ.സഹജൻ.കെ.എൻ, സെക്രട്ടറി |
| 1-32 | 337100 | അനുമോൾ ആഗസ്റ്റി,ഐ.സി.ഡി.എസ്.സൂപ്പർവൈസർ |
| 1-33 | 445300 | അനുമോൾ ആഗസ്റ്റി,ഐ.സി.ഡി.എസ്.സൂപ്പർവൈസർ |
| 1-36 | 9560843 | ശ്രീ സഹജൻ.കെ.എൻ, സെക്രട്ടറി-7607948<br>ശ്രീ സനിൽകുമാർ.എം.എസ്, സെക്രട്ടറി ഇൻചാർജ്-1952895 |
| 1-37 | 1881132 | ശ്രീ.സഹജൻ.കെ.എൻ, സെക്രട്ടറി-649272<br>ശ്രീ.സനിൽകുമാർ.എ.എസ്, അസി.സെക്രട്ടറി-1231860 |
| 1-38 | 525000 | ശ്രീ.സഹജൻ.കെ.എൻ, സെക്രട്ടറി |
| 1-40 | 736320 | ശ്രീ.സനിൽകുമാർ.എ.എസ്, അസി.സെക്രട്ടറി |
| 1-41 | 383766 | ശ്രീ.സനിൽകുമാർ.എ.എസ്, അസി.സെക്രട്ടറി |
| 1-42 | 300000 | ശ്രീ.സനിൽകുമാർ.എ.എസ്, അസി.സെക്രട്ടറി |
| 1-43 | 74730 | ശ്രീ.സനിൽകുമാർ.എ.എസ്, അസി.സെക്രട്ടറി |
| 1-44 | 5388000 | ശ്രീ.സനിൽകുമാർ.എ.എസ്, അസി.സെക്രട്ടറി |
| 1-45 | 125000 | ശ്രീ.സനിൽകുമാർ.എ.എസ്, അസി.സെക്രട്ടറി |
| 1-50 | 30000 | ശ്രീ.സഹജൻ.കെ.എൻ, സെക്രട്ടറി |
| 1-51 | 18750 | ശ്രീമതി. ജയന്തി .ജെ, കൃഷി ഓഫീസർ |
| 1-52 | 300000 | ശ്രീ.സഹജൻ.കെ.എൻ, സെക്രട്ടറി |
| 1-53 | 127400 | ശ്രീമതി ജയന്തി .ജെ,കൃഷി ഓഫീസർ |
| ആകെ | 21918964 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം
– ഇല്ല -
(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ
– ഇല്ല -
(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായ വരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ<br>(ഓഡിറ്റ് നടന്ന സമയത്തെ)<br>ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. സനിൽകുമാർ.എ.എസ്<br>അസിസ്റ്റന്റ് സെക്രട്ടറി | അസിസ്റ്റന്റ് സെക്രട്ടറി<br>കുളത്തൂർ ഗ്രാമപഞ്ചായത്ത്<br>തിരുവനന്തപുരം ജില്ല | മംഗലം ഹൗസ്<br>കാഞ്ഞിരപ്പുഴ പി.ഒ<br>തിരുവനന്തപുരം |
| അനുമോൾ ആഗസ്റ്റി<br>ഐ.സി.ഡി.എസ്.സൂപ്പർവൈസർ | ഐ.സി.ഡി.എസ്.സൂപ്പർവൈസർ<br>കടപ്ലാമറ്റം ഗ്രാമപഞ്ചായത്ത്<br>കോട്ടയം ജില്ല | പ്ലാത്തോട്ടത്തിൽ<br>കുറവിലങ്ങാട് പി.ഒ<br>കോട്ടയം ജില്ല<br>686633 |
| ശ്രീ.സഹജൻ.കെ.എൻ,<br>സെക്രട്ടറി | സർവീസിൽ നിന്നും വിരമിച്ചു | കടായത്ത് വീട്,<br>അടിമാലി പി. ഒ.,<br>അടിമാലി |
| ജയന്തി. ജെ<br>കൃഷി ഓഫീസർ | കൃഷി ഓഫീസർ<br>മൂന്നാർ ഗ്രാമപഞ്ചായത്ത് | ജയന്തി. ജെ<br>698/ നിരഞ്ജനഭവൻ<br>എസ്.എൻ പടി അടിമാലി<br>685561 |
| ദീപേഷ് നാഥ് അസി. എഞ്ചിനീയർ | അസി. എഞ്ചിനീയർ<br>മൂന്നാർ ഗ്രാമപഞ്ചായത്ത് | പാച്ചേരിൽ വീട്<br>കൂവക്കണ്ടം പി ഒ<br>പൂമാല |

**4-10 തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ**

താഴെ കൊടുത്തിരിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാതെ അവശേഷിക്കുന്നു. തടസ്സങ്ങൾ പരിഹരിക്കുന്നതിന് സത്വര നടപടി സ്വീകരിക്കേണ്ടതാണ്.

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ |
|---|---|---|---|
| 1997-98 | കെ.എസ്.എ.ഐ.ഡി.കെ.പി-5/1442 (അദാലത്ത്) /2022 തീ. 26.09.2022 | 5 | 29, 37, 38, 39, 49 |
| 1998-99 | കെ.എസ്.എ.ഐ.ഡി.കെ.പി-5/1442 (അദാലത്ത്)/2022 തീ. 26.09.2022 | 13 | 20(1,2,3), 38, 40, 41, 42, 46, 50, 51, 52, 53, 54, 58(ബി, സി, ഡി), 59 |
| 1999-00 | കെ.എസ്.എ.ഐ.ഡി.കെ.പി-5/1442 (അദാലത്ത്)/2022 തീ. 26.09.2022 | 11 | 22(ബി, സി), 23(ബി, സി), 24, 26, 33, 35, 36, 37, 38, 39, 40 |
| 2001-02 | കെ.എസ്.എ.ഐ.ഡി.കെ.പി-5/1442 (അദാലത്ത്)/2022 തീ. 26.09.2022 | 3 | 2-5, 3-5, 3-8 |
| 2002-03 | കെ.എസ്.എ.ഐ.ഡി.കെ.പി-5/1442 (അദാലത്ത്)/2022 തീ. 26.09.2022 | 10 | 2-2, 2-3 (എ,ബി,സി), 2-4, 2-8, 3-5, 3-8, 3-9, 3-10, 3-12, 3-14 |
| 2003-04 | കെ.എസ്.എ.ഐ.ഡി.കെ.പി-5/1442 (അദാലത്ത്)/2022 തീ. 26.09.2022 | 1 | 3-15 |
| 2005-06 | കെ.എസ്.എ.ഐ.ഡി.കെ.പി-5/1442 (അദാലത്ത്)/2022 തീ. 26.09.2022 | 2 | 3-2, 3-11 |
| 2006-07 | കെ.എസ്.എ.ഐ.ഡി.കെ.പി-5/1442 (അദാലത്ത്)/2022 തീ. 26.09.2022 | 4 | 3-10, 3-11, 3-12, 3-17 |
| 2007-08 | കെ.എസ്.എ.ഐ.ഡി.കെ.പി-5/1442 (അദാലത്ത്)/2022 തീ. 26.09.2022 | 3 | 3-10, 3-12, 3-13 |
| 2008-09 | കെ.എസ്.എ.ഐ.ഡി.കെ.പി-5/1442 (അദാലത്ത്)/2022 തീ. 26.09.2022 | 3 | 3-10, 3-11, 3-12 |
| 2009-10 | കെ.എസ്.എ.ഐ.ഡി.കെ.പി-5/1442 (അദാലത്ത്)/2022 തീ. 26.09.2022 | 3 | 3-4, 3-5, 3-6 |
| 2010-11 | കെ.എസ്.എ.ഐ.ഡി.കെ.പി-5/1442 (അദാലത്ത്)/2022 തീ. 26.09.2022 | 7 | 3-2, 3-3, 3-4, 3-5, 3-6, 3-7, 3-8 |
| 2011-12 | എൽ.എഫ്.ഐ.-14/215/15/ തീ. 01.04.15 | 20 | 2-1 മുതൽ 2-5 വരെ, 3-1, 3-2, 3-4, 3-5, 3-6, 3-8 മുതൽ 3-17 വരെ |

| | | | |
|---|---|---|---|
| 2012-13 | കെ.എസ്.എ-ഐ.ഡി.കെ-14/<br>60/16/തീ. 07.01.16 | 16 | 2-1, 2-2, 2-3,<br>3-1 മുതൽ 3-13 വരെ |
| 2013-14 | കെ.എസ്.എ-ഐ.ഡി.കെ-14/<br>405/16/തീ. 16.04.16 | 15 | 2-1,2-2, 2-3, 2-4,<br>3-1 മുതൽ 3-11 വരെ |
| 2014-15 | കെ.എസ്.എ-ഐ.ഡി.കെ. 14/<br>246/17/തീ. 15.03.17 | 19 | 2-1 മുതൽ 2-7 വരെ<br>3-1 മുതൽ 3-12 വരെ |
| 2015-16 | കെ.എസ്.എ-ഐ.ഡി.കെ. 14/<br>13/ 18/തീ. 03.08.18 | 12 | 2-1, 2-2, 2-3,<br>3-1 മുതൽ 3-9 വരെ |
| 2016-17 | കെ.എസ്.എ-ഐ.ഡി.കെ.14/<br>1310/17/തീ. 22.01.18 | 14 | 2-1, 2-2, 2-3, 2-4, 3-2,<br>3-3, 3-4(2), 3-5, 3-6, 3-7,<br>3-9, 3-10, 3-11, 3-12 |
| 2017-18 | കെ.എസ്.എ-ഐ.ഡി.കെ.14/<br>936/തീ. 08.10.18 | 21 | 2-1 മുതൽ 2-6 വരെ<br>3-1 മുതൽ 3-15 വരെ |
| 2018-19 | KSA IDK14/1187/2019/<br>9.3.2020/തീ. 28.5.2020 | 28 | 1-12 മുതൽ 1-23 വരെ<br>1-25 മുതൽ 1-31 വരെ<br>1-33, 1-35, 1-36, 1-37, 1-38,<br>3-1, 4-8, 4-9, 4-11 |
| 2019-20 | നം.കെ.എസ്.എ.ഐ.ഡി.കെ-13/<br>1188/21/തീ. 15/06/2022 | 9 | 1-8 മുതൽ 1-14 വരെ,<br>3-1, 4-11 |
| 2020-21 | നം.കെ.എസ്.എ.ഐ.ഡി.കെ-13/<br>1189/21/തീ. 15/06/2022 | 10 | 1-8 മുതൽ 1-15 വരെ,<br>1-17, 4-11 |
| 2021-22 | കെ.എസ്.എ.ഐ.ഡി.കെ.പി.5-418/<br>2023/തീ. 30/04/2023 | 41 | 1-1 മുതൽ 1-27 വരെ<br>4-1 മുതൽ 4-11 വരെ |
| 2022-23 | കെ.എസ്.എ.ഐ.ഡി.കെ.പി.5-1182A/<br>2023/തീ. 15/12/2023 | 28 | 1 1-1-2, 1-1-7, 1-8,1-9,1-11 മുതൽ 1-20 വരെ,,1-22 മുതൽ 1-28 വരെ,<br>4-7 |

**ഡെപ്യൂട്ടി ഡയറക്ടർ**
**ഇടുക്കി**

**Annexure-1**
**Audit Certificate**

i. I have audited the attached Financial statements approved vide resolution number 9(1) dated 9(1) dated 22-06-2024 and submitted on 28-06-2024 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2024 and Balance sheet as on 31-03-2024 , with supporting forms, of the Munnar Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.
ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.
iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,
I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2023-2024 and Financial position of Munnar Grama Panchayat as on 31-03-2024

**Date: 13/12/2024** **Deputy Director**

**Kerala State Audit Department**

**Audit Report appended to the Audit Certificate of Munnar Grama Panchayat for the Year 2023-2024.**

**1.Major Observations**

-

**2.Other Observations**

1. Asset Register is not updated. So the Asset value shown in Balance Sheet is not traceable to Asset register.

2. Non inclusion of ratios in finacial statements. Non inclusion of Notes to accounts in Financial statements and non disclosure of material facts.

3. cash flow statement- Net increase/decrease in cash flow does not match with the difference between the opening balance and closing balance of cash and cash equivalents.

4. Deposit register is not maintained.

5. Lapses in making timely and accurate demand entries in respect of tax and non tax revenue

6. Lack of authenticated journal Vouchers for, supporting the adjustment entries recorded in prior period items

7. Tax and non tax demand registers are not periodically reconciled with accounts.

8. The supporting documents regarding balance in district panchayat share, for joint venture projects are not provided with the AFS.

9. Non disclosure of liability

10. CFC -tied expenditure mismatch with Afs

11. MNREGS administrative expenditure is mismatch with I-14(F) shedule and head no 320100128

12. Non disclosure of Bank account details SBI 61917 and Federal Bank 8080.

## അനുബന്ധം-2
## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ഇടുക്കി ജില്ലയിലെ മൂന്നാർ ഗ്രാമപഞ്ചായത്തിന്റെ 2023-2024 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ഇടുക്കി
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്